## അല്ലാഹുവിന്റെ വചനം

هُوَ الَّذِيۡۤ اَرۡسَلَ رَسُوۡلَهٗ بِالۡهُدٰى وَ دِيۡنِ الۡحَقِّ لِيُظۡهِرَهٗ عَلَى الدِّيۡنِ كُلِّهٖ وَلَوۡ كَرِهَ الۡمُشۡرِكُوۡنَ ۝١٠

തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ; അദ്ദേഹം അതിനെ എല്ലാമതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി; ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി.(61:10)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُهٗ وَنُصَلِّیۡ عَلٰی رَسُوۡلِهِ الۡكَرِیۡمِ    وَعَلٰی عَبۡدِهِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَكُمُ اللّٰهُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّةٌ

വാല്യം 9

വാർഷിക വരിസംഖ്യ 600 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 7-8

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ഫെബ്രുവരി 15-22 /ഹി.ശം. 1403 തബ്‌ലീഗ് 15-22/ ഹിജ്റ 1445 ശഅ്ബാൻ 4-11


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

# ‘നിന്റെ അനുഗ്രഹങ്ങളുടെ നൂർ വീണ്ടും വെളിപ്പെടുത്തുന്നതിനുവേണ്ടി നിന്നിൽനിന്നുതന്നെയും നിന്റെ സന്താനങ്ങളിൽനിന്ന് ഒരാൾ എഴുന്നേറ്റു നിറുത്തപ്പെടുന്നതായിരിക്കും.’

**സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുഖേന ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അനുഗ്രഹങ്ങളുടെ വെളിപ്പെടൽ**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

‘അല്ലാഹു എന്നോടു വാഗ്ദാനം ചെയ്തിരിക്കുന്നു: നിന്റെ അനുഗ്രഹങ്ങളുടെ നൂർ(ഒളി)വീണ്ടും വെളിപ്പെടുത്തുന്നതിനുവേണ്ടി നിന്നിൽനിന്നുതന്നെയും നിന്റെ സന്താനങ്ങളിൽനിന്ന് ഒരാൾ എഴുന്നേറ്റു നിറുത്തപ്പെടുന്നതായിരിക്കും. അവനിൽ ഞാൻ റൂഹുൽ ഖുദ്സിന്റെ-പരിശുദ്ധാത്മാവിന്റെ അനുഗ്രഹങ്ങൾ ഊതുന്നതായിരിക്കും. അവൻ പരിശുദ്ധനും അല്ലാഹുവുമായി പരിശുദ്ധ ബന്ധം വെക്കുന്നവനുമായിരിക്കും. മള്ഹറുൽ ഹഖ്ഖി വൽ അലാഇ-കഅന്നല്ലാഹ നസല മിനസ്സമാഇ അല്ലാഹു ആകാശത്തുനിന്നിറങ്ങിയതുപോലെ.’

**(തുഹ്ഫഗോൽഡവിയ, റൂഹാനീഖസാഇൻ വാല്യം 17, പേജ് 181)**

‘അല്ലാഹു അഖണ്ഡിതവും ദൃഢഗാഢവുമായ ഒരു പ്രവചനത്തിൽ എന്റെ സന്താനങ്ങളിൽനിന്നൊരാൾ ഉണ്ടാകുന്നതായിരിക്കുമെന്ന് എന്നിൽ വെളിപ്പെടുത്തിവച്ചിരിക്കുന്നു. അവന് പല കാര്യങ്ങളിലും മസീഹുമായി സാദൃശ്യമുണ്ടാകുന്നതായിരിക്കും. അവൻ ആകാശത്തിൽനിന്നിറങ്ങുകയും ഭൂമിയിൽ വസിക്കുന്നവരുടെ വഴി നേരെയാക്കുകയും ചെയ്യും. അവൻ ബന്ധനസ്ഥരെ മോചിപ്പിക്കുകയും സംശയങ്ങളുടെ ചങ്ങലകളിൽ കുടുങ്ങിക്കിടക്കുന്നവരെ സ്വതന്ത്രരാക്കുകയയും ചെയ്യും. വാത്സല്യപുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. മള്ഹറുൽ ഹഖ്ഖി വൽ അലാഇ-കഅന്നല്ലാഹ നസല മിനസ്സമാഇ ആദ്യന്തരഹിതനായ അല്ലാഹു പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ.’

**(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 180)**

‘അല്ലാഹു എന്നെ അറയിച്ചിരിക്കുന്നു:നിന്റെ ജമാഅത്തിനുവേണ്ടി നിന്റെ സന്താനങ്ങളിൽനിന്ന് ഒരാളെ നിലനിറുത്തുന്നതായിരിക്കും. അവനെ എന്റെ വഹ്‌യ്കൊണ്ടും സാമീപ്യംകൊണ്ടും പ്രത്യേകപ്പെടുത്തുന്നതായിരിക്കും. സത്യം അവൻ മുഖേന അഭിവൃദ്ധിപ്പെടുന്നതായിരിക്കും. ധാരാളമാളുകൾ സത്യം സ്വീകരിക്കുന്നതായിരിക്കും. അതിനാൽ ആ ദിനങ്ങൾ പ്രതീക്ഷിച്ചിരിക്കുക. എല്ലാ ഓരോരുത്തരെയും തിരിച്ചറിയുന്നതിന് ഒരു സമയമുണ്ടെന്ന കാര്യം ഓർക്കുക. അതിനുമുമ്പേ അവർ സാധാരണമനുഷ്യരായിട്ട് കാണപ്പെടാൻ സാധ്യതയുണ്ട്. അല്ലെങ്കിൽ ചില വഞ്ചിക്കുന്ന ചിന്താഗതികളാൽ ആക്ഷേപാർഹനാകാം. ഒരു സമ്പൂർണ മനുഷ്യനായിത്തീരേണ്ടവ്യക്തിയും ആദ്യം വയറ്റിൽ ഒരു രേതസ്കണമോ ഒട്ടിപിടിക്കുന്ന വസ്തുവോ ആകുന്നു.’

**(രിസാല അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 306, അടിക്കുറിപ്പ്)**


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ①

പത്രാധിപക്കുറിപ്പ്

## ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സ്ഥാനവും പദവിയും

മുസ്‌ലിഹ് മൗഊദ്, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പ്രതാപപരവും മഹത്ത്വപൂർണവുമായ സന്തോഷവാർത്തയുടെ അടിസ്ഥാനത്തിൽ 1889 ഫെബ്രുവരി 12-ാം തീയതി കാലത്തിന്റെ ഇമാം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ വീട്ടിൽ ഭൂജാതനായി. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടത്തെ കുറിച്ചുള്ള പ്രവചനങ്ങൾ നൂറ്റാണ്ടുകളായി വന്നുകൊണ്ടിരിക്കുന്നതാണ്. നബി(സ)തിരുമേനിയും അദ്ദേഹത്തെ കുറിച്ച് പ്രവചനം ചെയ്തു. അതായത് മസീഹ് മൗഊദിന്റെ ഒരു മകൻ അങ്ങേയറ്റം മഹത്ത്വവും സ്ഥാനവുമുള്ള ആളായിരിക്കുമെന്ന് അവിടന്ന് പ്രവചനം ചെയ്തിട്ടുണ്ട്. ആ മഹാത്മാവിന് മുമ്പേയും ശേഷവുമുള്ള ബഹുമാന്യരായ ആളുകളുടെ പ്രവചനങ്ങളും അതുസംബന്ധമായി ലഭിക്കുന്നുണ്ട്. ഈ എല്ലാ പ്രവചനങ്ങളും ഒരുമിച്ചു നോക്കുകയാണെങ്കിൽ തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മകൻ പ്രത്യേക സ്ഥാനവും മഹത്ത്വവുമുള്ള ആളായിരിക്കുമെന്ന് മനസ്സിലാകുന്നു. അതിന്റെ അനുമാനത്തിന്റേയും വിശദീകരണത്തിന്റേയും ശരിയായ അറിവ് അദ്ദേഹത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദിന്(അ) അല്ലാഹു നല്കിയ പ്രവചനത്തിൽനിന്നാണ് ലഭിക്കുന്നത്. ആ പ്രവചനം ഹദ്റത്ത് 'മുസ്‌ലിഹ് മൗഊദ്'എന്ന പേരിൽ ജമാഅത്തിൽ പ്രസിദ്ധമാണ്. ഈ പ്രവചനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ(റ)50-ൽപരം ഗുണഗണങ്ങൾ പറഞ്ഞിരിക്കുന്നു. എന്നാൽ, *കഅന്നല്ലാഹ നസല മിനസ്സമാഇ* അദ്ദേഹത്തിന്റെ ആഗമനവും 'അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെയാണ്'എന്ന അല്ലാഹുവിന്റെ വചനമാണ് ഹൃദയത്തിലും ബുദ്ധിയിലും സ്വാധീനം ചെലുത്തുന്നത്. ഇത് അല്ലാഹുവിന്റെ പിന്തുണയിലേക്കും സഹായത്തിലേക്കുമുള്ള സൂചനയാണ്. ഏതൊരാളുടെ ആഗമനം തന്റെ വരവായി അല്ലാഹു ഗണിച്ചിരിക്കുന്നുവോ ആ വ്യക്തി എത്രമാത്രം സ്ഥാനവും പദവിയുമുള്ള ആളായിരിക്കുമെന്ന കാര്യമൊന്ന് നല്ലപോലെ ചന്തിക്കേണ്ടതാണ്. നിസ്സംശയം അദ്ദേഹത്തിന്റെ വ്യക്തിത്വം ഒരു സാധാരണ വ്യക്തിത്വമായിരുന്നില്ല. പ്രത്യുത അദ്ദേഹം നൂറ്റാണ്ടുകളിലല്ല സഹസ്രാബ്ദങ്ങളിൽ ഒരിക്കൽ മാനവികതയുടെ ചക്രവാളത്തിൽ ഉദിച്ചുയരുന്ന ആദം സന്തതിളിൽനിന്നുള്ള വ്യതിരിക്തമായ ആളായിരുന്നു. അദ്ദേഹത്തിന്റെ പ്രകാശം ഒരു സന്താനത്തെയല്ല മറിച്ച് അളവറ്റ മനുഷ്യസന്താനങ്ങളെ തന്റെ പ്രകാശപൊലിമകൊണ്ട് പ്രഭാപൂരിതമാക്കുന്നു.

*കഅന്നല്ലാഹ നസല മിനസ്സമാഇ* എന്ന അല്ലാഹുവിൽനിന്നുള്ള ഈ അഭിവാദനം അങ്ങേയറ്റം തികവാർന്നതാണ്. ഇതിനെക്കാൾ തികവാർന്നത് സാധ്യമല്ല. ഇതു അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ലഭിച്ച സ്ഥാനവും പദവിയുമാണ്. ഇതിലൂടെ അദ്ദേഹത്തിന്റെ മഹത്ത്വം മനസ്സിലാകുന്നു. അദ്ദേഹം 52 വർഷംവരെ ഖിലാഫത്തുസ്ഥാനം അലങ്കരിച്ചു. ഈ കാലയളവിൽ അദ്ദേഹം ഇസ്‌ലാം അഹ്മദിയ്യത്തിനുവേണ്ടി നബിമാരുടെ മാത്രം സവിശേഷസ്വഭാവത്തിൽപ്പെട്ട അതിമഹത്തായ സേവനങ്ങളും പ്രവർത്തനങ്ങളും കാഴ്ചവെക്കുകയുണ്ടായി. അല്ലാഹു അദ്ദേഹത്തെ നബി എന്ന പേരിൽ സംബോധന ചെയ്തിട്ടില്ലെങ്കിലും അല്ലാഹു അദ്ദേഹത്തെക്കൊണ്ട് നബിമാർ ചെയ്യുന്ന പ്രവൃത്തിയാണ് ചെയ്യിച്ചത്. അദ്ദേഹം പറയുന്നു:

'ഞാൻ നിയോഗിക്കപ്പെട്ടയാളല്ല. എന്നാൽ, എന്റെ ശബ്ദം അല്ലാഹുവിന്റെ ശബ്ദമാണ്. എന്റെ സ്ഥാനം ഖിലാഫത്തിന്റേയും മാമൂരിയത്തിന്റേയും ഇടയിലുള്ള സ്ഥാനമാണ്.'

1936-ലെ മജ്‌ലിസെ ശൂറായുടെ അവസരത്തിൽ അദ്ദേഹം പറഞ്ഞു:

'ഖിലാഫത്തെന്നത് അല്ലാഹു ജനങ്ങളെക്കൊണ്ട് ഖലീഫയെ തിരഞ്ഞെടുപ്പിക്കുന്നതാണ്. പിന്നീട് അല്ലാഹു അതിനെ സ്വീകരിക്കുന്നു. എന്നാൽ, ഈ ഖിലാഫത്ത് അങ്ങനെയുള്ള ഖിലാഫത്തല്ല. അഥവാ ഞാൻ ഖലീഫയായത് ഹദ്റത്ത് ഖലീഫ അവ്വലിന്റെ വഫാത്തിന്റെ അടുത്ത ദിവസം അഹ്മദിയ്യ ജമാഅത്തിലെ ആളുകൾ ചേർന്നുകൊണ്ട് എന്റെ ഖിലാഫത്തിൽ ഐക്യം പ്രകടിപ്പിച്ചുവെന്നതുകൊണ്ട് മാത്രമല്ല. പ്രത്യുത ഹദ്റത്ത് ഖലീഫ അവ്വലിന്റെ ഖിലാഫത്തിനു മുമ്പേതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ വെളിപാടനുസരിച്ച് ഞാൻ ഖലീഫയാകുമെന്ന് പറഞ്ഞിരുന്നുവെന്നതുകൊണ്ടും ഞാൻ ഖലീഫയാണ്. അതിനാൽ **ഞാൻ ഖലീഫ മാത്രമല്ല, പ്രത്യുത വാഗ്ദത്തം ചെയ്യപ്പെട്ട ഖലീഫയാണ്.** ഞാൻ മാമൂറല്ല;എന്നാൽ, എന്റെ ശബ്ദം അല്ലാഹുവിന്റെ ശബ്ദമാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന ഇതിനെക്കുറിച്ചുള്ള വാർത്ത നല്കിയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ ഖിലാഫത്തിന്റെ സ്ഥാനം മാമൂരിയത്തിന്റേയും ഖിലാഫത്തിന്റേയുമിടയിലുള്ള സ്ഥാനമാണ്. അഹ്മദിയ്യ ജമാഅത്ത് ഇക്കാര്യം ഫലപ്രദമാക്കാതെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകേണ്ട അവസരമല്ല ഇത്. ഏതുപോലെ പ്രവാചകന്മാർ ദിനംപ്രതി വരികയില്ലെന്നത് ശരിയാണോ അതേപോലെ വാഗ്ദാനം ചെയ്യപ്പെട്ട ഖലീഫയും ദിനംപ്രതി വരികയില്ലെന്നത് ശരിയാണ്.'

(സവാനെഹ് ഫള്‌ലെ ഉമർ വാല്യം 4, പേജ് 508)

താഴെ നാം ചില മാർഗോപദേശങ്ങൾ സമർപ്പിക്കുകയാണ്. അതിൽനിന്ന് ഹദ്റത്ത് മുസ്‌ലിഹമൗഊദ്(റ)ന്റെ അതിമഹത്തായ സ്ഥാനത്തേയും പദവിയേയും സേവനങ്ങളേയും ജ്ഞാനത്തേയും അല്ലാഹുവുമായുള്ള ബന്ധത്തേയും കുറിച്ച് മനസ്സിലാക്കാൻ കഴിയുന്നതാണ്. *ജരിയുല്ലാഹി ഫീ ഹുലലിൽ അമ്പിയായി.*(അല്ലാഹുവിന്റെ ഫയൽമാൻ നബിമാരുടെ വസ്ത്രത്തിൽ)എന്ന ആളുടെ മകനും അദ്ദേഹത്തിന്റെ സദൃശനും അദ്ദേഹത്തെപ്പോലെ ഇസ്‌ലാമിന്റെ ഉന്നതനായ ഒരു യോദ്ധാവുമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അദ്ദേഹത്തിന്റെ മുന്നിൽ വായതുറക്കാനുള്ള ധൈര്യം ആർക്കുമുണ്ടായിരുന്നില്ല. അദ്ദേഹം പറയുന്നു:

'ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷം മുഴുലോകത്തേയും ഞാൻ വെല്ലുവിളിക്കുകയാണ് ഇസ്‌ലാമിന്നെതിരിൽ തന്റെ മതമാണ് സത്യമെന്ന് ഉറച്ചു വിശ്വസിക്കുന്നവർ വരിക ഞാനുമായി മത്സരിക്കുക. ഇസ്‌ലാം മാത്രമാണ് ജീവനുള്ള മതമെന്നും ഒരു മതത്തിനും അതിന്നെതിരിൽ പിടിച്ചുനിൽക്കാൻ സാധിക്കുകയില്ലെന്നും എനിക്ക് അനുഭവത്തിലൂടെ വ്യക്തമായിരിക്കുന്നു. കാരണം ബാഹ്യമായ മാർഗങ്ങൾ തികച്ചും എതിരായിരിക്കുന്ന അവസ്ഥകളിലും അല്ലാഹു നമ്മുടെ പ്രാർഥനകൾ കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് ഇസ്‌ലാം ജീവനുള്ള മതമാണെന്നതിന് ഏറ്റവും വലിയ അടയാളം. ആർക്കെങ്കിലും ഇക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ വരികയും പരീക്ഷിച്ചു നോക്കുകയും ചെയ്യുക. തങ്ങളുടെ മതമാണ് ജീവനുള്ള മതമെന്ന് ആർക്കെങ്കിലും ദൃഢമായ വിശ്വാസമുണ്ടെങ്കിൽ വരിക! അവരുമായുള്ള അല്ലാഹുവിന്റെ ബന്ധത്തിന്റേയും സ്നേഹത്തിന്റേയും തെളിവു നല്കുക. അല്ലാഹുവിന് അവരുമായി സ്നേഹമുണ്ടെങ്കിൽ ഈ മത്സരത്തിൽ തീർച്ചയായും അവൻ അവരെ സഹായിക്കും. ഇക്കാര്യത്തിൽ അല്ലാഹു ആരെയാണ് സഹായിക്കുന്നതെന്നും ആരുടെ പ്രാർഥനയാണ് സ്വീകരിക്കുന്നതെന്നും തെളിയുന്നതിനുവേണ്ടി മത്സരത്തിനു വരാൻ ഞാൻ വെല്ലുവിളിക്കുന്നു. ആളുകളെ ഈ മത്സരത്തിന് നിയോഗിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ, ഓരോരുത്തരും എഴുന്നേറ്റുനിന്നുകൊണ്ട് താൻ മത്സരത്തിന് തയ്യാറാണെന്ന് പറയുകയല്ല വേണ്ടത്. പ്രത്യുത ഏതെങ്കിലും മതത്തിന്റേയോ വിഭാഗത്തിന്റേയോ പ്രതിനിധികളാണ് മത്സരത്തിന് ഹാജരാവേണ്ടത്. അപ്പോൾ അല്ലാഹു ആരുടെ ദുആയാണ് സ്വീകരിക്കുന്നതെന്ന് ലോകർക്ക് മനസ്സിലാകും. നമ്മുടെ ദുആ സ്വീകരിപ്പെടുമെന്ന് നാം ഉറപ്പായും പറയുന്നു. എന്നാൽ, ഖേദകരമെന്നു പറയട്ടെ പലമതങ്ങളുടേയും നേതാക്കന്മാർ ഈ മത്സരത്തിനു വരാൻ ഭയപ്പെടുകയാണ്. അവർ മത്സരത്തിനു വരികയാണെങ്കിൽ പിന്നീട് അവർക്ക് ഒരിക്കലും മത്സരത്തിൽ വരാൻ ധൈര്യമുണ്ടാകാത്തവിധം അവർ പരാജയപ്പെടുന്നതായിരിക്കും.'

(സിൻദ മദ്ഹബ്, അൻവാറുൽ ഉലൂം, വാല്യം 3, പേജ് 612)

വീണ്ടും പറയുന്നു:

'ലോകത്ത് ഒരു അറിവും അതിന്റെ അടിസ്ഥാനം ഞാനറിയാതെ കണ്ടില്ല. ഞാൻ ആ അറിവ് പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥം വായിക്കാതെതന്നെ അല്ലാഹു എനിക്ക് അതിനെ സംബന്ധിച്ചുള്ള ജ്ഞാനം നല്കിയിരിക്കു

(ശേഷം പേജ് 22ൽ)

ബദ്ർ ആഴ്ചപ്പതിപ്പ് "മുസ്‌ലിഹ് മൗഊദ്" സ്പെഷ്യൽ പതിപ്പ്"

| വിഷയങ്ങൾ | പേജ് നമ്പർ |
|---|---|
| ഖുത്ബ ജുമുഅ 2024 ജനുവരി 12 | 3 |
| ഖബറുകളുടെമേൽ പുഷ്പവർഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ ഒരു നിർദേശവും അതിന്റെ യുക്തിയും | 9 |
| ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തേജോവിലാസം | 10 |
| അന്വേഷണക്കോടതിയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിശദീകരണം | 11 |
| ഹുസൂർ തിരുമനസ്സിന്റെ അയർലന്റ് പര്യടനം റിപ്പോർട്ട് | 16 |
| തഹ്‌രീക്കെ ജദീദിന്റെ ചരിത്രപശ്ചാത്തലം | 18 |

## ഖുത്ബ ജുമുഅ

- യുദ്ധത്തിൽ ഏറ്റവും വലിയ ധീരനാണെന്ന് മനസ്സിലാക്കപ്പെട്ടിരുന്ന ആളായിരുന്നു നബി(സ)തിരുമേനിയുടെ അടുത്തുണ്ടായിരുന്നത്. കാരണം അവിടന്ന് വളരെ അപകടകരമായ സ്ഥലത്താണ് ഉണ്ടായിരുന്നത്. സുബ്ഹാനല്ലാഹ്! എന്തൊരു തേജോവിലാസമാണ്.(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- നബി(സ)തിരുമേനി ഉഹുദ് ദിവസം സ്വഹാബാക്കളുടെ ഒരു സംഘത്തോട് മരിക്കാൻ തയ്യാറാണെന്നുള്ള ബയ്അത്ത് വാങ്ങിയിരുന്നു. പ്രത്യക്ഷത്തിൽ മുസ്‌ലിമീങ്ങൾക്ക് പരാജയം നേരിട്ടപ്പോൾ അവർ സ്ഥിരചിത്തരായി നിലകൊണ്ടു. തങ്ങളുടെ ജീവനെ അഗണിച്ചുകൊണ്ട് നബി(സ)തിരുമേനിയെ കാത്തുകൊണ്ടിരുന്നു. അങ്ങനെ അവരിൽ പലരും ശഹീദായി.
- ഇബ്നു ഇസ്ഹാഖ് എഴുതിയിരിക്കുന്നു: അവിശ്വാസികൾ നബി(സ)തിരുമേനിക്കു ചുറ്റും കൂടിയപ്പോൾ അവിടന്നു ചോദിച്ചു. മൻ റജുലുൻ യശ്‌രീലനാ നഫ്സുഹു നമുക്കുവേണ്ടി തന്നെ വിൽക്കാൻ തയ്യാറായവനാരാണുള്ളത്? അപ്പോൾ സിയാദ് ബിൻ സക്കൻ അഞ്ച് അൻസ്വാരി സ്വഹാബത്തിനോടൊപ്പം എഴുന്നേറ്റുനിന്നു. ചിലർ പറയുന്നത് അത് ഉമ്മാറ ബിൻ യസീദ് ബിൻ സക്കൻ ആയിരുന്നു എന്നാണ്.
- ഗുരുതരമായി പരിക്കേറ്റ സിയാദ് വളരെ പ്രയാസപ്പെട്ട് തന്റെ തല ഉയർത്തുകയും നബി(സ)തിരുമേനിയുടെ പരിശുദ്ധ പാദത്തിൽവെക്കുകയും ചെയ്തു. ആ അവസ്ഥയിലാണ് അദ്ദേഹം ജീവൻ വെടിഞ്ഞത്.
- നബി(സ)തിരുമേനിക്ക് ചുറ്റിലുമുണ്ടായിരുന്ന സ്വഹാബാക്കൾ ജീവത്യാഗമാണ് കാഴ്ചവെച്ചത്. ചരിത്രത്തിൽ അതിന് തത്തുല്യമായത് കാണിക്കാൻ കഴിയില്ല. ഇവർ ഇയ്യാംപാറ്റകളെപോലെ നബി(സ)തിരുമേനിയുടെ ചുറ്റിലും കറങ്ങിക്കൊണ്ടിരുന്നു. അവർ തങ്ങളുടെ ജീവൻവച്ചാണ് കളിച്ചത്. എല്ലാ ആക്രമണത്തേയും സ്വഹാബാക്കൾ സ്വയം നെഞ്ചേറ്റി നബി(സ)തിരുമേനിയെ സംരക്ഷിച്ചിരുന്നു. അതോടൊപ്പം ശത്രുവിനെ ആക്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.
- നബി(സ)തിരുമേനി തന്നെയാണ് ലോകത്തിലെ യുദ്ധചരിത്രങ്ങളിൽ ഏറ്റവും നല്ല സൈന്യാധിപനും സത്വരഗതിയിൽ യുക്തിഭദ്രമായ തീരുമാനമെടുക്കുന്ന ആളായിട്ടും അംഗീകരിക്കപ്പെടുന്നത്.
- ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ അനുഗ്രഹീതമായ ചരിത്രവിവരണം
- പീഢിതരായ ഫലസ്തീൻകാർക്കും ആഗോളയുദ്ധത്തിൽനിന്ന് രക്ഷപ്പെടുന്നതിനും ദുആയ്ക്കാഹ്വാനം
- ഇസ്റാഈൽ ഇപ്പോൾ ലബ്നോണിന്റെ അതിർത്തിയിലും ഹിസ്ബുല്ലയ്ക്കെതിരിൽ യുദ്ധകേന്ദ്രം ആരംഭിക്കുകയാണ്. അതുകൊണ്ട് അവസ്ഥകൾ കൂടുതൽ വഷളാകുന്നതാണ്. അതുപോലെ അമേരിക്കയും ബ്രിട്ടനും യമനിലെ ഹൗഥീ ഗോത്രങ്ങൾക്കെതിരിലും യുദ്ധകേന്ദ്രങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതെല്ലാം യുദ്ധം കൂടുതൽ വിപുലമാക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ എല്ലാ എഴുത്തുകാരും ആഗോളയുദ്ധത്തിന്റെ അടയാളങ്ങൾ വളരെ സമീപസ്ഥമായി കാണപ്പെടുന്നുവെന്ന് എഴുതിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഒരുപാട് ദുആ ചെയ്യേണ്ടത് അനിവാര്യമാണ്. അല്ലാഹു മനുഷ്യകുലത്തിന് ബുദ്ധിയും വിവേകവും പ്രദാനം ചെയ്യുമാറാകട്ടെ.
- ഫലസ്തീനിലെ അബൂ ഹിൽമീ മുഹമ്മദ് ഉകാശ സാഹിബ്, ഹയ്ദർ അലി സഫ്ർ സാഹിബിന്റെ ഭാര്യ അമത്തുന്നസീർ സഫ്ർ സാഹിബ, ഹബീബുല്ലാഹ് കാഹ്‌ലൂൻ സാഹിബിന്റെ ഭാര്യ നസീമ അഖ്തർ സാഹിബ, റശീദ് അഹ്മദ് ഉമീർ സാഹിബിന്റെ ഭാര്യ മുബാറക്ക ബീഗം സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2024 ജനുവരി 12/1403 സ്വുൽഹ് 12**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഉഹുദ് യുദ്ധത്തിലുണ്ടായ നബി(സ)തിരുമേനിയുടെ ചരിത്രത്തെ പറ്റിയാണ് പറഞ്ഞുവന്നിരുന്നത്. ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ ഇപ്രകാരമാകുന്നു. നബി(സ)തിരുമേനി (യുദ്ധത്തിൽ) മറ്റുള്ളവരേക്കാളും ശത്രുക്കളുടെ ഏറ്റവുമടുത്താണ് ഉണ്ടായിരുന്നത്. നബി(സ)തിരുമേനിയുടെ കൂടെ 15 പേർ ധൈര്യപൂർവ്വം നിൽക്കുകയുണ്ടായി. 8 പേർ മുഹാജിരീങ്ങളായിരുന്നു. അവർ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്, ഹദ്റത്തസഅ്ദ് ബിൻ അബീവഖാസ്, ഹദ്റത്ത് അബുഉബയ്ദ ബിൻ ജർറാഹ് എന്നിവരായിരുന്നു. 7 പേർ അൻസ്വാരിൽപെട്ടവരായിരുന്നു. ഹദ്റത്ത് ഖബ്ബാബ് ബിൻ മുൻദിർ, ഹദ്റത്ത് അബൂദുജാന, ആസ്വിം ബിൻ ഥാബിത്ത്, ഹാരിഥ് ബിൻ സ്വിമ്മ, സഹ്ൽ ബിൻ ഹുനയ്ഫ്, സഅ്ദ് ബിൻ മുആദ്. ചിലർ സഅ്ദ് ബിൻ ഉബാദയായിരുന്നുവെന്ന് പറയുന്നുണ്ട്. മുഹമ്മദ് ബിൻ മസ്‌ലമയും ഉണ്ടായിരുന്നു. ചിലർ പറയുന്നു: നബി(സ)തിരുമേനിയുടെ കൂടെ 30 പേർ ഉറച്ചു നിൽക്കുകയുണ്ടായി. എല്ലാവരും തന്റെ മുഖം നബി(സ)തിരുമേനിയുടെ മുഖത്തിന് മുന്നിലായിരിക്കണമെന്നും തന്റെ ജീവൻ നബി(സ)തിരുമേനിയുടെ മുന്നിൽ, നബി(സ)തിരുമേനിക്കുവേണ്ടി ത്യജിക്കണമെന്നും അവിടത്തെ ജീവൻ സുരക്ഷിതമായിരിക്കണമെന്നുമാണ് പറഞ്ഞിരുന്നത്.(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 196,-197. പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്) ഒരു നിവേദനത്തിൽ പറയുന്നു:

നബി(സ)തിരുമേനിയുടെ കൂടെ 11 പേരും ത്വൽഹബിൻ ഉബയ്ദുല്ലയുമുണ്ടായിരുന്നു.

മറ്റൊരു നിവേദനത്തിൽ പറയുന്നു:

മുശ്‌രിക്കീങ്ങൾ നബി(സ)തിരുമേനിയെ വളഞ്ഞപ്പോൾ അവിടന്ന് 7 അൻസ്വാരി സ്വഹാബാക്കളുടെയും ഒരു ഖുറയ്ശി സ്വഹാബിയുടെയും നടുവിലായിരുന്നു.

വേറൊരു നിവേദനത്തിൽ പറയുന്നു:

7 സ്വഹാബാക്കളുടെ ഇടയിലായിരുന്നു. 9 പേർ അൻസ്വാരിൽപെട്ടവരും 2 പേർ ഖുറയ്ശികളിൽ പെട്ടവരുമായിരുന്നു.(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 202-203. പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

വിവിധ നിവേദനങ്ങളിൽ നബി(സ)തിരുമേനിയുടെകൂടെ ഉറച്ചുനിന്ന സ്വഹാബാക്കളുടെ എണ്ണം വ്യത്യസ്തമായാണ് പറഞ്ഞിരിക്കുന്നത്. റിസർച്ച്സെൽ തന്നിരിക്കുന്ന നോട്സിൽ പറയുന്നു: 30 എണ്ണം പറഞ്ഞത് സ്വഹാബാക്കളുടെ എണ്ണം മാറിമറിഞ്ഞ് വന്നതുകൊണ്ടായിരിക്കാം. 15 പേരെ കണ്ടവർ അത് പറഞ്ഞു. അങ്ങനെ ഓരോരുത്തരും എത്ര പേരെയാണോ കണ്ടത് അത് പറഞ്ഞതായിരിക്കും. സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നുംപോയും കൊണ്ടിരുന്നതാകാം. അതുകൊണ്ട് എണ്ണത്തിൽ വ്യത്യാസം വന്നതായിരിക്കും.

അവിടെ ഇതുതന്നെയാണ് ശരിയായി തോന്നുന്നതും. ഈ വിശദീകരണം ഞാൻ നേരത്തെയും ഖുത്ബകളിൽ പറഞ്ഞതാണ്. അതായത് സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ ചുറ്റുവട്ടത്ത് വന്നിരുന്നു. പിന്നെ ശത്രുക്കളുടെ ആക്രമണമുണ്ടാകുമ്പോൾ സംഘം ചിതറിപ്പിരിയുകയും വീണ്ടും ഒത്തുകൂടുകയും ചെയ്തിരുന്നു.

ഏതായാലും സ്വഹാബാക്കൾ സ്ഥൈര്യത്തിന്റെ മാതൃകയാണ് കാണിച്ചുകൊണ്ടിരുന്നത്. ആർക്കും മരണംവരുമോ എന്ന ഭയമുണ്ടായിരുന്നില്ല.

ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ഉഹുദ് ദിവസം സ്വഹാബാക്കളുടെ ഒരു സംഘത്തോട് മരിക്കാൻ തയ്യാറാണെന്നുള്ള ബയ്അത്ത് വാങ്ങിയിരുന്നു. പ്രത്യക്ഷത്തിൽ മുസ്‌ലിമീങ്ങൾക്ക് പരാജയം നേരിട്ടപ്പോൾ അവർ സ്ഥിരചിത്തരായി നിലകൊണ്ടു. തങ്ങളുടെ ജീവനെ അഗണിച്ചുകൊണ്ട് നബി(സ)തിരുമേനിയെ കാത്തുകൊണ്ടിരുന്നു. അങ്ങനെ അവരിൽ പലരും ശഹീദായി.

അന്ന് 8 പേർ തങ്ങൾ മരണത്തിന് തയ്യാറാണെന്ന് പറഞ്ഞ് നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്യുകയുണ്ടായി. ബയ്അത്തിൽപ്പെട്ട സൗഭാ

ഗ്യവാന്മാരുടെ പേരുകൾ നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അതിപ്രകാരമാകുന്നു:
ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫ്(റ), ഹദ്റത്ത് അബൂദുജാന(റ), ഹദ്റത്ത് ആസിം ബിൻ ഥാബിത്ത്(റ). ഇതിൽ ആരുംതന്നെ ശഹീദായില്ല.(അസ്വാബ ഭാഗം 3, പേജ് 431, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)(സുബുലുൽ ഹുദാ വർരശാദ് വാള്യം 4, പേജ് 196,-198. പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

അല്ലാമ സിമഖ്ശരിയുടെ ഗ്രന്ഥമായ ഖസ്വാഇസ്വി അശ്റയിൽ പറയുന്നു: ഉഹുദ് ദിവസം ഹദ്റത്ത് സുബയ്ർ, നബി(സ)തിരുമേനിയുടെകൂടെ അടിയുറച്ചുനിന്നു. അദ്ദേഹം പ്രസ്തുത സന്ദർഭത്തിൽ നബി(സ)തിരുമേനിയോടു മരിക്കാനുള്ള ബയ്അത്ത് ചെയ്യുകയുണ്ടായി; അതായത് നബി(സ) തിരുമേനിയുടെ സംരക്ഷണത്തിൽ തന്റെ ജീവൻ ത്യജിക്കാൻ തയ്യാറാണെന്ന്! എന്നാൽ, നബി(സ) തിരുമേനിയെ ഒഴിവാക്കി പോകുകയില്ലെന്നും ശപഥം ചെയ്യുകയുണ്ടായി.(സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 321, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്)

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)സ്വഹാബാക്കളുടെ സ്ഥൈര്യത്തേയും ജീവത്യാഗത്തേയും കുറിച്ചെഴുതുന്നു:നബി(സ)തിരുമേനിക്ക് ചുറ്റിലുമുണ്ടായിരുന്ന സ്വഹാബാക്കൾ ജീവത്യാഗമാണ് കാഴ്ചവെച്ചത്. ചരിത്രത്തിൽ അതിന് തത്തുല്യമായത് കാണിക്കാൻ കഴിയില്ല. ഇവർ ഇയ്യാംപാറ്റകളെപോലെ നബി(സ)തിരുമേനിയുടെ ചുറ്റിലും കറങ്ങിക്കൊണ്ടിരുന്നു. അവർ തങ്ങളുടെ ജീവൻവച്ചാണ് കളിച്ചത്. എല്ലാ ആക്രമണത്തേയും സ്വഹാബാക്കൾ സ്വയം നെഞ്ചേറ്റി നബി(സ) തിരുമേനിയെ സംരക്ഷിച്ചിരുന്നു. അതോടൊപ്പം ശത്രുവിനെ ആക്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പേജ് 495).

തുടർന്നെഴുതുന്നു:ജീവത്യാഗ സന്നദ്ധരായ ഈ ഏതാനും പേർക്ക് എത്രസമയം ആ വലിയ പ്രളയത്തിന് മുന്നിൽ പിടിച്ചുനിൽക്കാൻ കഴിയും? അത് അനുനിമിഷം ഭയാനകമായ തിരകൾ കണക്കെ നാലുപാടുനിന്നും മുന്നോട്ടു വരികയായിരുന്നു. ശത്രുക്കളുടെ ഓരോ ആക്രമണത്തിന്റേയും കുത്തൊഴുക്ക് മുസ്‌ലിമീങ്ങളെ എവിടെയൊക്കെയോ ഒഴുക്കിക്കൊണ്ട് പോയിരുന്നു. ആക്രമണത്തിൽ അൽപം അയവ് വരുമ്പോൾ നിസ്സഹായരായ മുസ്‌ലിമീങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട യജമാനനു ചുറ്റും എങ്ങനെയെങ്കിലും ഒരുമിച്ചു കൂടുമായിരുന്നു. ചില സമയത്തുണ്ടായ ഭയാനകമായ ആക്രമണത്തിൽ നബി(സ)തിരുമേനി ശരിക്കും ഒറ്റപ്പെട്ടുപോയിരുന്നു. അങ്ങനെ ഒരുവേള നബി(സ)യുടെ ചുറ്റിലും 12 പേർ മാത്രമായി. വേറൊരു സന്ദർഭത്തിൽ രണ്ടുപേർ മാത്രമേ നബി(സ)തിരുമേനിയുടെകൂടെ ഉണ്ടായിരുന്നുള്ളൂ. ഇങ്ങനെ ജീവത്യാഗത്തിന് സന്നദ്ധരായവരിൽ ഹദ്റത്ത് അബൂബക്ർ, അലി, ത്വൽഹ, സുബയ്ർ, സഅ്ദ് ബിൻ അബീ വഖാസ്, അബൂദുജാന അൻസ്വാരി എന്നിവരുടെ പേരുകൾ പ്രത്യേകമായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്ന്, നബി(സ) തിരുമേനിയുടെ ചുറ്റിലുമുണ്ടായിരുന്ന സ്വഹാബാക്കളുടെ എണ്ണത്തെ സംബന്ധിച്ച വ്യത്യസ്ത നിവേദനങ്ങളുടെ വിശദീകരണം ലഭിക്കുന്നുണ്ട്. ഞാൻ പറഞ്ഞുവന്നതുപോലെ ആക്രമണം കാരണം ചിലപ്പോൾ (സ്വഹാബാക്കളുടെ) എണ്ണം കുറയുകയും കൂടുകയും ചെയ്തിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനി കളവ് പറയാനും തെറ്റായ വിവരം നൽകാനും അനുമതി നൽകിയെന്ന് പറഞ്ഞ്, ക്രിസ്ത്യാനികൾ ആ മഹാത്മാവിനുമേൽ ഉന്നയിച്ച ആക്ഷേപത്തിന് മറുപടി നൽകിക്കൊണ്ട് പറയുന്നു:

നമ്മുടെ യജമാനനും നേതാവുമായ പരിശുദ്ധ നബി(സ)തിരുമേനിയുടെ അധ്യാപനങ്ങളുടെ ഒരു ഉന്നത മാതൃക ഇവിടെ സ്ഥാപിതമാകുന്നുണ്ട്. നിങ്ങളുടെ യേശു അമൃത് കണക്കെ ജീവിതത്തിൽ ഉടനീളം ഉപയോഗിച്ച ദ്വൈധ പ്രയോഗത്തിൽനിന്ന് കഴിവതും വിട്ടുനിൽക്കാനാണ് നബി(സ)തിരുമേനി കൽപന നൽകിയത്. തോരിയ (ദ്വൈധം) എന്നതിന്റെ അർത്ഥം മനസ്സിലൊന്ന് കരുതുകയും വായകൊണ്ട് മറ്റൊന്ന് പറയുകയും ചെയ്യുക എന്നതാണ്. അതായത് രണ്ട് അർത്ഥങ്ങൾ ദ്യോതിപ്പിക്കുന്ന രീതിയിൽ കാര്യങ്ങൾ പറയുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ദ്വൈധം എന്ന പദത്തെ കൂടുതൽ വിശദീകരിച്ചുതന്നിട്ടുണ്ട്. ഭാഷാർത്ഥം ഞാൻ പറഞ്ഞുകഴിഞ്ഞു. വിശദീകരണത്തിൽ ആ മഹാത്മാവ് പറയുന്നു: കുഴപ്പമുണ്ടാകുമെന്ന ഭയത്താൽ ഒരു കാര്യം ഗോപ്യമാക്കിവെക്കാൻ, അതല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണവശാൽ രഹസ്യത്തെ ഒളിപ്പിച്ചുവെക്കാൻ വേണ്ടി മറ്റെന്തെങ്കിലും ഉദാഹരണങ്ങളും രീതികളും അവലംബിക്കുക. ബുദ്ധിമാന്മാർക്ക് അക്കാര്യങ്ങൾ ബോധ്യമാകുമെങ്കിലും പാമരന്മാർക്ക് അത് ഗ്രഹിക്കാൻ കഴിയുകയില്ല. അതായത് യുക്തിപൂർവ്വം പറയുക. അത് കളവായിരിക്കില്ല. അതിന് പല അർത്ഥങ്ങളുമുണ്ടായിരിക്കും. കാര്യമെന്താണെന്ന് ബുദ്ധിമാന് മനസ്സിലാകുന്നതാണ്. ബുദ്ധിയില്ലാത്തവർക്ക് മനസ്സിലാകുകയുമില്ല. അയാളുടെ ശ്രദ്ധ മറ്റെന്തിലേക്കെങ്കിലും തിരിയുന്നതാണ്. നബി(സ)തിരുമേനി പറയുന്നു: ഇത് ഉന്നതമായ തഖ്‌വായ്ക്ക് നിരക്കുന്നതല്ല. ഇത് ഉന്നത നിലവാരത്തിലുള്ള തഖ്‌വാക്ക് എതിരാണെന്ന് ഹദീഥുകളിലും പറയുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതേപറ്റി സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്. ഇത് നബി(സ) തിരുമേനി ചെയ്തുവെന്ന് തെളിയിക്കാനേ സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതിന്റെ സംക്ഷേപം ഇപ്രകാരമാകുന്നു: ക്രിസ്ത്യാനികളുടെ വീക്ഷണത്തിൽ, അവർ ദൈവമെന്ന് പറയുന്നയാളുടെ അവസ്ഥ നോക്കുക. ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും തെറ്റായ വിവരണമാണ് നൽകിയത്.

ഇതിനെ വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: നബി(സ)തിരുമേനി പരമാവധി ഇതിൽനിന്ന് വിട്ടുനിൽക്കാനാണ് കല്പിച്ചത്. അത് പറയുന്നതിന്റെ വിവക്ഷിതം കളവിനോട് പ്രത്യക്ഷത്തിൽപോലും താദാത്മ്യം ഇല്ലാതിരിക്കാനാണ് അങ്ങനെ ചെയ്തത്. എന്നാൽ, എന്ത് പറയാനാണ്? എന്തെഴുതാനാണ്? നിങ്ങളുടെ യേശുസാഹിബിന് ഇത്രമാത്രംപോലും സത്യത്തെ നിലനിറുത്താൻ കഴിഞ്ഞിട്ടില്ല. ദൈവമാണെന്ന് വാദിക്കുന്ന വ്യക്തി സിംഹത്തെപോലെ ലോകത്ത് പ്രത്യക്ഷപ്പെടണമായിരുന്നു. അല്ലാതെ ജീവിതത്തിലുടനീളം കളവിന് സമാനമായ ദ്വൈധ പ്രയോഗം നടത്തി താൻ മരണത്തെ ഭയപ്പെടാതെ ശത്രുക്കൾക്ക് മുന്നിൽത്തന്നെ പ്രകടിപ്പിക്കുന്ന പരിപൂർണ വ്യക്തിത്വമുള്ളവരിൽ പെട്ടവനും ദൈവത്തിൽ പൂർണ പ്രതീക്ഷയുള്ളവനാണെന്നുംതെളിയിക്കാതിരിക്കുകയല്ല ചെയ്യേണ്ടിയിരുന്നത്. നിങ്ങൾ ദൈവമെന്ന് പറയുന്ന വ്യക്തി ജീവിതത്തിലുടനീളം ദ്വൈധപ്രയോഗം നടത്തിക്കൊണ്ടിരുന്നു. പറയുന്നു: ഒരു സന്ദർഭത്തിലും ഭീരുത്വം കാണിക്കാൻ പാടില്ലായിരുന്നു. അല്ലാഹുവിൽ ഭരമേൽപിക്കുന്നവർ, ദൈവംപോകട്ടെ, ദൈവത്തിന്റെ പ്രവാചകന്മാർപോലും ഇങ്ങനെ ചെയ്യാറില്ല. എനിക്ക് കാര്യങ്ങൾ ആലോചിക്കുമ്പോൾ കരച്ചിൽ വരുന്നു. ബുദ്ധി കുറവുള്ള ആരെങ്കിലും യേശുവിന്റെ ഈ ദുർബലാവസ്ഥയെപറ്റി അതായത്, ഒരുതരം കളവ് തന്നെയായ ദ്വൈധ പ്രയോഗത്തെപറ്റി ആക്ഷേപിച്ചാൽ നമുക്കെന്ത് മറുപടിയാണുള്ളത്. എന്നാൽ, ജനാബ് സയ്യിദുൽ മുർസലീൻ(സ)തിരുമേനി ഉഹുദ് യുദ്ധത്തിൽ ഒറ്റക്കായ സന്ദർഭത്തിലും ഊരിപ്പിടിച്ച ഖഡ്ഗങ്ങൾക്ക് മുന്നിൽ പ്രഖ്യാപിക്കുന്നു: ഞാൻ മുഹമ്മദാകുന്നു. ഞാൻ അല്ലാഹുവിന്റെ പ്രവാചകനാകുന്നു. ഞാൻ അബ്ദുൽ മുത്വലിബിന്റെ മകനാകുന്നു. ഇനി മറുഭാഗത്ത് നോക്കുകയാണെങ്കിൽ നിങ്ങളുടെ യേശു, വിറച്ചുവിറച്ച് തന്റെ ശിഷ്യന്മാർക്ക് യാഥാർഥ്യത്തിനെതിരിൽ പാഠങ്ങൾ നൽകിക്കൊണ്ട് പറയുന്നു: ഞാൻ യേശു മസീഹാണെന്ന് ആരോടും പറയരുത്. വാസ്തവത്തിൽ ഇത് പറഞ്ഞതുകൊണ്ട് ആരും അദ്ദേഹത്തെ വധിക്കില്ലായിരുന്നു. ഞാൻ അത്ഭുതപ്പെടുകയാണ്, ഇദ്ദേഹവും നബിയാണെന്ന് പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ ദൈവമാർഗത്തിലുള്ള ധൈര്യത്തിന്റെ അവസ്ഥ ഇതാണല്ലോ!(നൂറുൽഖുർആൻ നമ്പർ 2, റൂഹാനി ഖസാഇൻ, വാള്യം 9, പേജ് 405-407)(എടുത്തത്, ദാഇറയെ മആരിഫ് ഉർദു, വാള്യം 7, പേജ് 737, തോറിയ എന്നപദം)

ഹദ്റത്ത് ഈസാ(അ)യെ സംബന്ധിച്ചിടത്തോളം ഇവിടെ അത്ഭുതം കൂടുന്നത് ഒരു തർക്കുത്തരം എന്ന നിലയ്ക്കാകുന്നു. അല്ലാതെ അദ്ദേഹം നബിയാണെന്ന് മനസ്സിലാക്കാതെയല്ല. ഈസാനബി നബിയല്ലെന്ന ഉദ്ദേശ്യത്തോടെയുമല്ല. മറിച്ച് പറയുന്നത് ഏതൊരു നബിയെയാണോ നിങ്ങൾ സമർപിക്കുന്നതും പിന്നീട് അദ്ദേഹത്തെ ദൈവത്തിന്റെ പുത്രനാണെന്ന് പറയുന്നതും അദ്ദേഹത്തിന്റെ അവസ്ഥ നിങ്ങളുടെ ഗ്രന്ഥമനുസരിച്ച് ഇങ്ങനെയാണ്. എന്നിട്ട് കളവു പറയുന്നതും ഭീരുത്വം കാണിക്കുന്നതും നബി(സ)തിരുമേനി അനുവദനീയമാക്കി എന്നു പറഞ്ഞ് അധിക്ഷേപിക്കുകയും ചെയ്യുന്നു.

ഇബ്നു ഇസ്ഹാഖ് എഴുതിയിരിക്കുന്നു: അവിശ്വാസികൾ നബി(സ)തിരുമേനിക്കു ചുറ്റും കൂടിയപ്പോൾ അവിടന്നു ചോദിച്ചു. മൻ റജുലുൻ യശ്‌രീലനാ നഫ്സുഹു നമുക്കു വേണ്ടി തന്റെ ജീവൻ അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കാൻ തയ്യാറായിട്ടുള്ളവർ ആരാണ്? അപ്പോൾ സിയാദ് ബിൻ സക്കൻ അഞ്ച് അൻസ്വാരി സ്വഹാബത്തിനോടൊപ്പം എഴുന്നേറ്റുനിന്നു. ചിലർ പറയുന്നത് അത് ഉമ്മാറ ബിൻ യസീദ് ബിൻ സക്കൻ ആയിരുന്നു എന്നാണ്. ഇവർ നബി(സ)തിരുമേനിക്കു മുന്നിൽ തങ്ങളുടെ ധൈര്യം പ്രകടിപ്പിച്ചുകൊണ്ട് ഓരോരുത്തരായി ശഹീദായി. അവരിൽ അവസാനം സിയാദോ ഉമ്മാറയോ ആയിരുന്നു. അദ്ദേഹം പൊരുതിക്കൊണ്ടിരുന്നു, അങ്ങനെ അദ്ദേഹത്തിനും പരിക്കുപറ്റി. പിന്നീട് ഒരു മുസ്‌ലിം സംഘം തിരിച്ചെത്തി. മുശ്‌രിക്കീങ്ങളെ നബി(സ) തിരുമേനിയുടെ അടുത്തുനിന്ന് തള്ളിമാറ്റി. തുടർന്ന് അവിടന്ന് പറഞ്ഞു: സിയാദ് ബിൻ സക്കനെ എന്റെ അടുത്തു കൊണ്ടുവരിക. അദ്ദേഹത്തെ കൊണ്ടുവന്നു. പക്ഷേ, അദ്ദേഹം അന്ത്യശ്വാസം വലിക്കുകയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു. ഇദ്ദേഹത്തെ കൂറേക്കൂടി എന്റെ അടുത്തു കൊണ്ടുവരൂ! നബി(സ)തിരുമേനി തന്റെ പരിശുദ്ധ പാദം അദ്ദേഹത്തിന്റെ അടുത്തേക്ക് നീട്ടി. അദ്ദേഹം തന്റെ മുഖം നബി(സ)തിരുമേനിയുടെ പരിശുദ്ധ പാദത്തിൽവച്ചു. അങ്ങനെ ഹദ്റത്ത് സിയാദ് തന്റെ മുഖം നബി(സ)തിരുമേനിയുടെ പരിശുദ്ധ പാദത്തിൽവച്ചുകൊണ്ടാണ് ജീവൻ വെടിഞ്ഞത്. അദ്ദേഹത്തിന്റെ ശരീരത്തിൽ 14 മുറിവുണ്ടായിരുന്നു.(സുബുലുൽ ഹുദാ വർരശാദ് വാള്യം 4, പേജ് 203. പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പറ

യുന്നു:

ഒരുവേള ഖുറയ്ശികളുടെ ആക്രമണത്തിന്റെ അസാധാരണമായൊരു തിരമാല ഉയർന്നപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഈ സന്ദർഭത്തിൽ തന്റെ ജീവൻ അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കാൻ തയ്യാറായിട്ടുള്ളവർ ആരുണ്ട്? ഒരു അൻസ്വാരി സ്വഹാബിയുടെ ചെവിയിൽ ഈ ശബ്ദം പതിഞ്ഞപ്പോൾ അദ്ദേഹവും മറ്റ് 6 അൻസ്വാരി സ്വഹാബാത്തും ഉന്മാദരെപ്പോലെ മുന്നോട്ടുകുതിച്ചു. അവരിൽ ഓരോരുത്തരും നബി(സ)തിരുമേനിക്ക് ചുറ്റും പൊരുതിക്കൊണ്ട് ജീവൻവെടിഞ്ഞു. ഈ സംഘത്തിന്റെ നേതാവ് സിയാദ് ബിൻ സക്കർ ആയിരുന്നു. നബി(സ)തിരുമേനി ശത്രുക്കളുടെ ആക്രമണത്തെ തുടർന്ന് പറഞ്ഞു: അതായത് അന്ന് ശത്രുക്കളുടെ ശക്തമായ ആക്രമണമായിരുന്നു. അത് അൽപം ശമിക്കുകയും മറ്റു സഹാബാക്കളെത്തുകയും അങ്ങനെ അല്പം സ്ഥലം ഒഴിയുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: സിയാദിനെ എന്റെ അടുത്ത് എടുത്തുകൊണ്ട് വരിക! ആളുകൾ അദ്ദേഹത്തെ എടുത്ത് നബി(സ)തിരുമേനിയുടെ മുന്നിൽ കൊണ്ടുവന്ന് കിടത്തി. സിയാദിന് അല്പം ജീവൻ ബാക്കിയുണ്ടായിരുന്നു. ജീവൻപൊയ്ക്കൊണ്ടിരുന്ന ഘട്ടമായിരുന്നു അത്. അപ്പോൾ അദ്ദേഹം വളരെ പ്രയാസപ്പെട്ട് തന്റെ തലയുയർത്തി നബി(സ) തിരുമേനിയുടെ പരിശുദ്ധ പാദങ്ങളിൽ വെച്ചു. അതേ അവസ്ഥയിൽ ജീവൻ വെടിയുകയും ചെയ്തു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 496)

ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ശഹാദത്ത് സംഭവവും രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ നബിസ)തിരുമേനിയുടെ മുന്നിൽ പൊരുതിക്കൊണ്ടിരുന്നു. അങ്ങനെ പൊരുതിക്കൊണ്ടുതന്നെ ശഹാദത്ത്വരിക്കുകയും ചെയ്തു. അദ്ദേഹത്തെ ഇബ്നു ഖമിഅയാണ് ശഹീദാക്കിയത്.(സീറത്ത് ഇബ്നു ഹിശാം പേജ് 529, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

ചരിത്രത്തിൽ വന്നിരിക്കുന്നു: ഉഹുദ് യുദ്ധത്തിലെ ധ്വജവാഹകൻ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ (റ)പതാക സംരക്ഷണത്തിന്റെ കടമ നല്ലപോലെ നിറവേറ്റി. ഉഹുദ് യുദ്ധ ദിവസം ഹദ്റത്ത് മുസ്അബ് പതാക ഉയർത്തിപ്പിടിച്ചിരുന്നു. ഇബ്നു ഖമിഅ കുതിരപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു. അയാൾ ഹദ്റത്ത് മുസ്അബിനെ വലതുഭാഗത്തുകൂടെ, അതായത് അദ്ദേഹം കൊടിയുയർത്തിയിരുന്ന കൈയിൽ വാളുകൊണ്ട് ആക്രമണം നടത്തുകയും അത് വെട്ടിവീഴ്ത്തുകയും ചെയ്തു. അപ്പോൾ അദ്ദേഹം പതാക ഇടതുകൈയിൽ പിടിച്ചു. ഇബ്നു ഖമിഅ ഇടതുകൈയും ആക്രമിച്ചു മുറിച്ചിട്ടു. അപ്പോൾ അദ്ദേഹം തന്റെ ഇരുകൈത്തണ്ടകൾകൊണ്ടും പതാക നെഞ്ചോടു ചേർത്തുപിടിച്ചു. അതേതുടർന്ന് ഇബ്നു ഖമിഅ മൂന്നാംവട്ടം അമ്പുകൊണ്ട് ആക്രമിച്ചു. അത് ഹദ്റത്ത് മുസ്അബിന്റെ നെഞ്ചിൽ തറച്ചു. അമ്പുമുറിയുകയും ഹദ്റത്ത് മുസ്അബ് വീഴുകയും ചെയ്തു. തുടർന്ന് ബനൂഅബ്ദുദ്ദാറിൽപ്പെട്ട രണ്ടുപേർ സുവയ്ബിത് ബിൻ സഅ്ദ് ബിൻ ഹർമലയും(റ), അബൂ റോം ബിൻ ഉമയ്റും മുന്നോട്ട് കുതിച്ചു. അബൂ റോം ബിൻ ഉമയ്ർ പതാകയേന്തി. അത് മുസ്ലിമീങ്ങൾ തിരിച്ചു മദീന എത്തുന്നതുവരേയും അദ്ദേഹത്തിന്റെ കൈയിൽ ത്തന്നെയായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റ, ഭാഗം 3, പേജ് 89, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ് ബെയ്റുത്ത്)

ഇത് ഒരു ചരിത്രഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളതാണ്. എന്നാൽ, മറ്റു ചില നിവേദനങ്ങൾ പ്രകാരം അതിനുശേഷം നബി(സ)തിരുമേനി പതാക ഹദ്റത്ത് അലിക്ക് നൽകുകയുണ്ടായി. ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു:ഖുറയ്ശി സൈന്യം നാലുഭാഗത്തുനിന്നും വളഞ്ഞിരുന്നു. തങ്ങളുടെ തുടരെത്തുടരെയുള്ള ആക്രമണംകൊണ്ട് ഓരോ നിമിഷവും അടിച്ചമർത്തുകയായിരുന്നു. എന്നിട്ടും മുസ്ലിമീങ്ങൾ കുറച്ച് സമയത്തിനുശേഷം നേരെയായിവന്നു. പക്ഷേ, ഉണ്ടായ ഒരു അത്യാഹിതമെന്തെന്നാൽ, ഖുറയ്ശികളുടെ ഒരു ധീര സൈനികൻ അബ്ദുല്ലാഹ് ബിൻ ഖമിഅ മുസ്ലിമീങ്ങളുടെ ധ്വജവാഹകനായ മുസ്അബ് ബിൻ ഉമയ്റിനെ ആക്രമിച്ചു. തന്റെ വാളുകൊണ്ട് അദ്ദേഹത്തിന്റെ വലതുകൈ വെട്ടിയിട്ടു. മുസ്അബ് ഉടൻതന്നെ തന്റെ ഇടതുകൈയിൽ പതാകയേന്തി, ഇബ്നു ഖമിഅയെ നേരിടാൻ മുന്നോട്ടുനീങ്ങി. പക്ഷേ അയാൾ തന്റെ രണ്ടാമത്തെ ആക്രമണത്തിൽ അദ്ദേഹത്തിന്റെ വലതുകൈയും വെട്ടിമാറ്റി. അപ്പോൾ മുസ്അബ്(റ) തന്റെ മുറിഞ്ഞ രണ്ട് കൈകളും ചേർത്തുപിടിച്ച് വീഴാൻപോകുന്ന ഇസ്ലാമികപതാക പിടിക്കാൻ ശ്രമിക്കുകയും തന്റെ നെഞ്ചോട് ചേർത്തുപിടിക്കുകയും ചെയ്തു. അപ്പോൾ ഇബ്നു ഖമിഅ അദ്ദേഹത്തെ മൂന്നാംവട്ടം ആക്രമിച്ചു. ഇത്തവണ മുസ്അബ് ശഹീദായി വീഴുകയായിരുന്നു. ഉടൻതന്നെ മറ്റൊരു മുസ്ലിം കൊടി പിടിക്കുകയുണ്ടായി. മുസ്അബിന്റെ രൂപഭാവങ്ങൾക്ക് നബി(സ)തിരുമേനിയോട് സാദൃശ്യമുണ്ടായിരുന്നു. അതുകൊണ്ട് ഇബ്നു ഖമിഅ താൻ നബി(സ)തിരുമേനിയെ കൊന്നുവെന്നാണ് കരുതിയത്. ഒരുപക്ഷേ, അയാൾ വഞ്ചിക്കണമെന്ന് കരുതിയതുമാകും. ഏതായാലും മുസ്അബ് ശഹീദായി വീണപ്പോൾ അയാൾ നബി(സ)തിരുമേനിയെ വധിച്ചുവെന്ന് ഉറക്കെ വിളിച്ചുപറയാൻ തുടങ്ങി. അപ്പോൾ മുസ്ലിമീങ്ങളുടെ ബാക്കിയുള്ള ശ്വാസംകൂടി ഇല്ലാതായി. അവരുടെ സംഘം തീർത്തും ഛിന്നഭിന്നമായി.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 493)

നേരത്തെ പറഞ്ഞുവന്നതുപോലെ ഉഹുദ് മൈതാനത്തിലെ ഏതാനും നിമിഷനേരത്തെ അലംഭാവം ഇസ്ലാമിക സൈന്യത്തിന്റെ വിജയം അല്പം സമയത്തേക്കാണെങ്കിലും പരാജയത്തിലേക്ക് മാറ്റി. എങ്കിലും നബി(സ)തിരുമേനി തന്നെയാണ് ലോകത്തിലെ യുദ്ധചരിത്രങ്ങളിൽ ഏറ്റവും നല്ല സൈന്യാധിപനും സത്വരഗതിയിൽ യുക്തിഭദ്രമായ തീരുമാനമെടുക്കുന്ന ആളായിട്ടും അംഗീകരിക്കപ്പെടുന്നത്.

നബി(സ)തിരുമേനി മാറിവരുന്ന യുദ്ധഗതിയെ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരുന്നു. നാലിരട്ടി വലുപ്പമുള്ള ശത്രുസൈന്യത്തിനു മുന്നിൽ ചിതറിപ്പിരിയുകയും ദുർബലാവസ്ഥയിലാകുകയും ചെയ്ത തന്റെ സൈന്യത്തെ സുഭദ്രമാക്കിയപ്പോൾ, ശത്രുക്കൾക്ക് ഇസ്ലാമിക സൈന്യത്തെ പൂർണമായും ചതച്ചരക്കാമെന്ന ദുഷ്ചിന്ത പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെശഹാദത്തിനുശേഷം നബി(സ) തിരുമേനി പതാക ഹദ്റത്ത് അലിക്ക് നൽകി. വിജയലഹരിയിൽ മതിമറന്ന ശത്രുക്കൾക്ക് മുന്നിൽ അദ്ദേഹം ഇസ്ലാമികസൈന്യത്തിന്റെ പതാക കൈയിലുയർത്തിപ്പിടിച്ച് സ്ഥൈര്യത്തോടെ നിലയുറപ്പിച്ചു. അദ്ദേഹത്തിന്റെ ഖഡ്ഗം തുടരെത്തുടരെ മുറിവുകൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. അങ്ങനെ ചിതറിപ്പിരിഞ്ഞ മുസ്ലിം സൈന്യത്തിന് ധൈര്യം പകർന്നുകൊണ്ടിരുന്നു. ഹദ്റത്ത് അലി, നബി(സ) തിരുമേനിയുടെ ചുറ്റിലുമുണ്ടായിരുന്നു. ഏതാനും ആളുകളുടെ ചെറിയ ഇസ്ലാമിക സൈന്യം ശക്തമായി പോരാടുകയും ശത്രുവലയത്തിനിടയിലൂടെ കടന്നുപോകാനുള്ള വഴി ഉണ്ടാക്കുകയും ചെയ്തു. അങ്ങനെ നബി(സ)തിരുമേനിയുടെ നേതൃത്വത്തിൽ ഈ ചെറിയ സംഘം വഴിയുണ്ടാക്കി. യുദ്ധമൈതാനത്ത് ചിതറിപ്പിരിഞ്ഞ ഇസ്ലാമിക സൈന്യത്തിനടുത്തേക്ക് നീങ്ങി. അവർ നബി(സ) തിരുമേനി ശഹീദായെന്ന കിംവദന്തികേട്ട് നിരാശരായിരുന്നു. അതുകൊണ്ട് മക്കാ മുശ്രിക്കീങ്ങൾ, ഇസ്ലാമിക സൈന്യത്തെ പരാജയപ്പെടുത്താൻ, എല്ലാനിലക്കും ആക്രമണം നടത്തിക്കൊണ്ടിരുന്നു. പക്ഷേ, നബി(സ)തിരുമേനി പിന്നോട്ട് മാറാനെടുത്ത യുക്തിപരമായ നീക്കം വിജയപ്രദമായി. വരിലിലെണ്ണാവുന്ന ആ സംഘം അർധവൃത്താകൃതിയിൽ തോളോടുതോൾ ചേർന്ന് ശത്രുക്കളുടെ ആക്രമണങ്ങളെ പരാജയപ്പെടുത്തിക്കൊണ്ട് ആർക്കും മനസ്സിലാകാത്ത നിലയിൽ താഴ്വരയിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. ശത്രുക്കൾ വലയം ചെയ്യാൻ ആവതും പണിപ്പെട്ടെങ്കിലും നബി(സ) തിരുമേനി അക്രമികളുടെ സംഘത്തെ പിളർത്തി വഴി ഉണ്ടാക്കിയെടുക്കുകതന്നെ ചെയ്തു.(ഗസ്വാത്ത് വ സറായ പേജ് 199-201, പ്രസാധനം ഫരീദിയ പ്രിന്റിംഗ് പ്രസ്സ് സാഹിവാൾ)

ഉഹുദ് യുദ്ധത്തിൽ ഉറക്കവും മയക്കവും വന്നതിനെപറ്റിയും പരാമർശങ്ങൾ കാണുന്നുണ്ട്. യുദ്ധം ചെയ്തുകൊണ്ടിരുന്ന സ്വഹാബക്കൾക്ക് ഉറക്കം വന്നുതുടങ്ങി. അവർക്ക് മയക്കം വരുന്ന ഒരു അവസ്ഥ അല്ലാഹു ഉണ്ടാക്കുകയാണ് ചെയ്തത്. ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാകുന്നു:

ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം(റ)നിവേദനം. ഉഹുദ് യുദ്ധത്തിന്റെ ഗതിമാറിയപ്പോൾ ഞാൻ നബി(സ)തിരുമേനിയെ എന്റെ അരികിൽത്തന്നെ കണ്ടു.

ആ സമയത്ത് ഞങ്ങൾ അങ്കലാപ്പിലും ഭയപ്പാടിലുമായിരുന്നു. അല്ലാഹു ഞങ്ങൾക്ക് ഉറക്കമുണ്ടാക്കി. അതായത് ഞങ്ങൾക്ക് മയക്കം അനുഭവപ്പെട്ടുതുടങ്ങി. ഞങ്ങളിൽ ആരുംതന്നെ തല, നെഞ്ചിലേക്ക് ചായ്ക്കാത്തവരായി ഉണ്ടായിരുന്നില്ല. അതായത് ഉറക്കം തൂങ്ങുന്നതുകൊണ്ട് ഞങ്ങളുടെ ശിരസ്സ് തൂങ്ങിക്കൊണ്ടിരുന്നു.

പറയുന്നു: അല്ലാഹുവാണ! മുഅത്തിബ് ബിൻ ഖുശയ്റിന്റെ ശബ്ദം സ്വപ്നത്തിൽ കേട്ടുകൊണ്ടിരിക്കുന്നു. അദ്ദേഹം ഇങ്ങനെ പറയുന്നുണ്ടായിരുന്നു: ഞങ്ങൾക്ക് തീരുമാനമെടുക്കാനുള്ള അധികാരമുണ്ടായിരുന്നുവെങ്കിൽ ഞങ്ങളൊരിക്കലും ഇവിടെ ഇങ്ങനെ കൊല്ലപ്പെടുമായിരുന്നില്ല. മുഅത്തിബ് ബിൻ ഖുശയ്ർ അൻസ്വാരി സ്വഹാബിയായിരുന്നു. ബയ്അത്ത് ഉഖ്ബയിലും ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്. ഞാനിപ്രകാരം സ്വപ്നാവസ്ഥയിൽ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞ ആ വാക്യം മനഃപാഠമാക്കി. ആ അവസരത്തെ സംബന്ധിച്ച് അല്ലാഹു ഇങ്ങനെ ആയത്ത് ഇറക്കി: ഥുമ്മ അൻസല അലയ്ക്കും മ്മിൻബഅ്ദിൽഗമ്മി അമനത്തൻന്നുആസൻ യഗ്ശാ ത്വാഇഫത്തൻ മ്മിൻകും വ ത്വാഇഫത്തുൻ ഖദ്അഹമ്മത്ത്ഹും അൻഫുസുഹും യള്വുന്നൂന ബില്ലാഹി ഗയ്റൽഹഖ്ഖി ള്വന്നൽജാഹിലിയ്യത്തി യഖൂലൂന ഹല്ലനാ മിനൽഅംരി മിൻശയ്ഇൻ ഖുൽ ഇന്നൽഅംറ കുല്ലഹൂ ലില്ലാഹി

പിന്നീട് ദുഃഖത്തിനുശേഷം അവൻ നിങ്ങൾക്ക് മനസ്സമാധാനം ഇറക്കിത്തന്നു. അതായത് നിങ്ങളിൽനിന്ന് ഒരു സംഘത്തെ ആവരണം ചെയ്യുന്ന ഒരു നിദ്രാമയക്കം. (അപ്പോൾ) മറ്റൊരു സംഘമാകട്ടെ, അവരുടെ ആത്മാക്കൾ തങ്ങളെത്തന്നെ ഉത്കണ്ഠാകുലരാക്കി, അല്ലാഹുവിനെ സംബന്ധിച്ച് അജ്ഞാനകാലത്തെ ധാരണകൾപോലെ അവർ തെറ്റായ ധാരണകൾവച്ചു പുലർത്തുകയായിരുന്നു. ഇക്കാര്യത്തിൽ നമുക്കെന്തെങ്കിലും പറയാൻ അവസരമുണ്ടോ എന്നവർ ചോദിക്കുന്നു. പറയുക: തീർച്ചയായും ഈ കാര്യത്തിന്റെ മുഴുവൻ തീരുമാനവും അല്ലാഹുവിനുള്ളതാകുന്നു. (3:155)

ഹദ്റത്ത് കഅബ് ബിൻ അംറ് അൻസ്വാരി വിവ

രിച്ചു: ഉഹുദ് യുദ്ധ ദിവസം ഒരു സന്ദർഭത്തിൽ ഞാൻ എന്റെ സമൂഹത്തിലെ 14 പേരോടൊപ്പം നബി(സ)തിരുമേനിയുടെ കൂടെയുണ്ടായിരുന്നു. അപ്പോൾ ഞങ്ങൾക്ക് ഉറക്കം അനുഭവപ്പെട്ടു. അത് സമാധാനത്തിന്റേതായിരുന്നു. അതായത് സമാധാനമുള്ള മയക്കമായിരുന്നു. യുദ്ധാവസരമാണെങ്കിലും അത് ഞങ്ങൾക്ക് സമാധാനമുള്ള മയക്കമായിത്തോന്നി. ശംഖിൽ ഊതുന്നതുപോലെ ഉറക്കം കാരണം കൂർക്കം വലിക്കാത്തവരായി ആരുമുണ്ടായിരുന്നില്ല. പറയുന്നു: ഞാൻ, ബിശ്ർ ബിൻ ബറാഅ് ബിൻ മഅ്റൂറിന്റെ കൈയിൽനിന്ന് വാൾ വീഴുന്നത് കാണുകയുണ്ടായി. അദ്ദേഹം വാൾ വീണത് അറിഞ്ഞതുപോലുമില്ല. വാസ്തവത്തിൽ മുശ്രിക്കീങ്ങൾ ഞങ്ങളുടെമേൽ കയറി വരുകയായിരുന്നു.(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 310, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഉസുദുൽഗാബ, വാള്യം 5, പേജ് 216, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)

ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)വിവരിക്കുന്നു:ഏതായാലും അദ്ദേഹത്തിന്റെ വാൾ വീണെന്ന് അറിഞ്ഞിട്ടുണ്ടാകാം. കാരണം അപ്പോൾ ഉറക്കമുണ്ടായെങ്കിലും അവരുടെ കൈകളിലുണ്ടായിരുന്ന ആയുധങ്ങൾ സുഭദ്രമായിരുന്നു. അത് വീഴാൻ തുടങ്ങുമ്പോൾ ഞെട്ടിയുണരും. ഇവിടെ നുആസ് എന്ന പദമാണ് പ്രയുക്തമായിട്ടുള്ളത്. അതിന്റെ വ്യാഖ്യാനം ഇപ്രകാരമാകുന്നു. അമനത്തൻ നുആസൻ എന്നതിന്റെ വിവിധ തലത്തിലുള്ള അർഥങ്ങളുടെ സംക്ഷേപം ഭയത്തിനുശേഷം നിങ്ങൾക്ക് സമാധാനം ഇറക്കി എന്നാകുന്നു. അതിനെ ഉറക്കം എന്ന് പറയാവുന്നതാണ്. അഥവാ സമാധാനത്തിന് നിമിത്തമായ മയക്കം നൽകി. അതല്ലെങ്കിൽ നിദ്രക്ക് സമാനരീതിയിലുള്ള സമാധാനം നൽകി. അഥവാ അത് ഉറക്കത്തിൽ ഉൾപ്പെടുന്നതായിരുന്നു. ഇവിടെ അമനത്തൻ നുആസൻ എന്നതിന്റെ അർഥം താൽക്കാലികമായി ഉണ്ടാകുന്ന മയക്കത്തിൽ തലതാഴ്ത്തി ഉറക്കം തൂങ്ങുന്നതിനും പറയാറുണ്ട്. എന്നാൽ, ഇവിടെ ഇത്തരത്തിലുള്ള ഉറക്കമല്ല വിവക്ഷിതം. മറിച്ച്, ഉറക്കത്തിനും ഉണർവിനും ഇടയിലുള്ള അവസ്ഥയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. ഉറക്കം വരുന്നതിന് മുമ്പേ ഒരു മധ്യാവസ്ഥ കൈവരുന്നു. അത് മുഴുവൻ അവയവങ്ങൾക്കും ഒരു സമാധാനം നൽകാറുണ്ട്. അതുതന്നെയാണ് ആഴത്തിലുള്ള സമാധാനവും. പ്രസ്തുത അവസ്ഥ അതുപോലെ തുടർന്നാൽ പിന്നെ അത് ഉറക്കമായി മാറും. അത്തരം അവസ്ഥയിൽ മനുഷ്യർ നടക്കുകയാണെങ്കിൽ വീണുപോകുന്നതല്ല. മറിച്ച് വീഴുന്നതിന് മുമ്പേ ഞെട്ടിയുണരും. താൻ ഏതവസ്ഥയിലായിരുന്നുവെന്ന് അയാൾക്ക് ബോധ്യമാകും. എന്നാൽ, ഉറക്കം വന്നാൽപ്പിന്നെ തന്റെ ശരീരത്തിനുമേൽ അയാൾക്ക് നിയന്ത്രണമൊന്നും ഉണ്ടാകില്ല. ഏതായാലും ബിശ്ർ ബിൻ ബറാഅ് ബിൻ മഅ്റൂറിന് ഇത്തരം അവസ്ഥയിൽ ഇത്തരത്തിലുള്ള നല്ല ഉറക്കം വന്നതായിരിക്കാം. പക്ഷേ, യുദ്ധസാഹചര്യമായിരുന്നിട്ടുകൂടി അത് സമാധാനമുള്ള അവസ്ഥയായിരുന്നു. അവിടെ മനുഷ്യൻ വീഴുന്നതാണ്. ഇത് ശരിയാണെന്ന് അംഗീകരിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ കൈ ഒന്ന് അല്പം അയഞ്ഞപ്പോൾ വാൾ വീണതായിരിക്കും. ഏതായാലും ഈ അവസ്ഥയിൽ താൻ നല്ല ഉറക്കത്തിലേക്ക് പോകുകയാണെന്ന് തിരിച്ചറിവുണ്ടാകുകയും പിന്നെ ഞെട്ടിയുണരുകയും ചെയ്യും. ചുരുക്കത്തിൽ അല്ലാഹു പറയന്നു: നാം നിങ്ങൾക്ക് ഉറക്കത്തിന് സമാനമായ അവസ്ഥ ഉണ്ടാക്കി. എന്നാൽ, ഉറക്കം പോലെ, തങ്ങൾക്കുമേൽ ഒരു നിയന്ത്രണവുമില്ലാത്ത അവസ്ഥയല്ലായിരുന്നു. അവൻ നിങ്ങൾക്ക് സമാധാനം നൽകുകയായിരുന്നു. എന്നാൽ, നിശ്ശേഷ്ഠരാക്കുകയല്ലായിരുന്നു.

അതുപോലെ ഹദ്റത്ത് അബൂ ത്വൽഹ(റ) പറയുന്നു: ഇതു ബുഖാരിയിലുള്ള ഹദീഥാണ്. അതായത് ഉഹുദ് ദിവസം ഞങ്ങൾക്ക് മയക്കം അനുഭവപ്പെട്ടു. ഈ മയക്കത്തെപ്പറ്റിയാണ് നേരത്തെ പറഞ്ഞത്. ഹദ്റത്ത് ത്വൽഹ(റ) പറയുന്നു: വാൾ കൈയിൽനിന്ന് വീഴുമെന്നാകുമ്പോൾ ഞാൻ അത് പിടിക്കുമായിരുന്നു. ചുരുക്കത്തിൽ ഈ ഹദീഥ് പറയുന്നത്, അത് കൈയിൽനിന്ന് സാധനങ്ങൾ വീണുപോകുന്ന വിധത്തിലോ, അല്ലെങ്കിൽ നടക്കുമ്പോൾ സ്വയം വീണുപോകുന്ന അവസ്ഥയിലോ ഉള്ള ഉറക്കമല്ലായിരുന്നു. സമാധാനവും ശാന്തിയുമായിരുന്നു. എങ്കിലും ഒരു പരിധിവരെ ഞങ്ങൾക്ക് ഞങ്ങളുടെ അവയവങ്ങൾക്കുമേൽ നിയന്ത്രണമുണ്ടായിരുന്നു. വീണുപോകുമ്പോൾ അത് വീഴാതെ ശ്രദ്ധിക്കുമായിരുന്നു. ചുരുക്കത്തിൽ മയക്കം വെറുതെ ഉണ്ടായതല്ല. മറിച്ച് അതൊരു അവസ്ഥയായിരുന്നു. അതാകട്ടെ കുറച്ചുനേരം അവർക്ക് അനുഭവപ്പെടുകയും ചെയ്തു.

തിർമിദി അബ്വാബ് തഫ്സീറിൽ ഹദ്റത്ത് അബൂ ത്വൽഹയിൽനിന്നുള്ള നിവേദനം: ഉഹുദുയുദ്ധ ദിവസം തലയുയർത്തി നോക്കുമ്പോൾ എല്ലാവരും ഉറക്കം തൂങ്ങിത്തൂങ്ങി തങ്ങളുടെ തല താഴേക്ക് ചായ്ക്കുകയായിരുന്നു. (നിരന്തരം) ഉണർന്നിരുന്നതും ക്ഷീണവുംകൊണ്ട് സ്വഹാബാക്കളുടെ അവസ്ഥ വളരെ മോശമായിട്ടുണ്ടായിരുന്നു. അത്തരം സന്ദർഭത്തിൽ അല്ലാഹുവിൽനിന്ന് ഒരു സമാധാനാവസ്ഥ കിട്ടുകയായിരുന്നു. പറയുന്നു: ഈ ദൃശ്യം പൊതുവിൽ എല്ലാവരുടേയും അവസ്ഥയായിരുന്നു. യാദൃച്ഛികമായി ഏതെങ്കിലും ഒരു യോദ്ധാവിന് ക്ഷീണം കാരണമുണ്ടായ അവസ്ഥയായിരുന്നില്ല. മറിച്ച് നബി(സ)തിരുമേനിയുടെകൂടെ യുദ്ധത്തിൽ ശത്രുക്കൾക്കെതിരിലുണ്ടായിരുന്ന എല്ലാവർക്കുമേലും പെട്ടെന്ന് ആകാശത്ത് നിന്ന് എന്തോ ഒന്ന് ഇറങ്ങിയ പ്രതീതിയായിരുന്നു. ആ അവസ്ഥ അവരെ ആവരണം ചെയ്തു. ആ സമയത്ത് അവർക്ക് അതിന്റേയും സമാധാനത്തിന്റേയും ശരീരത്തെ ഊർജ്ജിതമാക്കേണ്ടതിന്റേയും പുതുശ്വാസം കിട്ടേണ്ടതിന്റേയും അനിവാര്യതയുമുണ്ടായിരുന്നു. അത് ഉറക്കത്തിന്റെ സമയമായിരുന്നു. അത്തരം സന്ദർഭത്തിൽ അതായത് അത്തരം ക്ഷീണമുണ്ടാകുമ്പോൾ ഈയൊരു അവസ്ഥ മനുഷ്യന് ഉണ്ടാകുന്നതാണ്. ഏതായാലും യുദ്ധം നടക്കുകയും ശത്രുക്കളിൽനിന്ന് കഠിനമായ ആപത്ത് നേരിടുകയും ചെയ്യുന്ന ഘട്ടത്തിൽ മുഴുവൻ സമൂഹത്തിനുമേലും പെട്ടെന്ന് ഉറക്കത്തിന്റെ അവസ്ഥ ഉണ്ടാകുന്നത് ഒരു അത്ഭുതം തന്നെയാണ്. ഇതൊരു യാദൃച്ഛിക സംഭവമല്ലായിരുന്നു. ചില ആളുകൾക്ക് അങ്ങനെ സംഭവിക്കാം. എന്നാൽ, ഇവിടെ അതൊരു യാദൃച്ഛികമായി ഉണ്ടായ കാര്യമല്ല. ഇത് അല്ലാഹുവിൽനിന്ന് പ്രത്യേകമായും ഉണ്ടായ സമാധാനത്തിന്റേയും ശാന്തിയുടേയും ഒരു അവസ്ഥയായിരുന്നു.(ദറസുൽഖുർആൻ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ് റമളാൻ 6, 1994 ഫെബ്രുവരി 17)

അല്ലാമ അബ്ദുർറസ്സാഖ്, സുഹ്രിയിൽനിന്ന് നിവേദനം. നബി(സ)തിരുമേനിയുടെ മുഖത്തിനുനേരെ ഉഹുദ് യുദ്ധ ദിവസം 70 ആക്രമണമുണ്ടായി. അല്ലാഹു അതിന്റെയെല്ലാം ഉപദ്രവത്തിൽനിന്ന് നബി(സ)തിരുമേനിയെ സംരക്ഷിച്ചു. ഇബ്നു ഹജർ അസ്ഖലാനി പറയുന്നു: സുഹ്രി 70 കൊണ്ട് 70 തന്നെയായിരിക്കാം ഉദ്ദേശിച്ചിട്ടുള്ളത്. അതല്ലെങ്കിൽ ആധിക്യം എന്നതിലേക്ക് അതിശയോക്തി പ്രകടിപ്പിച്ചതുമാകാം.(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 198, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ ഏറ്റവും അടുത്തുള്ളയാളെയാണ് ഏറ്റവും വലിയ യോദ്ധാവായി ഗണിച്ചിരുന്നത്. കാരണം നബി(സ)തിരുമേനി വലിയ അപകടകരമായ സ്ഥലത്താണ് നിന്നിരുന്നത്. സുബ്ഹാനല്ലാഹ്, എത്രമാത്രം ഉന്നത പ്രൗഢിയാണ്. ഉഹുദിൽ നോക്കൂ! ഖഡ്ഗത്തിനുമേൽ ഖഡ്ഗം പതിച്ചുകൊണ്ടിരുന്നു. വളരെ ശക്തമായ യുദ്ധം നടക്കുകയായിരുന്നു. സ്വഹാബാക്കൾക്ക് സഹിക്കാൻതന്നെ കഴിഞ്ഞിരുന്നില്ല. പക്ഷേ, ആ യോദ്ധാക്കൾ നെഞ്ച് വിരിച്ച് യുദ്ധം ചെയ്തുകൊണ്ടിരുന്നു. അതിൽ സ്വഹാബാക്കളുടെ കുറ്റമൊന്നുമില്ലായിരുന്നു. അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തിരുന്നു. മറിച്ച് അതിലുള്ള രഹസ്യമെന്തെന്നാൽ, നബി(സ)തിരുമേനിയുടെ ധൈര്യത്തിന്റെ മാതൃക പ്രകടമാകേണ്ടിയിരുന്നു.

ആ മഹാത്മാവ് പറയുന്നു: ഒരു സന്ദർഭത്തിൽ വാളുകൾ ശക്തമായി പ്രഹരമേൽപിക്കുന്നുണ്ടായിരുന്നു. അപ്പോൾ നബി(സ)തിരുമേനി തന്റെ നുബൂവ്വത്ത് വാദമുന്നയിച്ചുകൊണ്ട് പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ പ്രവാചകനാകുന്നു. നബി(സ) തിരുമേനിയുടെ നെറ്റിത്തടത്തിൽ 70 മുറിവുകളുണ്ടായി. പക്ഷേ, അവ നിസ്സാരമായിരുന്നു. ഇത് ഉന്നതമായ സ്വഭാവ വൈശിഷ്ട്യമാകുന്നു.(മൽഫൂദാത്ത് വാള്യം 1, പേജ് 115, 2022 പതിപ്പ്)

നബി(സ)തിരുമേനി കുഴിയിൽ വീണതുമായി ബന്ധപ്പെട്ടുള്ള നിവേദനം ഇപ്രകാരമാകുന്നു. അബൂ ആമിർ ഹാസിഖ് ഉഹുദ് മൈതാനത്ത് നിരവധി കുഴികളുണ്ടാക്കിയിരുന്നു. അതിൽ അറിയാതെ മുസ്‌ലിമീങ്ങൾ വീഴണമെന്നും അങ്ങനെ നഷ്ടമുണ്ടാകട്ടെ എന്നതുമായിരുന്നു ഉദ്ദേശ്യം. നബി(സ)തിരുമേനി അറിയാതെ ഇതിൽ ഒരു കുഴിയിൽ വീഴുകയുണ്ടായി. നബി(സ)തിരുമേനിക്ക് മോഹാലസ്യമുണ്ടാകുകയും രണ്ട് കാൽമുട്ടിനും പരിക്കേൽക്കുകയും ചെയ്തു. ഹദ്റത്ത് അലി വേഗം മുന്നോട്ടുവന്ന് നബി(സ)തിരുമേനിയെ തന്റെ കൈകളിൽ താങ്ങുകയും ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് നബി(സ)തിരുമേനിയെ എടുത്ത് മുകളിലെത്തിക്കുകയും ചെയ്തു. നബി(സ)തിരുമേനി വീഴാൻ കാരണം ദുർഭഗനായ ഇബ്നു ഖമിഅ ആയിരുന്നു. കാരണം അയാൾ നബി(സ)തിരുമേനിയെ വാളുകൊണ്ട് ആക്രമിച്ചിരുന്നു. വാൾ, നബി(സ)തിരുമേനിയുടെ കഴുത്തിൽ കൊള്ളുകയുണ്ടായി. പക്ഷേ, വാൾ നബി(സ)തിരുമേനിക്ക് ആപത്തൊന്നുമുണ്ടാക്കിയില്ല. പക്ഷേ, അതുമുഖേന ഉണ്ടായ പരിക്ക് നബി(സ)തിരുമേനിയുടെ കഴുത്തിൽ ശക്തമായ ആഘാതമാണ് ഏല്പിച്ചത്. അതിനുശേഷം ഒന്നോ അതിലധികമോ മാസംവരെ നബി(സ) തിരുമേനിയുടെ കഴുത്തിൽ പ്രയാസമുണ്ടായിരുന്നു. (പരിക്കേറ്റതോടൊപ്പം) നബി(സ)തിരുമേനിക്കുനേരെ അയാൾ കല്ലെറിയാനും തുടങ്ങി. അതിൽ ഒന്ന് നബി(സ)തിരുമേനിയുടെ പാർശ്വത്തിൽ കൊണ്ടു. മറുഭാഗത്തുനിന്ന് ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസിന്റെ സഹോദരനായ ഉത്ബ ബിൻ അബീ വഖാസ് നബി(സ)തിരുമേനിയുടെ നേരെ ഒരു കല്ലെടുത്തെറിഞ്ഞു. അത് നബി(സ)തിരുമേനിയുടെ മുഖത്താണ് പതിച്ചത്. അതുകൊണ്ടപ്പോൾ നബി(സ)തിരുമേനിയുടെ താഴെനിരയിലുള്ള രണ്ട് പല്ലുകൾക്കും കോമ്പല്ലിനും ഇടയിലുള്ള പല്ല് പൊട്ടിപ്പോവുകയുണ്ടായി. അതോടൊപ്പം കീഴ്ചുണ്ടിനും മുറിവേറ്റു. ഇമാം ഇബ്നു ഹജർ അസ്ഖലാനി പറയുന്നു: പല്ലിന്റെ ഒരു കഷണം പൊട്ടിപ്പോയി. വേരോടെ പൊട്ടിയിട്ടില്ലായിരുന്നു. സഅ്ദ് ബിൻ അബീവഖാസ് നബി(സ)തിരുമേനിയെ ആക്രമിച്ചത് അദ്ദേഹത്ത

ന്റെ സഹോദരൻ ഉത്ബയാണെന്ന് അറിഞ്ഞപ്പോൾ അയാളെ പിന്തുടർന്ന് സൈന്യത്തിനകത്ത് നുഴഞ്ഞുകയറി. അദ്ദേഹം പറയുന്നു: അന്ന് അയാളെ വധിക്കാനുണ്ടായത്ര ആഗ്രഹം എനിക്ക് മറ്റൊരു കാര്യത്തെ പറ്റിയും ഉണ്ടായിരുന്നില്ല. ഉത്ബ അദ്ദേഹത്തെ കണ്ണുവെട്ടിച്ച് കടന്നുകളഞ്ഞു. അദ്ദേഹം വീണ്ടും അയാളെ അന്വേഷിച്ചുപോയെങ്കിലും അയാൾ കൂടെക്കൂടെ അദ്ദേഹത്തെ വെട്ടിച്ച് കടന്നുപോയി. മൂന്നാമത്തെ തവണ അദ്ദേഹം പുറപ്പെട്ടപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിനോടു പറഞ്ഞു: അല്ലയോ ദൈവദാസാ! നീ ജീവൻ വെടിയാൻ പോകുകയാണോ? സഅ്ദ് പറയുന്നു, ഇങ്ങനെ നബി(സ)തിരുമേനി തടഞ്ഞപ്പോൾ ഞാനും പിൻവാങ്ങി. നബി(സ) തിരുമേനി ഉത്ബ ബിൻ വഖാസിനെതിരിൽ ഇപ്രകാരം ദുആ ചെയ്തു. അല്ലാഹുമ്മ ലാ യഹൂലു അലയ്ഹിൽഹൗലു ഹത്താ യമൂത്ത കാഫിറൻ അല്ലാഹുവേ, അയാൾ ഒരു വർഷത്തിനകം കാഫിറായ അവസ്ഥയിൽത്തന്നെ മരണപ്പെടേണമേ. അല്ലാഹു നബി(സ)തിരുമേനിയുടെ ദുആ സ്വീകരിക്കുകയും അതേ ദിവസം അയാൾ ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽതഅ അയാളെ വധിക്കുകയും ചെയ്തു. ഹദ്റത്ത് ഹാത്വിബ് പറയുന്നു: ഞാൻ ഉത്ബ ബിൻ അബീ വഖാസ്വിന്റെ ലജ്ജയില്ലാത്ത പെരുമാറ്റം കണ്ടപ്പോൾ നബി(സ) തിരുമേനിയോട് ചോദിച്ചു. ഉത്ബ് എങ്ങോട്ടാണ് പോയത്. നബി(സ)തിരുമേനി അയാൾ പോയയിടത്തേക്ക് ചൂണ്ടിക്കാണിച്ചു. ഞാൻ ഉടൻതന്നെ അയാളെ പിന്തുടർന്ന് പുറപ്പെട്ടു. അങ്ങനെ ഒരിടത്ത് അയാളെ കണ്ടുമുട്ടി. ഉടൻതന്നെ ഞാൻ അയാൾക്കുമേൽ വാൾ ചുഴറ്റി. അതിൽ അയാളുടെ കഴുത്ത് മുറിഞ്ഞ് ദൂരത്ത് തെറിച്ചുവീണു. ഞാൻ മുന്നോട്ട് ഗമിച്ച് അയാളുടെ വാളും കുതിരയും കരസ്ഥമാക്കി. അതുമായി നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ)തിരുമേനി ഈ വാർത്ത അറിഞ്ഞപ്പോൾ രണ്ട് തവണ റളിയല്ലാഹു അൻക റളിയല്ലാഹു അൻക അല്ലാഹു നിന്നിൽ തൃപ്തിപ്പെട്ടിരിക്കുന്നു. അല്ലാഹു നിന്നിൽ തൃപ്തിപ്പെട്ടിരിക്കുന്നു എന്ന് പറയുകയുണ്ടായി. ആക്രമണത്തിൽ നബി(സ)തിരുമേനിയുടെ ശിരസിലണിഞ്ഞിരുന്ന പടത്തൊപ്പിയുടെ ആണിയും മുറിഞ്ഞിരുന്നു. ശത്രുക്കളുടെ നിരന്തരമായ ആക്രമണം കാരണം നബി(സ)തിരുമേനിയുടെ മുഖത്തും പരിക്കേറ്റിരുന്നു. തൊലി പൊളിയുകയും ചെയ്തിരുന്നു. നബി(സ)തിരുമേനിയുടെ മുഖത്തെ ആക്രമിച്ചത് അബ്ദുല്ലാഹ് ബിൻ ശിഹാബ് സുഹ്രി ആയിരുന്നു. പിന്നീട് ഇദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. ഈ വിശദീകരണങ്ങൾ ഇനിയും തുടരുന്നതാണ്. (ഇൻശാഅല്ലാഹ്)

ഈ സമയത്ത് ഞാൻ ചില പരേതാത്മക്കളേയും അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. ആദ്യത്തെ അനുസ്മരണം ജനാബ് അബൂ ഹിൽമി മുഹമ്മദ് ഉകാശ സാഹിബ് ഓഫ് ഫലസ്തീന്റേതാണ്. ശരീഫ് ഓദേ സാഹിബ് അദ്ദേഹത്തെപറ്റി എഴുതുന്നു: ഏതാനും ദിവസങ്ങൾക്കുമുമ്പേ ഗാസയിലെ നമ്മുടെ അഹ്മദീ സഹോദരൻ മുഹമ്മദ് ഉകാശ സാഹിബിനെ വളരെ ക്രൂരമായ നിലയിൽ ശഹീദാക്കുകയുണ്ടായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ

അദ്ദേഹത്തിന്റെ മൃതശരീരം വീടിന് കുറച്ചകലെ നിന്നാണ് കിട്ടിയത്. പരേതൻ വളരെ ആത്മാർഥനായ അഹ്മദിയായിരുന്നു. 75 വയസ്സായിരുന്നു. തന്റെ സ്വന്തം ഗ്രാമത്തിൽനിന്ന് ഹിജ്റത്ത് ചെയ്ത് ഗാസയിലെ ജബാലിയാൻ എന്ന സ്ഥലത്ത് അഭയാർഥി കാമ്പിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന് 7 ആൺമക്കളും 5 പെൺമക്കളും 33 പേരമക്കളുമുണ്ട്. അദ്ദേഹത്തിന്റെ പൗത്രൻ പറയുന്നു: ആഴ്ചകളായി അദ്ദേഹവുമായി ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. താൽക്കാലിക യുദ്ധവിരാമ സമയത്ത് അദ്ദേഹത്തെ അന്വേഷിച്ചുപോയപ്പോൾ വീട്ടിൽ കണ്ടെത്താൻ കഴിഞ്ഞില്ല. പിന്നെ വീട്ടിൽനിന്ന് 100 മീറ്റർ അകലെ ചിതറിക്കിടക്കുന്ന മൃതദേഹങ്ങൾക്കിടയിൽനിന്നാണ് അദ്ദേഹത്തിന്റെ മൃതശരീരവും കിട്ടിയത്. അദ്ദേഹത്തെ ശിരസിൽ വെടിവെച്ചാണ് ശഹീദാക്കിയത്.

ഗാസയിലെ അഹ്മദിയായ യാസീൻ ശാഹീൻ സാഹിബ് പറയുന്നു: പരേതൻ 10 വർഷം മുമ്പേ ഡിഷ് വെച്ചപ്പോൾ എന്നോടു പറഞ്ഞു, എം.ടി.എ ചാനൽ തിരയാൻ എന്നെ സഹായിക്കണം. ആ സമയത്ത് അദ്ദേഹം മുഖേനയാണ് എനിക്ക് അഹ്മദിയ്യത്തിനെ പറ്റി അറിയാൻ കഴിഞ്ഞത്. കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹം ജമാഅത്തിനെപറ്റി എനിക്ക് കൂടുതൽ പരിചയപ്പെടുത്തിത്തന്നു. ചില പുസ്തകങ്ങളും അയച്ചുതന്നു. പിന്നെ കുറച്ചുകാലം ഞങ്ങൾക്കിടയിൽ ചർച്ചകൾ നടന്നുകൊണ്ടിരുന്നു. തുടർന്ന് ഞാൻ ഇസ്തിഖാറ ചെയ്യുകയും, ഭാര്യയോടൊപ്പം ബയ്അത്ത് ചെയ്യാൻ തൗഫീഖ് ലഭിക്കുകയും ചെയ്തു. ഞാൻ ബയ്അത്ത് ചെയ്തപ്പോൾ മുഹമ്മദ് ഉഖാശ സാഹിബ് വളരെയധികം സന്തോഷിക്കുകയുണ്ടായി. തുടർന്ന് ഞങ്ങൾ തമ്മിലുള്ള ബന്ധം സുദൃഢമായി. അദ്ദേഹം മണിക്കൂറുകളോളം നിരവധി ഖുർആനിക ആയത്തുകളുടെ തഫ്സീർ എനിക്ക് പറഞ്ഞുതന്നിരുന്നു. തഫ്സീർ കബീറിൽനിന്നുള്ള ഉദ്ധരണികൾ കേൾപ്പിക്കുമായിരുന്നു. നാസിഖ്-മൻസൂഖ് പോലുള്ള വിഷയങ്ങൾ മനസ്സിലാക്കിത്തന്നിരുന്നു. അദ്ദേഹത്തിന്റെ അവതരണ ശൈലി ഏറെ പ്രിയങ്കരമായിരുന്നു. നീണ്ടകാലമായി ഒരു പുസ്തകം തയ്യാറാക്കിക്കൊണ്ടിരിക്കുകയായിരുന്നു. എന്നെ വിളിച്ച് കേൾപ്പിക്കുകയും കൂടുതൽ മെച്ചപ്പെടുത്തുകയും വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹം തന്റെ വീടവലുതാക്കി ഒരു ലൈബ്രറി ഉണ്ടാക്കണമെന്നും അതിൽ ജമാഅത്തി ഗ്രന്ഥങ്ങളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ തയ്യാറാക്കിവെക്കണണമെന്നും ആഗ്രഹിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ കുടുംബം അഹ്മദിയ്യത്ത് കാരണം അദ്ദേഹത്തെ ദ്രോഹിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് ആഗ്രഹം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അദ്ദേഹം മുഖേനയാണ് ഞാൻ ഗാസയിൽ ജമാഅത്തുമായി ബന്ധപ്പെട്ടത്. ഞങ്ങളെല്ലാം അദ്ദേഹത്തിന്റെ പൂമുഖത്ത് അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അവസാന വർഷങ്ങളിൽ ആരോഗ്യം മോശമായ കാരണത്താൽ അധികവും വീട്ടിൽത്തന്നെയാണ് കഴിച്ചുകൂട്ടിയിരുന്നത്. വളരെ പ്രയാസപ്പെട്ടാണ് എന്തെങ്കിലും ചെയ്തിരുന്നത്.

ഗാസയിലെ ഒരു അഹ്മദി ഇവൽ സാഹിബ് പറയുന്നു: അദ്ദേഹം ഉയരമുള്ള മൃദുലമേനിയുള്ള വെളുത്ത താടിയുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ നന്മയുടേയും തഖ്‌വായുടേയും പ്രതിഫലനം വളരെ വേഗം സംബോധിതനിൽ ഉണ്ടാകുമായിരുന്നു. എപ്പോഴും ദിക്റെ ഇലാഹിയിലും ജമാഅത്തീ ഗ്രന്ഥപാരായണത്തിലും മുഴുകിയിരുന്നു. അദ്ദേഹത്തിന്റെ വീടിനടുത്ത് ജമാഅത്തിന്റെ ഒരു മസ്ജിദ് ഉണ്ടാകണമെന്ന് അദ്ദേഹത്തിന് വലിയ ആഗ്രഹമുണ്ടായിരുന്നു. 2014-ലെ യുദ്ധത്തിനുശേഷം അദ്ദേഹം ഒരു ലേഖനം തയ്യാറാക്കിയിരുന്നു. അതിൽ അദ്ദേഹം എഴുതുന്നു: ഒരുനാൾ വരാനിരിക്കുന്നു. അന്ന് ഖബ്റുകൾക്കുമേൽ ബോംബുകൾ വർഷിക്കുന്നതാണ്. തന്റെ നാട്ടിലും കല്ലുകൾ പലഭാഗത്തേക്കും ചിതറുന്നതാണ്. പിന്നെ അതുപോലെതന്നെ സംഭവിക്കുകയുണ്ടായി. ഒരുപാട് ബുദ്ധിമുട്ടുകൾ വലയം ചെയ്യപ്പെട്ട അവസ്ഥയിലായിരുന്നിട്ടുകൂടി കൂടിക്കാഴ്ചക്ക് വന്നവരെ പുഞ്ചിരിച്ചുകൊണ്ട് എതിരേറ്റിരുന്നു. വളരെ കൂർമബുദ്ധിയുള്ള ആളായിരുന്നു. മറ്റുള്ളവരുടെ ചിന്താഗതിയെ വളരെ പെട്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു.

ഡോ. യൂസുഫ് സാഹിബ് പറയുന്നു: അബൂ ഹിൽമീ സാഹിബ് വളരെ ആത്മാർഥതയുള്ള സത്യസന്ധനായ അഹ്മദിയായിരുന്നു. അഹ്മദി ആകുന്നതിനു മുമ്പേതന്നെ അദ്ദേഹത്തിന്റെ ചിന്താഗതിയും പെരുമാറ്റവും അഹ്മദിയുടേത് പോലെതന്നെയായിരുന്നു. അതുകൊണ്ട് ജമാഅത്തിനെപറ്റി അറിഞ്ഞ ഉടൻതന്നെ അദ്ദേഹം ബയ്അത്ത് ചെയ്യുകയുണ്ടായി. ബയ്അത്തിനുശേഷം ശയ്ഖന്മാരുമായും ചുറ്റുവട്ടത്തുള്ള ആളുകളുമായും ജമാഅത്തിനെ പറ്റി സംസാരിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് തന്റെ സ്വന്തക്കാരിൽനിന്നും വളരെ പ്രയാസങ്ങളും എതിർപ്പും നേരിടേണ്ടി വന്നിട്ടുണ്ട്. അവസാന ആയുസ്സിൽ ഊന്നുവടിയുടെ സഹായത്തോടെ ജുമുഅക്കും യോഗങ്ങൾക്കും ആദ്യമേതന്നെ എത്തിയിരുന്നു. അദ്ദേഹത്തിന് ഒരുപാട് ബുദ്ധിമുട്ടും വഴിയിൽ എതിരാളികളുടെ ഭാഗത്തുനിന്നുള്ള അപായങ്ങളുമുണ്ടായിരുന്നു. ചന്ദകളും മറ്റുള്ളവരേക്കാൾ മുമ്പേ കൊടുത്തിരുന്നു. വാസ്തവത്തിൽ അദ്ദേഹം വളരെ ഞെരുക്കത്തിലാണ് കഴിഞ്ഞിരുന്നത്. ജമാഅത്തും അതിന്റെ ചിന്താഗതികളും ലോകത്ത് മുഴുവൻ മേൽക്കോയ്മ നേടണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. കാരണം അതിൽ മാത്രമാണ് മനുഷ്യത്വത്തിന്റെ എല്ലാ പ്രയാസങ്ങൾക്കുമുള്ള പരിഹാരം. അദ്ദേഹത്തിന് മസ്ജിദും ജമാഅത്തീ കേന്ദ്രവും ഉണ്ടാക്കാൻ തന്റെ വീടും ഭൂമിയുടെ ഒരു ഭാഗവും നൽകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, കുടുംബത്തിലെ എതിരാളികൾ തടസ്സം സൃഷ്ടിക്കുകയായിരുന്നു.

അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളെ അദ്ദേഹത്തിന്റെ ദുആകളുടെ അവകാശികളാക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളും ബന്ധുക്കളും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം മനസ്സിലാക്കുന്നവരായി മാറട്ടെ. അങ്ങനെ സമാധാനവും ശാന്തിയും കാണുന്നവരും ആയിത്തീരട്ടെ. അല്ലാഹു അദ്ദേഹത്തിന്റെ ദേശത്ത് സമാധാനമുണ്ടാക്കട്ടെ. ദ്രോഹികളുടെ കൈകൾ തടയുകയും അക്രമത്തെ അവസാനിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDULAMEER
AHMADIYYA JAMA-ATH PATHAPPIRIYAM, KERAIA

ഇസ്റാഈൽ ഇപ്പോൾ ലബ്നോണിന്റെ അതിർത്തിയിലും ഹിസ്ബുല്ലയ്ക്കെതിരിൽ യുദ്ധകേന്ദ്രം ആരംഭിക്കുകയാണ്. അതുകൊണ്ട് അവസ്ഥകൾ കൂടുതൽ വഷളാകുന്നതാണ്. അതുപോലെ അമേരിക്കയും ബ്രിട്ടനും യമനിലെ ഹൗഥീ ഗോത്രങ്ങൾക്കെതിരിലും യുദ്ധ കേന്ദ്രങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതെല്ലാം യുദ്ധം കൂടുതൽ വിപുലമാക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ എല്ലാ എഴുത്തുകാരും ആഗോള യുദ്ധത്തിന്റെ അടയാളങ്ങൾ വളരെ സമീപസ്ഥമായി കാണപ്പെടുന്നുവെന്ന് എഴുതിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഒരുപാട് ദുആ ചെയ്യേണ്ടത് അനിവാര്യമാണ്. അല്ലാഹു മനുഷ്യകുലത്തിന് ബുദ്ധിയും വിവേകവും പ്രദാനം ചെയ്യുമാറാകട്ടെ.

മറ്റൊരു ജനാസ ജർമനിയിലെ മുറബ്ബിയായ ഹയ്ദർ അലി സഫ്ർ സാഹിബിന്റെ ഭാര്യ അമത്തുന്നസ്വീർ സഫ്ർ സാഹിബയുടേതാണ്. കഴിഞ്ഞ ദിവസം അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയ ആയിരുന്നു. അവരുടെ സന്തപ്ത കുടുംബത്തിൽ അവരുടെ കുടുംബത്തിന് പുറമെ രണ്ടു ആൺമക്കളും ഒരു മകളുമുണ്ട്. അവരുടെ മാതാമഹൻ ഹദ്റത്ത് ചൗദ്രരീ അമീനുല്ലാഹ് സാഹിബ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു.ഹയ്ദർ അലി സഫ്ർ സാഹിബ് എഴുതുന്നു:ഞാൻ മുറബ്ബിയായിരുന്നു. ഫീൽഡിലാണുണ്ടായിരുന്നത്. വിവിധ കാലങ്ങളിൽ ഏകദേശം 12 വർഷം ഇവർ തനിച്ചായിരുന്നു. പക്ഷേ, ഒരിക്കലും പരാതിയൊന്നും പറഞ്ഞിട്ടില്ല. ഒരിക്കൽ ഏതോ കാര്യത്തിൽ കുറച്ച് ഡിസ്റ്റർബുണ്ടായി. എന്തുകൊണ്ട് ആദ്യമെ പറഞ്ഞില്ല എന്നു ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു, അങ്ങ് ഫീൽഡിലാണല്ലോ. അങ്ങയ്ക്ക് ഡിസ്റ്റർബാകണ്ട എന്നു കരുതി.... അല്ലാഹു പരേതയോടു പൊറുക്കലോടുകൂടി പെരുമാറട്ടെ.

അടുത്ത ജനാസ ഹബീബുല്ലാഹ് കാഹ്ലൂൻ സാഹിബ് ഘട്ടിയാലായുടെ ഭാര്യ നസീം അഖ്തർ സാഹിബയുടേതാണ്. കഴിഞ്ഞ ദിവസം അവർ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയയായിരുന്നു. വസ്വിയ്യത്തിന്റെ എല്ലാ കണക്കുകളും വഫാത്തിനുമുമ്പേ പൂർത്തിയാക്കിയിരുന്നു. ഹിസ്സ്വ ജാഇദാദ് തന്റെ ജീവിതകാലത്തുതന്നെ നല്കി. സന്തപ്ത കുടുംബത്തിൽ ഭർത്താവിനു പുറമെ ആറ് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. ഒരു മകൾ അവരുടെ ജീവിതകാലത്ത് വഫാത്തായിരുന്നു. കുട്ടികളേയും വളരെ സ്നേഹത്തോടെ പോറ്റി വളർത്തി. നല്ല വിദ്യഭ്യാസം നല്കി. ആൺകുട്ടികളിൽ നാലു പേർ വാഖ്ഫീനെ സിന്ദഗിയാണ്. അവരുടെ ഒരു മകൻ നവേദ് ആദിൽ സാഹിബ് ലൈബ്രീരിയായിലെ ഇൻചാർജ് മിഷണറിയാണ്. പ്രവർത്തന രംഗത്തായ കാരണത്താൽ തന്റെ മാതാവിന്റെ ജനസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇദ്ദേഹം പറയുന്നു:ഇവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഇവരുടെ പിതാവ് മൗലാബഖ്ശ് സാഹിബു മുഖേനയാണ്. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീയുടെ കാലത്താണ് ബയ്അത്തു ചെയ്തത്. അദ്ദേഹത്തിന് ദീനീപരമായി നല്ല അറിവുണ്ടായിരുന്നു. ചില നേരത്ത് ഇവരെ കണ്ടുമുട്ടുന്ന ഇവരോടു നിങ്ങൾ എത്രവരെ പഠിച്ചിട്ടുണ്ടെന്ന് ചോദിക്കാറുണ്ടായിരുന്നു. ഭൗതികവിദ്യഭ്യാസവും നന്നേ കുറവായിരുന്നു. ദീനീ പരമായ അറിവിന്റെ താൽപര്യത്തെ കുറിച്ച് മിക്കപ്പോഴും അത് തന്റെ പിതാവ് കാരണത്താലാണെന്ന് പറയാറുണ്ടായിരുന്നു. കാരണം അദ്ദേഹം മസ്ജിദിൽനിന്ന് ദറസു കേട്ടുവരുമ്പോൾ വീട്ടിൽവന്ന് നിർബന്ധമായും ഞങ്ങളോടു അതു പറയുമായിരുന്നു. വീടുകളിൽ ഇത്തരത്തിലുള്ള ചർച്ച നടന്നുവരികയാണെങ്കിൽ മാതാപിതാക്കൾക്ക് വലിയ സ്വാധീനമുണ്ടാകുന്നതാണ്. ജമാഅത്തിനോടും ഖലിഫത്തിനോടും അതിരറ്റ സ്നേഹമായിരുന്നു. ധൈര്യവതിയും ദീനീപരമായി ആത്മാഭിമാനം ഉൾക്കൊള്ളുന്നവരുമായിരുന്നു. ജമാഅത്തിനും ഹദ്റത്ത് മസീഹ് മൗഊദിനുമെതിരിൽ പറയുന്നത് സഹിക്കുമായിരുന്നില്ല. നമസ്കാരങ്ങളിൽ കൃത്യത പാലിച്ചിരുന്നു. തഹജ്ജുദ് നമസ്കരിക്കുകയും മുടങ്ങാതെ ഇഅ്തിക്കാഫ് ഇരിക്കുകയും ചെയ്യുമായിരുന്നു. അവസാനം കുറച്ചു വർഷം ഇരിക്കാൻ കഴിഞ്ഞില്ല. റമളാൻമാസത്തിൽ വിശുദ്ധ ഖുർആൻ മൂന്നും നാലും തവണ ഖത്തം ചെയ്യുമായിരന്നു. നടക്കുമ്പോഴും ഇരിക്കുമ്പോഴുമൊക്കെ സ്വലത്തും ദിക്റും ചൊല്ലിക്കൊണ്ടിരിക്കുമായിരുന്നു. ഒരു ദിവസം വീണതുകൊണ്ട് കാലൊടിഞ്ഞു. ഈ എഴുതുന്ന അവരുടെ മകൻ മുറബ്ബി ആദിൽ പറയുന്നു: ആനേരത്ത് ഇദ്ദേഹത്തിന്റെ ചെറിയ സഹോദരൻ അവിടെ പോയിരുന്നു. ഈ വീണ നേരത്ത് അദ്ദേഹത്തിന് മടങ്ങിപ്പോകണമായിരുന്നു, മാതാവ് അദ്ദേഹത്തോടു പറഞ്ഞു, നീ നിന്റെ ഡ്യൂട്ടിയിൽ പൊയ്ക്കൊള്ളുക. അടുത്തുള്ള വേറൊരു ഗ്രാമത്തിൽനിന്ന് തന്റെ മകളുടെ ഭർത്താവിനെ വിളിപ്പിച്ചു. അദ്ദേഹത്തോടൊപ്പം ആശുപത്രിയിൽപോയി. തന്റെ ആ മകനോടു പറഞ്ഞു: നിന്റെ ജോലിയെന്താണെന്നാൽ, ദീനിന്റെ സേവനത്തിന് പെട്ടെന്ന് പോകേണ്ടതാണ്.

നവേദ് ആദിൽ സാഹിബ് പറയുന്നു. ഏഴു വർഷത്തിനുശേഷം ലീവിൽപോയി. കൂടിക്കണ്ടു. ആനേരത്ത് അവർ ഉപദേശിച്ചു:ജീവിതവും മരണവും അല്ലാഹുവിന്റെ കൈയിലാണ്. എപ്പോഴാണ് സമയം വരുന്നതെന്ന് ആർക്കും അറിയില്ല. അതുകൊണ്ട് എന്റെ സമയം വരുമ്പോൾ നീ ഡ്യൂട്ടി ഒഴിവാക്കി വരരുത്. എവിടെയാണോ നീ ഉള്ളത് അവിടത്തന്നെ നിൽക്കണം. അതുകൊണ്ട് മാതാവ് മരിക്കുമ്പോൾ എത്താൻ പറ്റാത്ത സ്ഥലത്തായിരുന്നു അദ്ദേഹമുണ്ടായിരുന്നത്. അതിനാൽ ജനാസയിൽ പങ്കെടുക്കാൻ സാധിച്ചില്ല.

മൂന്നാമത്തെ ജനാസ ബശീറാബാദ് സ്റ്റേറ്റിലെ റശീദ് അഹ് മദ് ഉമീർ സാഹിബിന്റെ ഭാര്യമുബാറക്ക ബീഗം സാഹിബയുടേതാണ്. ഇവരും കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഇവരുടെ പിതാവ് ബഹാവുൽ ഹഖ് സാഹിബ് മുഖേനയായിരുന്നു. അദ്ദേഹം 1948-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീയുടെ കൈയിൽ ബയ്അത്തു ചെയ്തു. നിരവധി സവിശേഷ ഗുണങ്ങളുടെ ഉടമയായിരുന്നു. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. പതിവായി തഹജ്ജുദ് നമസ്കരിച്ചിരുന്നു. ജമാഅത്തുപരമായി നിരവധി സേവനങ്ങൾ ചെയ്തിരുന്നു. സൽക്കർമിയും വിശുദ്ധയുമായിരുന്നു. ജമാഅത്തിന്റെ ഒരുപാട് ഔദ്യോഗികസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. അങ്ങനെ അവർക്ക് ഒരുപാട് സേവനം ചെയ്യാൻ തൗഫീഖു കിട്ടി. ലജ്നയുടെ സ്വദ്റുമായിരുന്നു. ഏകദേശം ജീവിതം മുഴുവൻ ജമാഅത്തിന്റെ സേവനത്തിൽ മുഴുകി. നൂറുക്കണക്കിന് ആൺകുട്ടികളേയും പെൺകുട്ടികളേയും ഖുർആൻ പഠിപ്പിച്ചു. പർദ എപ്പോഴും ശ്രദ്ധിച്ചിരുന്നു. കുട്ടികളേയും പർദയെ സംബന്ധിച്ച് ഉപദേശിക്കുമായിരുന്നു. സൃഷ്ടിസേവന രംഗത്ത് ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. ദരിദ്രരുടേയും വിധവകളുടേയും ആവശ്യങ്ങൾ ശ്രദ്ധിക്കാറുണ്ടായിരുന്നു. ഒരുപാട് സാധുക്കളുടേയും യതീം കുട്ടികളുടേയും വിവാഹങ്ങൾ ഇവരുടെ സഹായത്തോടെ നടന്നിട്ടുണ്ട്. ഒരുപാട് കുട്ടികളെ തയ്യൽ പഠിപ്പിച്ചു. ഓരോ വെള്ളിയാഴ്ചയും ജുമുഅ തുടങ്ങുന്നതിന് രണ്ടു മണിക്കൂർ മുമ്പേ മസ്ജിദിൽ പോകുമായിരുന്നു. സ്ത്രീകൾ നമസ്കരിക്കുന്ന സ്ഥലം അടിച്ചുവാരി വൃത്തിയാക്കുമായിരുന്നു. അതിനുശേഷം നഫ്ൽ നമസ്കരിക്കും. അങ്ങേയറ്റം വിശ്വസ്തയായിരുന്നു. പല സ്തീകളും തങ്ങളുടെ ആഭരണങ്ങളും പണവും അവരുടെയടുക്കൽ അമാനത്തായി വെക്കുമായിരുന്നു. ആരോടും ദ്വേഷപ്പെടുകയോ വഴക്കിടുകയോ ചെയ്തിരുന്നില്ല. അപമര്യാദയോടെ പെരുമാറിയിരുന്നില്ല. അങ്ങേയറ്റം ഉൽകൃഷ്ട സ്വഭാവങ്ങളുടെ ഉടമയായിരുന്നു.അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയ ആയിരുന്നു. താൻ വസ്വിയ്യത്ത് ചെയ്തപ്പോൾ കുട്ടികളെക്കൊണ്ടും ചെയ്യിച്ചു. ഇപ്രകാരം ഗ്രാമത്തിലെ നിരവധി സ്ത്രീകളേയും വസ്വിയ്യത്ത് വ്യവസ്ഥിതിയിൽ ചേർത്തു. സന്തപ്ത കുടുംബത്തിൽ ഭർത്താവിനു പുറമെഒരു മകനും രണ്ടു പെൺമക്കളുമുണ്ട്. മുറബ്ബി ഉഥ്മാൻ അഹ്മദ് സാഹിബ് റഖീം പ്രസ്സ് സിയറലിയോൺ, മുറബ്ബി സആദത്ത് അഹ്മദ് സാഹിബ് ബുർക്കിനോഫാസോയുടേയും ഭാര്യാമാതാവായിരുന്നു. അവരുടെ രണ്ടുപെൺമക്കളേയും വിവാഹം കഴിച്ചത് മുറബ്ബിമാരാണ്. ഇദ്ദേഹം തന്റെ ഭാര്യാമാതാവിന്റെ അന്ത്യനേരത്ത് അവിടെ ഉണ്ടായിരുന്നില്ല. അവരുടെ സേവന സ്ഥലത്തായിരുന്നു. അവരുടെ മകൾ ആസ്വിഫ സാഹിബ പറയുന്നു:ഞാനെന്റെ ഭർത്താവ് ഉഥ് മാൻ സാഹിബിന്റെ കൂടെ സിയറലിയോണിൽ സേവനം ചെയ്തുവരുന്നു. അതുകൊണ്ട് ഉമ്മയുടെ ജനാസയിലും തദ്ഫീനിലും പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇപ്രാരം തന്നെ എന്റെ ഇളയ സഹോദരി മർയം ബുശ്റായും ബുർക്കിനോ ഫാസോയിലാണ്. അവർക്കും പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു അവർക്ക് ക്ഷമയും സമാധാനവും നല്കുമാറാകട്ടെ. പരേതയോടു മഗ്ഫിറത്തോടും റഹ് മത്തോടും കൂടി പെരുമാറട്ടെ. അവർ അവരുടെ മക്കൾക്കുവേണ്ടി ചെയ്തിട്ടുള്ള ദുആകൾ അല്ലാഹു സ്വീകരിക്കുമാറാകട്ടെ.


**നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്


## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:


**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**


AL ISLAM

# ഖബറുകളുടെമേൽ പുഷ്പവർഷം:
# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ ഒരു നിർദേശവും അതിന്റെ യുക്തിയും

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം. എ(റ)

കുറച്ചുദിവസമായി, നഌാറത്ത് ഇസ്‌ലാഹ് വ ഇർശാദ് റബ്‌വയിൽനിന്ന് ആഗസ്റ്റ് 12-ാം തിയതി ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഒന്നാമന്റെ, ഖബ്റുകളിൽ പുഷ്പവർഷം നടത്തുന്നതിനെ സംബന്ധിച്ചുള്ള ഒരു ഫത്‌വാ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ ഫത്‌വാ അതിന്റേതായ അവസ്ഥയിൽ വളരെ ഉത്തമമാണ്. എന്നാൽ, ഈ ഫത്‌വാ വെറുമൊരു പ്രത്യേക വശത്തെ മുന്നിൽവച്ചുകൊണ്ടാണ് നല്കപ്പെട്ടത്. കാരണം ഫത്‌വാ ചോദിക്കുന്നയാൾ ഒരു വശത്തെ കുറിച്ചു മാത്രമാണ് അതു ചോദിച്ചത്. മയ്യിത്തിന്റെ ആത്മാവിന് സൗഖ്യമെത്തിക്കുക എന്നുദ്ദേശ്യത്തോടെ ഖബ്റിൽ പുഷ്പവർഷം നടത്തുന്നത് അനുവദനീയമാണോ? ഇതിനെ ഹദ്റത്ത് ഖലീഫത്തുൽമസീഹ്(റ)അനാചാരമെന്നു പറഞ്ഞുകൊണ്ട് നിയമവിരുദ്ധവും ശരീഅത്തിന്നെതിരുമെന്ന് പറഞ്ഞു. പക്ഷേ, ഈ ഫത്‌വായ്ക്കുശേഷവും പ്രശ്നത്തിന്റെ പ്രസ്തുതവശം വ്യാഖ്യാനാർഹമായി അവശേഷിക്കുന്നു;അതായത് ആത്മാവിന് സന്തോഷം പകരുക എന്നുദ്ദേശ്യത്തോടെ അല്ലെങ്കിലോ? മോഡിപ്പിടിപ്പിക്കുക എന്ന വിചാരത്തോടെ ഖബ്റകളുടെമേൽ പൂക്കൾ വെക്കാവുന്നതല്ലേ? ഇതുസംബന്ധിച്ച് എനിക്ക് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ നിർദേശം ഓർമവന്നു. അതിൽ ഈ പ്രശ്നത്തിന്റെ ആ വശത്തിലും വെളിച്ചം പതിയുന്നുണ്ട്. അതിന്റെ വിശദീകരണം ഇങ്ങനെയാണ്:

1938-ൽ(മുപ്പത്തിയെട്ടിലാണെന്നാണ് തോന്നുന്നത്)ലണ്ടനിൽനിന്ന് മിർസാ അസീസ് അഹ്മദ് സാഹിബ് എം.എ യുടെ മകൻ അസീസ് സയീദ് അഹ്മദ് മർഹൂമിന്റെ താബൂത്ത് വന്നു. അവർ കുട്ടികളുടെ ഖബ്ർസ്ഥാനിൽ ഖബ്റടക്കാനുള്ള ഒരുക്കം തുടങ്ങി. ആ നേരത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)ജനാസയോടൊപ്പം ഖബ്ർസ്ഥാൻവരെ പോയി. ഖബ്ർ തയ്യാറായപ്പോൾ അവിടെയുണ്ടായിരുന്ന സഹോദരന്മാരിൽപ്പെട്ട ഒരാൾ ഭംഗിയും ആദരവും വിചാരിച്ചാണെന്ന് തോന്നുന്നു, ഖബ്റിൽ കുറച്ച് പൂക്കൾ വിതറാനാഗ്രഹിച്ചു. പക്ഷേ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)അദ്ദേഹത്തെ തടഞ്ഞു. എന്നിട്ട് പറഞ്ഞു:(ഏതാണ്ട് ഈ വാക്കുകളായിരുന്നു) ഇതു അനുവദനീയമല്ല. ഇപ്രകാരമാണ് അനാചാരങ്ങളുടെ വഴി തുറന്നുകൊണ്ടു പോകുന്നത്.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ(റ)ഉര്യുക്ത ഫത്‌വയോടൊപ്പം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)യുടെ ഈ ഫത്‌വാ ചേർന്ന് ഒരു സമ്പൂർണ ഫത്‌വയായിത്തീരുന്നു. ഇതിൽ ഈ പ്രശ്നത്തിന്റെ സകല വശങ്ങളും വന്നു ചേരുന്നുണ്ട്. യാഥാർഥ്യവും ഇതുതന്നെയാണ്. അതായത് ഏതെങ്കിലും ഖബ്റിൽ പൂക്കൾവിതറുക എന്നത് ബാഹ്യമായി നോക്കുമ്പോൾ ഒരു നിഷക്കളങ്ക കാര്യമായിട്ടാണ് കാണാൻ കഴിയുന്നത്. എന്നല്ല അതിൽ ബാഹ്യമായി മയ്യിത്തിനോടുള്ള ആദരവുമുണ്ട്. പക്ഷേ, ചിന്തിക്കുകയാണെങ്കിൽ മനുഷ്യന് അതിൽ രണ്ടുതരത്തിലുള്ള ദോഷങ്ങൾ ഉണ്ടാകുമോ എന്ന ആശങ്കയുള്ളതായി മനസ്സിലാക്കാൻ കഴിയും.

(1) ഒന്നാമത്തേത് ഇപ്രകാരം പതുക്കെപ്പതുക്കെ ശിർക്കിന്റെ വഴി തുറക്കുന്നുവെന്നതാണ്. തുടക്കത്തിൽ പൊതുവെ ആദരവിന്റെ നിയ്യത്തിൽ നിന്നു തുടങ്ങി അവസാനം ഖബ്റുകളോടുള്ള അസാധരണമായ ബഹുമാനവും പ്രതാപവുമെന്നല്ല ഖബ്റാരാധനയിൽവരെ എത്തിച്ചേരുന്നു. ഇക്കാലത്ത് ലക്ഷക്കണക്കിന് മുസ്‌ലിമീങ്ങൾ ഖബ്റിടങ്ങളിൽ സുജൂദ് ചെയ്ത് തങ്ങളുടെ പര്യവസാനം മോശമാക്കിത്തീർക്കുന്നു. വാസ്തവത്തിൽ ഏതു മഹാത്മാക്കളുടെ ഖബ്റിടങ്ങളിലാണോ സുജൂദ് ചെയ്യപ്പെടുന്നത് അവരൊരിക്കലും ഈ രീതി പിന്തണയ്ക്കുന്നവരായിരുന്നില്ല. അങ്ങനെ ചെയ്യുന്നവരുടെ പര്യവസാനം നല്ലതല്ലെന്ന് അവർക്കറിയാമായിരുന്നു. നമ്മുടെ നബി(സ)തിരുമേനി ലഹരി പദാർഥങ്ങളുടെ കാര്യത്തിൽ എത്ര യുക്തിപരമായ മാർഗനിർദേശമാണ് നല്കയിട്ടുള്ളത്. അവിടന്ന് പറഞ്ഞു:


*മാ അസ്ക്കറ കഥീറുഹൂ ഫഖലീലുഹു ഹറാമുൻ*

ഏതൊരു വസ്തുവാണോ കൂടുതൽ അളവിൽ കഴിച്ചാൽ ലഹരി ഉണ്ടാക്കുന്നത്, അതിന്റെ ചെറിയ അളവും ഹറാമാണ്.

ഈ അതിസൂക്ഷ്മമായ മാർഗനിർദേശത്തിലുള്ള യുക്തി ഇതാണ്: അതായത് വസ്തുക്കളുടെ തുടക്കം പ്രത്യക്ഷത്തിൽ ചെറുതും നിസ്സാരവുമായിരിക്കും. കാര്യം തികച്ചും ദോഷമില്ലാത്തതാണെന്ന് കാണുന്നു. പക്ഷേ, അവസാനം അവരുടെ ധനവും പര്യവസാനവും പോലും നശിച്ചോടുങ്ങുന്നു. മനുഷ്യൻ അങ്ങേയറ്റം നിസ്സാരമായ, പ്രകൃതിപരമായ ചെറിയൊരു കാര്യത്തിൽനിന്നു തുടങ്ങി ചുവടു മുന്നോട്ടുമുന്നോട്ടു വെക്കാനുള്ള ആഭിമുഖ്യം ഉൾക്കൊള്ളുന്നവനാണ്. അതുകൊണ്ട് ശരീഅത്ത് അതിശ്രേഷ്ഠമായ യുക്തിയോടുകൂടി ആളുകൾ എല്ലാ തരത്തിലുമുള്ള സാധ്യതാപരമായ വഞ്ചനയിൽനിന്ന് രക്ഷപ്പെടാൻവേണ്ടി അതിന്റെ വേരിൽ കൈവെച്ച് ബാഹ്യമായ ദോഷമില്ലാത്ത ഭാഗത്തേയും നിരോധിച്ചു. അതുകൊണ്ട് നബി(സ)തിരുമേനി തന്റെ മരണത്തിന്റെ രോഗാവസ്ഥയിൽ പറഞ്ഞിരുന്നു:നോക്കുക!എന്റെശേഷം എന്റെ ഖബ്റിനെ സുജൂദ് ചെയ്യുന്നിടമാക്കരുത്. നബി(സ)തിരുമേനിക്കറിയാമായിരുന്നു, അവിടത്തെ സ്വഹാബിമാരൊരിക്കലും അങ്ങനെ ചെയ്യുകയില്ലെന്ന്. എന്നാൽ, അവിടന്ന് വിദൂരമായ അപകടങ്ങൾ കാണുകയായിരുന്നു.

മനഃശ്ശാസ്ത്രപരമായ പോയന്റ് ഈ മാർഗനിർദേശത്തിൽ ഉണ്ടെന്നുള്ളതാണ് രണ്ടാമത്തേത്. അതെന്താണെന്നാൽ, മരിക്കുന്നവർ ദൈവാനുഗ്രഹത്താൽ നല്ലവരും സ്വർഗവാസികളുമാണെങ്കിൽ അവരുടെ ഖബ്റിടത്തിൽ പുഷ്പവർഷം നടത്തുകയെന്നത് വസ്തുതാപരമാകുന്നില്ല. എന്തുകൊണ്ടെന്നാൽ ജന്നത്തിലെത്തിയിരിക്കുന്ന ആത്മാവും ജന്നത്തിന്റെ അതുല്യമായ അനുഗ്രഹങ്ങളിൽ പ്രവേശിച്ചിരിക്കുകയാണ്. അല്ലെങ്കിൽ കുറഞ്ഞപക്ഷം അതിന്റെ വഴിയിലെത്തിയിരിക്കുന്നു. അവനെ സംബന്ധിച്ചിടത്തോളം ഈ ഭൗമികമായ പൂക്കൾക്ക് എന്തു പ്രസക്തിയാണുള്ളത്. ഈ പൂക്കളിൽനിന്ന് അവനെന്ത് സന്തോഷമുണ്ടാകാനാണ്? എന്നല്ല അവൻ സ്വർഗത്തിലെ പൂക്കളുടെ മുമ്പിൽ ഈ പുഷ്പങ്ങൾ തനിക്ക് അപമാനക രമാണെന്ന് മനസ്സിലാക്കുന്നുണ്ടാകും. മറുഭാഗത്ത് അല്ലാഹു(അവനങ്ങനെ വരുത്താതിരിക്കട്ടെ)മരിച്ചയാൾ നരകവാസിയാണെങ്കിൽ അവന് പൂക്കൾ അൽപംപോലും ഫലം ചെയ്യുകയില്ല. പ്രത്യുത അവന്റെ ആത്മാവ് (അറിയുന്നെങ്കിൽ) തന്റെ പ്രിയപ്പെട്ടവരും തന്റെ അനന്തരാവകാശികളും തന്നെ പരിഹസിക്കുകയാണല്ലോ എന്ന് ചിന്തിക്കുന്നുണ്ടാകും! താൻ നരകശിക്ഷയിൽ എരിഞ്ഞുകൊണ്ടിരിക്കുമ്പോൾ അവർ തന്റെമേൽ പുഷ്പവർഷം നടത്തുന്നു! അതിനാൽ ഏതുവശത്തൂടെ നോക്കുകയാണെങ്കിലും ഖബ്റുകളുടെമേൽ പുഷ്പവർഷം നടത്തുന്നത് അല്ലെങ്കിൽ നടത്തിക്കുന്നത് ഒരു ബിദ്അത്ത് അഥവാ അനാചാരമാണ്. അതിന് ഒരു ഫലവുമില്ല. എന്നല്ല അത് അങ്ങേയറ്റം നഷ്ടമുണ്ടാക്കുന്നതുമാണ്. ഒരു ഭാഗത്ത് അത് മരിച്ചയാൾക്ക് വിഷമത്തിനു കാരണമാകുന്നു. മറുഭാഗത്ത് അത് ശിർക്കിന്റെ വഴിയും തുറക്കുന്നു. ഇക്കാരണത്താലാണ് ആദ്യകാലത്ത്, നബി(സ)തിരുമേനിയുടെ കലഘട്ടത്തിലും ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലഘട്ടത്തിലും മുഅ്മിനൊരിക്കലും ഇത്തരം കാര്യം ചെയ്യാത്തത്.

ഖബ്റുകളെ ആദരിക്കണമെന്ന കൽപന ഇസ്ലാമിലുണ്ട്. അതിന്റേമേൽ ഇരിക്കരുതെന്നും അതിന്റേമേൽ ചവിട്ടരുതെന്നും നിർദേശിക്കപ്പെട്ടിരിക്കുന്നു. അവയെ കഴിയുന്നിടത്തോളം വൃത്തിയുള്ളതും സുന്ദരവും മനോഹരവുമാക്കി വെക്കാവുന്നതാണ്. എന്നാൽ, മരിച്ചവർക്ക് ഒരു കുറവും നിന്ദയുമുണ്ടാകാതിരിക്കാൻ അതിനെ ആദരിക്കുക എന്ന നിലവരെ മാത്രംമതി. അവരുടെ ബന്ധുക്കളുടേയും പ്രിയപ്പെട്ടവരുടേയും വികാരങ്ങൾ വ്രണപ്പെടരുത്. അതിനെക്കാളുപരി ഒന്നുമില്ല. അതിനെക്കാൾ കൂടുതൽ ചെയ്യുക എന്നത് അനാചാരത്തിൽപ്പെടുന്നതാണ്. അതിൽ മരിച്ചവർക്ക് ഒരു ആദരവുമില്ല. എന്നാൽ, ഞാൻ മുമ്പേ വിശദീകരിച്ചതുപോലെ അത് യഥാർഥത്തിൽ അവരുടെ മനസ്സിനെ വ്രണപ്പെടുത്തുന്നതാണ്. അത്തരം അനാചാരങ്ങളുടെ പര്യവസാനം ഒരിക്കലും നല്ലതായിരിക്കുകയില്ല. ഈ ഉദ്ദേശ്യം മാത്രമായിരിക്കണം ഖബ്റുകളുടെ സിയാറത്തും. മരിച്ചവരുടെ പൊറുക്കലിനും ദർജകളുടെ ഉയർച്ചയ്ക്കുംവേണ്ടി ദുആ ചെയ്യുക. സദുദ്ദേശ്യത്തോടെ തന്റെ ഉന്നതനായ യജമാനന്റെ മുമ്പിൽ കൈനീട്ടുക. അയാളുടെ കുടുംബത്തിന്റേയും മക്കളുടേയും സംരക്ഷണത്തിനും അഭിവൃദ്ധിക്കുംവേണ്ടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്യുക. സ്വന്തം മരണം ഓർത്തുകൊണ്ട് നല്ല പര്യവസാനത്തിനുവേണ്ടി ദീർഘമായി ദുആ ചെയ്യുക. അതേ! ഖബ്റുസിയാറത്തിന്റെ ഒരു ഉദ്ദേശ്യം രാഷ്ട്രീയപരവുമാണ്. അതെന്താണെന്നാൽ, വിവിധ ജനതകൾ തങ്ങളുടെ സ്ഥാപകരുടേയും പ്രത്യേകം പ്രത്യേകം നേതാക്കന്മാരുടേയും ഖബ്റുകൾ, മറ്റു ജനതയിലെ ആളുകൾ അവിടെപോയി തങ്ങളുടെ വിശ്വാസവും ആദരവുംകൊണ്ട് പുഷ്പവർഷം നടത്തുംവിധം നിർമിക്കുന്നു. അതുകൊണ്ട് അവർ വിചാരിക്കുന്നത് ജനതകളുടെ പരസ്പരമുള്ള ബന്ധം മെച്ചപ്പെടണമെന്നാണ്. പക്ഷേ, ഇത്തരത്തിലുള്ള സിയാറത്തിന്റെ യഥാർഥ ഉദ്ദേശ്യം ദുആ ചെയ്യുക എന്നതല്ല.(എന്നല്ല സന്ദർശകരിൽ അധികമാളുകളും ദുആയിൽ വിശ്വാസംപോലുമില്ലാത്തവരാണ്) കേവലം ദേശീയവും രാഷ്ട്രീയപരവുമായ നിലയിൽ ആദരിക്കുകയും പരസ്പരം ആദരവ് പ്രകടിപ്പിക്കുകയുമാണുദ്ദേശ്യം. അത്തരം ചിത്രം ലോകത്തിന്റെ സമ്പ്രദായമാണ്. വലിയ ആളുകളാരെങ്കിലും ഏതെങ്കിലും വിദേശരാജ്യത്ത് പോകുമ്പോൾ ആ രാജ്യത്തിന്റെ സ്ഥാപകർ അല്ലെങ്കിൽ പ്രത്യേകമായ മറ്റേതെങ്കിലും നേതാവിന്റെ ഖബ്റുകളിൽപോയി റീത്ത് വെക്കുന്നു. ഇതൊരു രാഷ്ട്രീയപരമായ രീതിയാണ്. അതിന് ഈ മതവിധിയുമായി ഒരു ബന്ധവുമില്ല. വല്ലാഹു അഅ്ലം.(അൽഫള്ൽ, 1958 ആഗസ്റ്റ് 28)

# ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തേജോവിലാസം

ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് (റ)

മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകാര്യതയുടെ മഹത്തായൊരു അടയാളമാണ്. ആ മഹാത്മാവിന്റെ ദുആ മുഖേന പ്രകടമായ മറ്റു അടയാളവുമുണ്ട്. ഉദാഹരണത്തിന് ലേഖ്റാമിന്റെ അടയാളം. നിസ്സംശയം! ഈ അടയാളവും അതിന്റെ സ്ഥാനത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ദൃഢഗാഢമായ തെളിവാണ്. എന്നാൽ, മുസ്‌ലിഹ് മൗഊദ് വെളിപ്പെട്ട അടയാളവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആ സ്വീകാര്യതയുടെ മറ്റ് അടയാളങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഈ അടയാളത്തിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)പ്രത്യേകമായ ഏർപാടു ചെയ്തു. അതായത് 40 ദിവസംവരെ തന്റെ പട്ടണത്തിനു പുറത്ത് ഒരു ബാഹ്യമായ സ്ഥലത്ത് ഏകാന്ത മുറിയിൽ മുഴുവൻ ലോകത്തോടുമുള്ള ബന്ധം വിച്ഛേദിച്ച് ഹുദൂർ(അ)അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരഞ്ഞുകരഞ്ഞ് ദുആകളിലും ദൈവസ്മരണയിലും മുഴുകി. ഇതിന്റെ ഫലമായി അല്ലാഹു ഹുദൂർ(അ)ന് റഹ്മത്തിന്റെ ഒരു അടയാളം പ്രദാനം ചെയ്തു. ദുആ സ്വീകാര്യതയുടെ ഫലമായി വെളിപ്പെട്ട മറ്റടയാളങ്ങളും നിസ്സംശയം പ്രതാപപരമായ അടയാളമായിരുന്നു. പക്ഷേ, ഈ അടയാളത്തിന്റെ ഫലങ്ങൾ ഊഹിക്കാൻ പറ്റാത്തവിധത്തിൽ വിശാലമായിരുന്നു.

ഇത്തരത്തിലുള്ള അടയാളം ലോകചരിത്രത്തിൽ ദുആയുടെ ഫലമായി മൂന്നു തവണയാണ് പ്രകടമായത്.(1) ആദ്യത്തെ അടയാളം നബി(സ)തിരുമേനി വെളിപ്പെട്ട അടയാളമായിരുന്നു. അത് ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ദുആയുടെ ഫലമായിട്ടാണ് വെളിപ്പെട്ടത്. ഈ അടയാളം താഴെ പറയുന്ന അടയാളങ്ങളിൽ ഒന്നാം സ്ഥാനത്താണ്. (2) രണ്ടാമത്തെ അടയാളം ഹദ്റത്ത് മസീഹ് മൗഊദ്(അ)വെളിപ്പെട്ട അടയാളമാണ്. നബി(സ)തിരുമേനി തന്റെ ഉമ്മത്തിനുവേണ്ടി ചെയ്ത ദുആകളുടെ ഫലമായിരുന്നുഅത്. ഈ അടയാളം ഇത്തരത്തിലുള്ള അടയാളങ്ങളിൽ അതിന്റെ തേജോവിലാസത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം സ്ഥാനത്താണ്.

(3). ലോകത്ത് ദുആ സ്വീകാര്യതയുടെ ഫലമായി വെളിപ്പെട്ട മൂന്നാമത്തെ മഹത്തായ അടയാളം അത് മുസ്‌ലിഹ് മൗഊദ്(റ)വെളിപ്പെട്ട അടയാളമാണ്. ഈ അടയാളം അതിന്റെ മാഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം സ്ഥാനത്താണ്. എത്രമാത്രം മഹത്തായ മനുഷ്യനാണ് മൂന്നാമത്തെ ദുആയുടെ ഫലമായി ജനിച്ചത്. ഈ ദൈവവചനത്തിന്റെ വാക്കുകളിൽനിന്ന് അത് ഊഹിക്കാവുന്നതാണ്. ആ നാല്പതുദിവസത്തെ ദുആയ്ക്കുശേഷം ഹുദൂർ(അ)ന്റെമേൽ അത് ഹോശിയാർപൂർ എന്ന സ്ഥലത്തിറങ്ങി. അത് ഫെബ്രുവരി 20 ലെ വിജ്ഞാപനത്തിൽ പ്രസിദ്ധീകരിച്ചു. അല്ലാഹുവിന്റെ വചനങ്ങളിൽ അതിശയോക്തി ഉണ്ടാകുകയില്ല. നമ്മൾ മുസ്‌ലിഹ് മൗഊദ്(റ)ന്റെ തേജോവിലാസത്തിന്റെ ശരിയായ കണക്ക് കൂട്ടാനാഗ്രഹിക്കുന്നെങ്കിൽ നമ്മൾ ആ പ്രവചനത്തിന്റെ വാക്കുകൾ വായിക്കേണ്ടതാണ്. ഈ പ്രവചനത്തിൽ കോറിയിടപ്പെട്ട മനുഷ്യന്റെ സവിശേഷതകളുടേയും ശ്രേഷ്ഠതകളുടേയും ശ്ലാഘനീയമായ കർമങ്ങളുടേയും ചിത്രം എന്തൊരു തേജോവിലാസമാണ്. അതുകൊണ്ട് നബി(സ)തിരുമേനിക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ശേഷം ദുആകളുടെ ഫലമായി ലോകത്ത് വെളിപ്പെട്ട ആ മൂന്നാമത്തെ മഹാനായ മനുഷ്യൻ മുസ്‌ലിഹ് മൗഊദ്(റ)ആകുന്നു. അദ്ദേഹത്തെ കുറിച്ച് ഈ പ്രവചനത്തിലെ വാക്കുകളിൽ പറയപ്പെട്ടിരിക്കുന്നു. ഈ പ്രവചനത്തിന്റെ സാക്ഷാത്കാരം ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഥാനീ അയ്യദഹുല്ലാഹുത്തആല ബിനസ്റിഹിൽ അസീസാണ്. ഇക്കാര്യം അടയാളങ്ങളും തെളിവുകളുംകൊണ്ടുമാത്രമല്ല സ്ഥാപിതമാകുന്നത്, പ്രത്യുത ഈ പ്രവചനത്തിന്റെ സാക്ഷാത്കാരം ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അഥ്ഥാനീ അയ്യദഹുല്ലാഹ് തന്നെയാണെന്ന് അല്ലാഹുവിന്റെ പ്രവൃത്തിയും ഉച്ചത്തിൽ സാക്ഷിപറഞ്ഞുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹു തന്റെ ശക്തിപ്രഭാവത്താൽ ഈ പ്രവചനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളേയും ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അഥ്ഥാനീ അയ്യദഹുല്ലായ്ക്കുവേണ്ടി ഏതു രീതിയിലാണ് പൂർത്തിയാക്കുകയും പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നതെന്നാൽ അത് ഒരു നീതിമാനും നിഷേധിക്കാൻ സാധിക്കുകയില്ല. ഈ പ്രവചനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പൂർത്തിയാക്കുക എന്നത് ഒരു മനുഷ്യന്റേയും പണിയല്ലായിരുന്നു. അല്ലാഹുവിനു മാത്രമെ അങ്ങനെ ചെയ്യാൻ സാധിക്കുമായിരുന്നുള്ളു. അവൻ ഇക്കാര്യങ്ങൾ പൂർത്തിയാക്കി, പ്രവചനത്തിൽ അറിയിക്കപ്പെട്ടിരുന്ന ആ ആഗതനാകാൻ പോകുന്നവ്യക്തി ഈ മഹ്മൂദ്(എന്റെ പിതാവും മാതാവും അങ്ങയ്ക്ക് തെണ്ടമാണ്)തന്നെയാണെന്ന് ആകാശത്തിൽനിന്ന് സാക്ഷ്യം നല്കി. അതിനാൽ ഏതെങ്കിലും ആളുടെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ സാക്ഷ്യം അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യമാകുന്നു. ഈ തെളിവ് ഇവിടെ അങ്ങേയറ്റം വ്യക്തമായ നിലയിലുണ്ട്.

ഹദ്റത്ത് മഹ്മൂദ് അയ്യദഹുല്ലാഹ് മുസ്‌ലിഹ് മൗഊദാണെന്നതിന് മറ്റൊരു കാര്യവും സാക്ഷ്യം നല്കുന്നുണ്ട്. അതെന്താണെന്നാൽ അദ്ദേഹത്തിന് മുമ്പേയുള്ളവരുമായിട്ടുള്ള അല്ലാഹുവിന്റെ പെരുമാറ്റംതന്നെയാണ് അദ്ദേഹത്തോടുമുണ്ടായത്. അല്ലാഹുവിൽനിന്ന് വാഗ്ദാനം ചെയ്യപ്പെട്ടവർ ലോകത്തിന്റെ പരിഷ്കരണത്തിന് വന്നുകൊണ്ടിരുന്നപ്പോഴെല്ലാം അവരെ സംബന്ധിച്ചുണ്ടായിക്കൊണ്ടിരുന്ന അല്ലാഹുവിന്റെ നടപടിക്രമം അവരുടെ ജനതയിലെ നേതാക്കന്മാർ അവർക്കെതിരിൽ എഴുന്നേറ്റുനിന്നുവെന്നതാണ്. അവർ ഇവരെ പരാജയപ്പെടുത്തുന്നതിനുവേണ്ടി കഴിവിന്റെ പരമാവധി ശ്രമിച്ചു. ഹദ്റത്ത് മൂസാ(അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്നെതിൽ എഴുന്നേറ്റ ഏറ്റവും വലിയ മനുഷ്യൻ ഫിർഔനായിരുന്നു. അയാൾ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ജനതയേയും നശിപ്പിക്കാൻ ശ്രമിച്ചു. ഹദ്റത്ത് ഈസാ(അ)യുടെ കാലഘട്ടത്തിൽ യഹൂദികളുടെ ഏറ്റവും വലിയമനുഷ്യൻ അയാൾ അവരുടെ നേതാവായിരുന്നു, ഇയാളുടെ പേര് കാഇഫ എന്നായിരുന്നു അയാൾ അദ്ദേഹത്തെ പരാജയപ്പെടുത്താൻ പിന്നാലെ കൂടി. നബി(സ)തിരുമേനിയുടെ കാലത്ത് മക്ക താഴ്വരയുടെ സർദാർ അബൂജഹ്ൽ അദ്ദേഹത്തെ എതിർക്കുമെന്ന് ഉറച്ച തീരുമാനമെടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ മുസ്‌ലിമീങ്ങളുടെ നേതാക്കന്മാരായ മുഹമ്മദു ഹുസയ്ൻ ബട്ടാലവിയും നദീർ ഹുസയ്ൻ ദഹ്‌ലവിയും എതിർക്കുമെന്ന് ദൃഢപ്രതിജ്ഞ ചെയ്ത കാരണത്താൽ അല്ലാഹുവിന്റെ ഇൽഹാമിൽ ഫിർഔനെന്നും ഹാമാനെന്നുമുള്ള സ്ഥാനപ്പേര് അവർ പ്രാപിച്ചു. ഇതേപോലെതന്നെ അല്ലാഹുവിന്റെ മുമ്പേയുള്ള സുന്നത്തനുസരിച്ച് മഹ്മൂദ് എഴുന്നേറ്റു നിൽക്കുന്ന സമയമായപ്പോൾ അഹ്മദിയ്യ ജമാഅത്തിലെ ഉന്നതനായ വ്യക്തി, എപ്രകാരംമുമ്പേയുള്ള പരിഷ്കർത്താക്കളുടെ കാലത്ത് തലവന്മാരായ ആളുകൾ എഴുന്നേറ്റു നിന്നുവോ അദ്ദേഹത്തിന്നെതിരിൽ എഴുന്നേറ്റുനിന്നു. ഇപ്രകാരം അവർ തങ്ങളുടെ കർമംകൊണ്ട് ആരാണോ ഇപ്പോൾ എഴുന്നേറ്റുനിൽക്കാൻ പോകുന്നത് അദ്ദേഹം അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ(അലയ്ഹിസ്സലാം)അറിയിച്ച അതേ വാഗ്ദാനം ചെയ്യപ്പെട്ടയാൾ തന്നെയാണെന്ന കാര്യം വിളംബരം ചെയ്യുകയായിരുന്നു.

ഹദ്റത്ത് ഫള്‌ലെ ഉമർ ഖലീഫത്തുൽമസീഹ് ഥാനീ അയ്യദഹുല്ലാഹുത്തആലാ ബിനസ്റിഹിൽ അസീസിന്റെ യഥാർഥ തേജോവിലാസത്തെ പ്രകടിപ്പിക്കുന്ന മറ്റൊരു കാര്യം ഇതാണ്: അഹ്മദിയ്യ ജമാഅത്തിന്റെ അടിത്തറ അവിടത്തെ ജനനത്തോടൊപ്പമാണ് വെക്കപ്പെട്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് സദുദ്ദേശ്യം വെച്ചു പുലർത്തിയിരുന്നവർ അവിടത്തെ രചനകളുടേയും പ്രവചനങ്ങളുടേയും അടയാളങ്ങളിൽ ആകർഷിതരായിരുന്നു. അല്ലാഹു ഹുദൂറിനെ തന്റെ സൃഷ്ടികളുടെ പരിഷ്കരണത്തിന് എഴുന്നേൽപിച്ചുവെന്ന് അവർ മനസ്സിലാക്കിയിരുന്നു. അവർ ബയ്അത്തിൽ പ്രവേശിപ്പിക്കാൻ അദ്ദേഹത്തോടു നിരന്തരം അപേക്ഷിച്ചിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)അവർക്കെപ്പോഴും മറുപടി നല്കിയിരുന്നത് ഇതുവരെ തനിക്ക് ബയ്അത്തുവാങ്ങാൻ കൽപ്പന ഉണ്ടായിട്ടില്ലെന്നാണ്. അല്ലാഹുവിൽനിന്ന് എനിക്ക് ബയ്അത്തു വാങ്ങാൻ കൽപ്പന ലഭിക്കാത്തിടത്തോളം ആരിൽനിന്നും ബയ്അത്ത് വാങ്ങാൻ സാധിക്കുകയില്ല. പക്ഷേ, ഖലീഫത്തുൽമസീഹ് ഥാനീ അയ്യദഹുല്ലാഹ് ജനിച്ചപ്പോൾ, ആനേരത്ത് അദ്ദേഹത്തിന് ദൈവികവെളിപാടു മുഖേന ബയ്അത്ത് പരമ്പര തുടങ്ങാൻ കൽപ്പനയുണ്ടായി. ഈ വഹ്‌യ് ഇറങ്ങി:ഇസ്നയിൽ ഫുൽക്ക ബി അഅ്യുനിനാ വവഹ്‌യിനാ നമ്മുടെ മേൽന്നോട്ടത്തിലും നമ്മുടെ നിർദേശമനുസരിച്ചും നീ കപ്പൽ പണിയുക.

അങ്ങനെ അവിടന്ന് ഈ വിജ്ഞാപനത്തിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ ജനിച്ച വിവരം പ്രസിദ്ധീരിച്ചു. അതിൽ ആളുകളെ ബയ്അത്തു ചെയ്യാൻ ക്ഷണിച്ചുകൊണ്ട് അഹ്മദിയ്യ ജമാഅത്തിന് അടിത്തറയിട്ടു. ഖലീഫത്തുൽമസീഹ് ഥാനീ ജനിക്കുന്നതുവരെ അല്ലാഹു തആലാ ബയ്അത്ത് വാങ്ങുന്നത് മാറ്റിവച്ചു. അവിടന്ന് ജനിച്ചതിനോടൊപ്പംതന്നെ കൽപ്പന ഇറക്കിക്കൊണ്ട് അഹ്മദിയ്യ ജമാഅത്തിന് അസ്തിവാരമിട്ടു. ഇപ്രകാരം അവിടത്തെ ജനനത്തോടെ അഹ്മദിയ്യ ജമാഅത്തിന് തുടക്കം കുറിച്ചു. അതിൽ ഭാഗ്യവാനായ ഈ കുട്ടിക്ക് അഹ്മദിയ്യ ജമാഅത്തുമായി അഗാധമായ ബന്ധമുണ്ടായിരിക്കുമെന്ന സൂചനയാണ് ഉണ്ടായിരുന്നത്. കാരണം രണ്ടിന്റേയും തുടക്കം ഒരുമിച്ചാണുണ്ടായത്. അതെന്തിനെന്നാൽ അഹ്മദിയ്യ ജമാഅത്തിന് അദ്ദേഹവുമായി ഒന്നിനെ മറ്റൊന്നിൽനിന്ന് വേർതിരിക്കാൻ പറ്റാത്തവിധമുള്ള ബന്ധമാണുണ്ടായിരുന്നതെന്നറിയാനാണ്.

അവസാനം ഞാൻ ഇക്കാര്യം പ്രകടപ്പിക്കേണ്ടത് അനിവാര്യമായി മനസ്സിലാക്കുന്നു, നമ്മൾ ഏപ്രകാരം അനഹ്മദികളോടു, നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കേണ്ടത് അനിവാര്യമാകുന്നത്, അവിടന്ന് മുഖേന ഹദ്റത്ത് നബി(സ)തിരുമേനിയുടെ പ്രവചനങ്ങൾ പുലർ

(ശേഷം പേജ് 21ൽ)

# അന്വേഷണക്കോടതിയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിശദീകരണം

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പാക്കിസ്താൻ അന്വേഷണക്കോടതിയിൽ 1954 ജനുവരി 13, 14, 15 തിയതികളിൽ കൊടുത്ത വിശദീകരണം താഴെ ചേർക്കുകയാണ്. ഹുദൂറിന്റെ ഈ വിശദീകരണം സുപ്രധാനവും ഇസ്‌ലാമിക കാര്യങ്ങളെ സംബന്ധിച്ച് ശരിയായ നിലയിൽ വെളിച്ചം വീശുന്നതുമാണ്. അതിനോടൊപ്പം ജമാഅത്തിനെ സംബന്ധിച്ച് അനഹ്മദികളും ഇസ്‌ലാമിനെ സംബന്ധിച്ച് അമുസ്‌ലിമീങ്ങളും ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടിയുമാണിത്. വായനക്കാർ ഇതിൽനിന്ന് ഫലമെടുക്കുമെന്ന് വിചാരിക്കുന്നു.

**ചോദ്യം:** *റസൂൽ ആരാണ്?*

**ഉത്തരം:**ആരെയാണോ അല്ലാഹു ഏതെങ്കിലും പ്രത്യേകമായ ലക്ഷ്യത്തിന് മനുഷ്യരുടെ മാർഗദർശനമുദ്ദേശിച്ച് നിയോഗിക്കുന്നത് അയാളെ റസൂൽ എന്നു പറയുന്നു.

**ചോദ്യം:** *നബിയും റസൂലും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ?*

**ഉത്തരം:** വിശേഷ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ ഇരുവരിലും പ്രത്യേക വ്യത്യാസമൊന്നുമില്ല. അല്ലാഹുവിൽനിന്ന് സന്ദേശം കൊണ്ടുവരുന്നയാൾ ഇതിന്റെ അടിസ്ഥാനത്തിൽ റസൂൽ എന്ന് പറയപ്പെടും. പക്ഷേ, ആർക്കാണോ അല്ലാഹുവിന്റെ സന്ദേശം കൊണ്ടുവരുന്നത് അയാൾ നബി എന്നു പറയപ്പെടും. ഇങ്ങനെ ആ ഒരു വ്യക്തി റസൂലുമായിരിക്കും നബിയുമായിരിക്കും.

**ചോദ്യം:***താങ്കളുടെ അഭിപ്രായത്തിൽ ആദം മുതൽ ഇതുവരെ എത്ര റസൂൽമാർ അല്ലെങ്കിൽ നബിമാർ കഴിഞ്ഞുകടന്നിട്ടുണ്ട്?*

**ഉത്തരം:** ഇതുസംബന്ധമായി ഖണ്ഡിതമായ മറുപടി പറയാൻ സാധ്യമല്ല. ഹദീഥുകളിൽ അവരുടെ എണ്ണം ഒരു ലക്ഷത്തി ഇരുപതിനായിരമെന്ന് പറഞ്ഞിട്ടുണ്ട്.

**ചോദ്യം:** *ആദം, നൂഹ്, ഇബ്റാഹിം, മൂസാ, ഈസാ എന്നിവർ റസൂൽമാരായിരുന്നോ?*

**ഉത്തരം:** ആദമിന്റെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. അദ്ദേഹത്തെ ചിലർ നബിയെന്ന് മാത്രമാണ് വിശ്വസിക്കുന്നത്. റസൂൽ എന്ന് മനസ്സിലാക്കുന്നില്ല. എന്നാൽ, എന്റെ നോട്ടത്തിൽ ഇവരെല്ലാം റസൂലുമായിരുന്നു നബിയുമായിരുന്നു.

**ചോദ്യം:** *ആരെയാണ് വലിയ്യ് എന്ന് പറയുന്നത്?*

**ഉത്തരം:** അല്ലാഹുവിന് പ്രിയപ്പെട്ടവനാണ് വലിയ്യ്.

**ചോദ്യം:** *മുഹദ്ദഥ് ആരാണ്?*

ഉത്തരം: അല്ലാഹു സംസാരിക്കുന്ന ആളാണ് മുഹദ്ദഥ്.

**ചോദ്യം:** *മുജദ്ദിദ് ആരാണ്?*

**ഉത്തരം:** പരിഷ്കരണവും നവീകരണവും നടത്തുന്നയാളാണ് മുജദ്ദിദ്. മുഹദ്ദഥിന്റെ മറ്റൊരു പേരാണ് മുജദ്ദിദ്.

**ചോദ്യം:** *വലിയ്യ്, മുഹദ്ദഥ് അല്ലെങ്കിൽ മുജദ്ദിദ് എന്നിവർക്ക് വഹ്യ് ഉണ്ടാകുമോ?*

**ഉത്തരം:** ഉണ്ടാകും.

**ചോദ്യം:** *അവരിൽ എങ്ങനെയാണ് വഹ്യ് ഇറങ്ങുന്നത്?*

**ഉത്തരം:** വഹ്‌യുടെ അർഥം അല്ലാഹുവിന്റെ വചനമെന്നാണ്. വഹ്യ് പ്രാപിക്കുന്നവരിൽ അത് വിവിധ മാർഗത്തിൽ ഇറങ്ങാവുന്നതാണ്. വഹ്യ് ഇറങ്ങുന്നതിന്റെ ഒരു രീതി ആരിലാണോ വഹ്യ് ഇറങ്ങുന്നത് അയാളുടെ മുമ്പിൽ ഒരു മലക്ക് പ്രത്യക്ഷപ്പെടുന്നു. രണ്ടാമത്തെ രീതി ആരിലാണോവഹ്യ് ഇറങ്ങുന്നത് അയാൾ ചില വാക്കുകൾ കേൾക്കുന്നു. പക്ഷേ, സംസാരിക്കുന്നയാളെ കാണുകയില്ല. വഹ്‌യുടെ മൂന്നാമത്തെ രീതി പർദയ്ക്ക് പിന്നിൽനിന്നുള്ളതാണ്. അതായത് സ്വപ്നത്തിലൂടെ.

**ചോദ്യം:** *മലക്കുകളുടെ നേതാവായ ഹദ്റത്ത് ജിബ്‌രീൽ ഏതെങ്കിലും വലിയ്യ്, മുഹദ്ദഥ്, അല്ലെങ്കിൽ മുജദ്ദിദിന് വഹ്യ് കൊണ്ടുകൊടുക്കുമോ?*

**ഉത്തരം:** കൊടുക്കും. എന്നല്ല, പ്രസ്താവിക്കപ്പെട്ടവർ കൂടാതെ മറ്റുള്ള ആളുകൾക്കും കൊടുക്കുന്നതാണ്.

**ചോദ്യം:** *ഒരു വലിയ്യിന്, മുഹദ്ദഥിന് അല്ലെങ്കിൽ മുജദ്ദിദിനുമേൽ ഇറങ്ങുന്ന വഹ്‌യുടെ വിഷയം എന്തായിരിക്കും?*

**ഉത്തരം:** ആരിലാണോ വഹ്യ് ഇറങ്ങുന്നത് അയാൾക്ക് അല്ലാഹുവിന്റെ സ്നേഹപ്രകടനമോ ഭാവിയിൽ ഉണ്ടാകാൻ പോകുന്ന സംഭവങ്ങളുടെ വിവരണങ്ങളോ അല്ലെങ്കിൽ മുമ്പേ ഇറങ്ങിയിട്ടുള്ള ഗ്രന്ഥത്തിന്റെ മൂലവാക്യത്തിന്റെ വിശദീകരണമോ ആയിരിക്കും.

**ചോദ്യം:** *നമ്മുടെ നബി(സ)തിരുമേനിയുടെമേൽ ജിബ്‌രീൽ മുഖേന മാത്രമാണോ വഹ്യ് ഇറങ്ങിയത്?*

**ഉത്തരം:** നബി(സ)തിരുമേനിയുടെയടുക്കൽ ജിബ്‌രീൽ മാത്രമാണ് വഹ്യ് കൊണ്ടുവന്നതെന്നത് ശരിയല്ല. അതെ, ഒരു നബിയിലോ, വലിയ്യിലോ, മുഹദ്ദഥിലോ, മുജദ്ദിദിലോ വഹ്യ് ഇറങ്ങുകയാണെങ്കിൽ അത് ഹദ്റത്ത് ജിബ്‌രീലിന്റെ മേൽനോട്ടത്തിലാണ് ഇറങ്ങുന്നതെന്നതാണ് ശരി.

**ചോദ്യം:** *വഹ്‌യും ഇൽഹാമും തമ്മിലുള്ള വ്യത്യാസമെന്താണ്?*

**ഉത്തരം:** ഒരു വ്യത്യാസവുമില്ല.

**ചോദ്യം:** *മിർസാ ഗുലാം അഹ്മദ് സാഹിബിൽ ഹദ്റത്ത് ജിബ്‌രീലാണോ വഹ്യ് കൊണ്ടുവന്നിരിക്കുന്നത്?*

**ഉത്തരം:** ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്, എല്ലാ വഹ്‌യും ഹദ്റത്ത് ജിബ്‌രീലിന്റെ മേൽനോട്ടത്തിലാണ് ഇറങ്ങുന്നത്. ഹദ്റത്ത് മിർസാ സാഹിബിന്റെമേൽ ഹദ്റത്ത് ജിബ്‌രീലിൽനിന്നാണ് വഹ്യ് ഇറങ്ങിയിട്ടുള്ളത്. എന്നല്ല ഹദ്റത്ത് ജിബ്‌രീൽ ഒരിക്കൽ അദ്ദേഹത്തിന് കാണാൻപറ്റുന്ന രൂപത്തിൽ പ്രത്യക്ഷമാക്കപ്പെട്ടിരുന്നു.

**ചോദ്യം:** *മിർസാ സാഹിബ് സാങ്കേതികാർഥത്തിൽ നബിയായിരുന്നുവോ?*

**ഉത്തരം:** നബിയുടെ സാങ്കേതികമായ നിർവചനമൊന്നും എനിക്കറിയില്ല. അല്ലാഹു നബിയെന്ന് പറഞ്ഞയാളെ ഞാനും നബിയെന്ന് മനസ്സിലാക്കുന്നു.

**ചോദ്യം:** *അല്ലാഹു മിർസാ സാഹിബിനെ നബിയെന്ന് പറഞ്ഞിട്ടുണ്ടോ?*

**ഉത്തരം:** പറഞ്ഞിട്ടുണ്ട്.

**ചോദ്യം:** *മിർസാ സാഹിബ് ആദ്യമായി അദ്ദേഹം നബിയാണെന്ന് പറഞ്ഞതെപ്പോഴാണ്? ദയവു ചെയ്ത് അതിന്റെ തിയതി പറയുക? ഇതുസംബന്ധമായി അദ്ദേഹത്തിന്റെ ഏതെങ്കിലും ഗ്രന്ഥത്തിന്റെ പേര് പറയുക?*

**ഉത്തരം:** അദ്ദേഹം 1891-ൽ നബിയാണെന്ന് വാദിച്ചുവെന്നാണ് എന്റെ ഓർമ.

**ചോദ്യം:** *ഒരു നബി വെളിപ്പെടുന്നതുകൊണ്ട് പുതിയൊരു ഉമ്മത്ത് അഥവാ സമുദായം ജന്മം കൊള്ളുമോ?*

**ഉത്തരം:** ഇല്ല.

**ചോദ്യം:** *ഒരു പുതിയ നബിയിൽ വിശ്വസിക്കുക എന്ന, അദ്ദേഹത്തെ വിശ്വസിക്കുന്നവരുടെ നിലപാട് മറ്റുള്ളവരെ ബാധിക്കുകയില്ലേ?*

**ഉത്തരം:** വരുന്ന നബി ശരീഅത്തുംകൊണ്ട് വരുന്നയാളാണെങ്കിൽ ഇതിനുള്ള മറുപടി പോസിറ്റീവിലാണ്. പക്ഷേ, അയാൾ പുതിയ ശരീഅത്തൊന്നും കൊണ്ടുവന്നിട്ടില്ലെങ്കിൽ അത് മറ്റുള്ളവരെ സംബന്ധിച്ച് വിശ്വസിക്കുന്നവരുടെ നിലപാടിന്റെ പ്രതികരണം മറ്റുള്ളവർ അവരോടു പെരുമാറുന്നതുപോലെയിരിക്കും.

**ചോദ്യം:** *മറ്റു സൂക്ഷ്മമായ അർഥത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദി വേറിട്ടൊരു കൂട്ടമല്ലേ?*

**ഉത്തരം:** ഞങ്ങൾ പുതിയൊരു ഉമ്മത്തൊന്നുമല്ല. പ്രത്യുത മുസ്‌ലിമീങ്ങളിലെത്തന്നെ കക്ഷിയാണ്.

**ചോദ്യം:** *അഹ്മദികളുടെ ഒന്നാമത്തെ കൂറ് തങ്ങളുടെ രാജ്യത്തോടാണോ? അതല്ല തങ്ങളുടെ ജമാഅത്തിന്റെ അമീറിനോടാണോ?*

**ഉത്തരം:** ഏതു രാജ്യത്താണോ ഞങ്ങൾ വസിക്കുന്നത് അവിടുത്തെ ഭരണകൂടത്തെ അനുസരിക്കുക എന്നത് ഞങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണ്.

**ചോദ്യം:** *1891 നു മുമ്പേ മിർസാ ഗുലാം അഹ്മദ് സാഹിബ് നിരന്തരം താൻ നബിയല്ലെന്നും തന്റെ വഹ്യ് നുബുവ്വത്തിന്റെ വഹ്യ് അല്ലെന്നും പ്രത്യുത വിലായത്തിന്റെ വഹ്യ് ആണെന്നും പറഞ്ഞുകൊണ്ടിരുന്നില്ലേ?*

**ഉത്തരം:** അദ്ദേഹം 1900-ൽ എഴുതി: അതുവരേയും താൻ വിചാരിച്ചിരുന്നത് പുതിയ ശരീഅത്ത് കൊണ്ടുവരുന്നയാളെ നബിയാകുകയുള്ളുവെന്നാണ്. പക്ഷേ, അല്ലാഹു വഹ്യ് മുഖേന നബിയാകുന്നതിന് ശരീഅത്ത് കൊണ്ടുവരേണ്ടത് നിർബന്ധമായ കാര്യമല്ലെന്ന് അദ്ദേഹത്തോടു പറഞ്ഞു. പുതിയ ന്യായപ്രമാണം കൊണ്ടുവരാതേയും ഒരാൾ നബിയാകാവുന്നതാണ്.

**ചോദ്യം:***മിർസാ സാഹിബ് പാപമുക്തനാണോ?*

**ഉത്തരം:** മഅ്സ്വൂം എന്ന പദത്തിന്റെ അർഥം നബിക്ക് ഒരിക്കലും ഒരു തെറ്റും ചെയ്യാൻ സാധിക്കുകയില്ലെന്നാണ്. ഈ അർഥത്തിന്റെ അടിസ്ഥാനത്തിൽ ഒരു മനുഷ്യനും പാപമുക്തനല്ല. ഏതുവരെയെന്നാൽ, നമ്മുടെ നബി(സ)തിരുമേനിയും ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ പാപമുക്തനായിരുന്നില്ല. എന്നാൽ, മഅ്സ്വൂം എന്ന പദം നബിയെ സംബന്ധിച്ച് പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം അദ്ദേഹം അനുസരിക്കാൻ ബാധ്യതപ്പെട്ട ശരീഅത്തിന്റെ ഒരു കൽപ്പനയ്ക്കുമെതിരിൽ പ്രവർത്തിക്കുകയില്ലെന്നാണ്. മറ്റു വാക്കുകളിൽ ഇതിന്റെ ഉദ്ദേശ്യം വലുതാണെങ്കിലും ചെറുതാണെങ്കിലും ഒരു തരത്തിലുള്ള പാപത്തിനും അദ്ദേഹം ഇരയാകുകയില്ലെന്നാണ്. എന്നല്ല അദ്ദേഹം വെറുക്കപ്പെട്ടതിനും(മക്റൂഹാത്ത്) ഇരയാകുകയില്ല. ശരീഅത്തു കൊണ്ടുവരാത്തതായ ഒരുപാട് നബിമാർ കഴിഞ്ഞുകടന്നിട്ടുണ്ട്. ശരീഅത്തുമായി ബന്ധമില്ലാത്ത കാര്യങ്ങളിൽ തന്റെ ഇജ്തിഹാദിൽ(ഗവേഷണപരമായ പിശക്) നബിക്ക് തെറ്റു പറ്റാവുന്നതാണ്. ഉദാഹരണത്തിന് രണ്ടു കക്ഷിയുടെ ഇടയിൽ വഴക്കുണ്ടാകുന്ന കാര്യത്തിൽ അദ്ദേഹത്തിൽനിന്ന് തെറ്റായ തീരുമാനം ഉണ്ടാകുക അസംഭാവ്യമല്ല.

**ചോദ്യം:** *താങ്കൾക്ക് ഈ ചോദ്യത്തിന്റെ ഉത്തരം ഏതുരീതിയിൽ നല്കാൻ കഴിയും? അതായത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഏതു സൂക്ഷ്മമായ അർഥമനുസരിച്ചാണ് പാപമുക്തനായിരുന്നത്?*

**ഉത്തരം:**അദ്ദേഹത്തിന് വലുതോ ചെറുതോ ആയ

ഒരു പാപവും ചെയ്യാൻ കഴിയുമായിരുന്നില്ല. ഈ അടിസ്ഥനത്തിൽ അദ്ദേഹം പാപമുക്തനായിരുന്നു.

**ചോദ്യം:** *മറ്റു മനുഷ്യരെപ്പോലെ മിർസാസാഹിബും കണക്കെടുപ്പുനാളിൽ തന്റെ കർമങ്ങൾക്ക് മറുപടി നല്കേണ്ടി വരുമെന്ന് താങ്കൾ അംഗീകരിക്കുന്നുണ്ടോ?*

**ഉത്തരം:** അനുമാനിക്കുന്നത് അദ്ദേഹത്തിന്റെ കർമങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന് കണക്കുകൊടുക്കേണ്ടി വരികയില്ലെന്നാണ്. നമ്മുടെ നബി(സ)തിരുമേനി പറഞ്ഞു:അവിടത്തെ ഉമ്മത്തിൽ കണക്കെടുപ്പുനാളിൽ കണക്കെടുപ്പിൽ നിന്ന് ഒഴിവാക്കപ്പെട്ട നബിയല്ലാത്തതായ ധാരാളമാളുകളുണ്ടാകും.

**ചോദ്യം:** *മരണത്തിനുശേഷം നബിമാരുടെമേൽ എന്താണ് സംഭവിക്കുന്നത്? അവർ മറ്റുള്ളവരെപ്പോലെ കണക്കെടുപ്പുനാൾവരെ ഖബ്റുകളിൽ വസിക്കുമോ? അല്ലെങ്കിൽ നേരെ ഫിർദൗസിലോ അഅ്റാഫിലോ പോകുമോ?*

**ഉത്തരം:** എന്റെ നോട്ടത്തിൽ മരണത്തിനുശേഷം അവർ നേരെ ഫിർദൗസിലോ അഅ്റാഫിലോ പോകുമെന്നുള്ളത് ശരിയല്ല. എന്നാൽ, ശരിയായിട്ടുള്ളത് അവർ അല്ലാഹുവിന്റെ ഏറ്റവുമടുത്ത് ഒരു പ്രത്യേകസ്ഥലത്ത് എത്തിക്കപ്പെടുന്നുവെന്നതാണ്. മിർസാ ഗുലാം അഹ്മദ് സാഹിബ് നബിയായിരുന്നതുകൊണ്ട് അല്ലാഹു അദ്ദേഹത്തോടും സാധാരണ അഹ്മദികളെപ്പോലെയല്ല പ്രത്യുത പ്രത്യേകമായി പെരുമാറുന്നതായിരിക്കും.

**ചോദ്യം:** *മനുഷ്യൻ മരിച്ചു കഴിഞ്ഞാൽ മുൻകർ, നക്കീർ ഖബ്റിൽ അവന്റെയടുത്ത് വരുമെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടോ?*

**ഉത്തരം:** മുൻകർ, നക്കീർ മലക്കുകളാണ്. ഖബ്റിൽ മരിച്ചവരോടു ചോദ്യം ചെയ്യാൻ ഭൗതികശരീര രൂപത്തിൽ വെളിപ്പെടുമെന്നത് എന്റെ വിശ്വാസമല്ല.

**ചോദ്യം:** *മുൻകർ, നക്കീർ ഖബ്റിൽ വരുന്നതെന്തിനാണ്?*

**ഉത്തരം:** മരിച്ചവർക്ക് അവർ ചെയ്ത കഴിഞ്ഞ കർമങ്ങളെ കുറിച്ച് വിവരം നല്കാൻ.

**ചോദ്യം:** *താങ്കളുടെ അഭിപ്രായത്തിൽ മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ ഖബ്റിലും മുൻകറും നക്കീറും വന്നിരുന്നോ?*

**ഉത്തരം:** ഇക്കാര്യം അറിയുന്നതിന് എന്റെ കൈയിൽ മാർഗങ്ങളൊന്നുമില്ല.

**ചോദ്യം:** *ആദമിന് മാപ്പു കൊടുത്തതിനുശേഷം അല്ലാഹു അദ്ദേഹത്തിൽ പ്രവേശിപ്പിച്ച ആ നൂർ മിർസാ സാഹിബിനും അനന്തരാവകാശത്തിൽ കിട്ടിയിട്ടുണ്ടോ?*

**ഉത്തരം:** അത്തരം തിയറിയുടെ അറിവൊന്നും എനിക്കില്ല. വിശുദ്ധ ഖുർആനിലോ ഏതെങ്കിലും സ്വഹീഹായ ഹദീഥിലോ അത്തരം സംഭവങ്ങളെ കുറിച്ചൊന്നും പറഞ്ഞിട്ടില്ല.

**ചോദ്യം:** *വിശുദ്ധ ഖുർആനിൽ മസീഹ് അല്ലെങ്കിൽ മഹ്ദിയെ കുറിച്ച് ഏതെങ്കിലും വ്യക്തമായ പ്രവചനമുണ്ടോ?*

**ഉത്തരം:** അദ്ദേഹത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ പേരെടുത്ത് പറഞ്ഞിട്ടില്ല.

**ചോദ്യം:** *മസീഹിന്റേയും മഹ്ദിയുടേയും വെളിപ്പെടലിനെ സംബന്ധിച്ചുള്ള ഹദീഥുകൾ മുത്തഫിഖ്ഖാണോ(സർവാംഗീകൃതമാണോ)?*

**ഉത്തരം:** ഒരു മസീഹും വെളിപ്പെടുകയില്ലെന്ന് പറഞ്ഞിട്ടുള്ള ഒരു ഹദീഥുമില്ല. മഹ്ദിയെ സംബന്ധിച്ചിടത്തോളം ചില ഹദീഥുകളിൽനിന്ന് പ്രകടമാകുന്നത് അദ്ദേഹവും മസീഹും ഒരാൾത്തന്നെയാണെന്നാണ്.

**ചോദ്യം:** *എല്ലാ മുസ്ലിമീങ്ങളും ഐകകണ്ഠ്യേന ഈ ഹദീഥുകൾ അംഗീകരിക്കുന്നുണ്ടോ?*

**ഉത്തരം:** ഇല്ല.

**ചോദ്യം:** *ഈ ഹദീഥുകളിൽനിന്ന് മസീഹും മഹ്ദിയും രണ്ടു വെവ്വേറെ വ്യക്തികളാണെന്ന് പ്രകടമാകുന്നില്ലേ?*

**ഉത്തരം:** ഉണ്ട്. ചില ഹദീഥുകളിൽനിന്ന് അങ്ങനെ പ്രകടമാകുന്നുണ്ട്.

**ചോദ്യം:** *മസീഹിന്റേയും മഹ്ദിയുടേയും വെളിപ്പെടലിനെ സംബന്ധിച്ച് പ്രവചനം ചെയ്യപ്പെട്ടിരിക്കുന്ന ഈ ഹദീഥുകളനുസരിച്ച് ദജ്ജാലിന്റെ വധത്തിനും യഅ്ജൂജ് മഅ്ജൂജിന്റെ നാശത്തിനും എത്രകാലത്തിനുശേഷമാണ് ഇസ്റാഫീൽ തന്റെ സൂർ എന്ന കാഹളത്തിൽ ഊതുന്നത്?*

**ഉത്തരം:** ഞാൻ ആ ഹദീഥിന് ഒരു പ്രാധാന്യവും നല്കുന്നില്ല.

**ചോദ്യം:** *ദജ്ജാലിനെ കുറിച്ചും യഅ്ജൂജ് മഅ്ജൂജിനെ കുറിച്ചും പറഞ്ഞിട്ടുള്ള ഹദീഥുകളെ താങ്കൾ അംഗീകരിക്കുന്നുണ്ടോ?*

**ഉത്തരം:** ഈ ചോദ്യത്തിന് മറുപടി നൽകാൻ എനിക്ക് ആ ഹദീഥുകൾ പരിശോധിക്കേണ്ടി വരും. ദജ്ജാലിനേയും യഅ്ജൂജ് മഅ്ജൂജിനെയും കുറിച്ചുള്ള വിവരം വിശുദ്ധഖുർആനിലുണ്ട്.

**ചോദ്യം:** *മസീഹിന് അല്ലെങ്കിൽ മഹ്ദിക്ക് നബിയുടെ പദവി ലഭിക്കുമോ?*

**ഉത്തരം:** ലഭിക്കും

**ചോദ്യം:** *അവർ ഭൗതിക രാജാക്കന്മാർ ആയിരിക്കുമോ?*

**ഉത്തരം:** എന്റെ അഭിപ്രായത്തിൽ ആയിരിക്കുകയില്ല.

**ചോദ്യം:** *മസീഹ് ജിഹാദ് അല്ലെങ്കിൽ ജിസിയയെ സംബന്ധിച്ചുള്ള നിയമം കാലഹരണപ്പെടുത്തുമെന്ന സൂക്ഷ്മമായ അർഥം വരുന്ന ഏതെങ്കിലും ഹദീഥുണ്ടോ?*

**ഉത്തരം:** ഒരു ഹദീഥ് ജിസിയയെ സംബന്ധിച്ചുണ്ട്. രണ്ടാമത്തേത് ജിഹാദിനെ സംബന്ധിച്ചും. ഞങ്ങൾ ജിസിയയെ സംബന്ധിച്ച ഹദീഥിന് മുൻഗണന നൽകുന്നു. രണ്ടാമത്തേതിനെ അതിന്റെ വിശദീകരണമായും മനസ്സിലാക്കുന്നു.

**ചോദ്യം:** *മിർസാ ഗുലാം അഹ്മദ് സാഹിബ് മസീഹും മഹ്ദിയുമാണെന്ന് വാദിച്ചിട്ടുണ്ടോ?*

**ഉത്തരം:** ഉണ്ട്.

**ചോദ്യം:** *മസീഹോ മഹ്ദിയോ വെളിപെടുമ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കേണ്ടത് മുസ്ലിമീങ്ങളുടെ വിശ്വാസത്തിന്റെ നിർബന്ധ ഭാഗമാണോ?*

**ഉത്തരം:** അതെ. ഈ വാദം ശരിയാണെന്നാരെങ്കിലും മനസ്സിലാക്കിയാൽ അദ്ദേഹത്തെ വിശ്വസിക്കൽ അയാളുടെ നിർബന്ധകടമയായിത്തീരുന്നു.

**ചോദ്യം:** *ഇസ്ലാംമതം ഒരു രാഷ്ട്രീയപരമായ വ്യവസ്ഥിതിയാണോ?*

**ഉത്തരം:** ഇതൊരു മതപരമായ വ്യവസ്ഥിതിയാണ്. എന്നാൽ, അതിൽ കുറച്ച് രാഷ്ട്രീയപരമായ കല്പനകളുമുണ്ട്. അത് ഈ മതപരമായ വ്യവസ്ഥിതിയുടെ ഭാഗമാണ്. മറ്റു കല്പനകൾ പാലിക്കുന്നതുപോലെതന്നെ ഈ കല്പനകളും പാലിക്കേണ്ടതാണ്.

**ചോദ്യം:** *ഈ വ്യവസ്ഥിതിയിൽ അവിശ്വാസികളുടെ സ്ഥാനമെന്തായിരിക്കും?*

**ഉത്തരം:** അവിശ്വാസികൾക്ക് മുസ്ലിമീങ്ങൾക്കുള്ള സ്ഥാനംതന്നെ ലഭിക്കുന്നതായിരിക്കും.

**ചോദ്യം:** *ആരെയാണ് കാഫിർ എന്നു പറയുന്നത്?*

**ഉത്തരം:** കാഫിറും മുഅ്മിനും മുസ്ലിമും ബന്ധപ്പെട്ടുകിടക്കുന്ന പദങ്ങളാണ്. ഒന്ന് മറ്റൊന്നിനോട് ബന്ധപ്പെട്ടിരിക്കുന്നു. അവയ്ക്ക് എന്തെങ്കിലും വേറിട്ട വ്യക്തമായ അർഥമില്ല. വിശുദ്ധഖുർആനിൽ കാഫിർ എന്ന പദം അല്ലാഹുവുമായുള്ള ബന്ധത്തിനും ഉപയോഗിച്ചിട്ടുണ്ട്. ഇപ്രകാരംതന്നെ മുഅ്മിൻ എന്ന പദം ത്വാഗൂത്തു(പിശാചു)മായി ബന്ധപ്പെട്ടും ഉപയോഗിച്ചിരിക്കുന്നു

**ചോദ്യം:** *ഇസ്ലാമിക വ്യവസ്ഥിതിയിൽ കുഫ്ഫാറിന് അതായത് അമുസ്ലിമീങ്ങൾക്ക് നിയമനിർമാണത്തിലും നിയമത്തിന്റെ ഫലത്തിലും പങ്കെടുക്കാനുള്ള അവകാശമുണ്ടോ? അവർ സംഘടനാപരമായ ഉന്നത ചുമതലകളിൽ നിയമിതരാകുമോ?*

**ഉത്തരം:** എന്റെ അഭിപ്രായത്തിൽ വിശുദ്ധ ഖുർആൻ ഏതൊരു ഭരണത്തെയാണോ ശുദ്ധമായ ഇസ്ലാമിക ഭരണമെന്ന് പറഞ്ഞിട്ടുള്ളത് അതിന്റെ സ്ഥാപനം നിലവിലെ അവസ്ഥകളിൽ അസംഭാവ്യമാണ്. ഇസ്ലാമിക ഭരണത്തിന്റെ ഈ നിർവചനമനുസരിച്ച് ലോകത്തിലെ എല്ലാ മുസ്ലിമീങ്ങളും രാഷ്ട്രീയപരമായി ഐക്യത്തിൽ ബന്ധപ്പെട്ടിരിക്കുകയെന്നത് നിർബന്ധമായകാര്യമാണ്. എന്നാൽ, ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ രീതി പ്രവർത്തനത്തിൽ കൊണ്ടുവരാൻ പറ്റാത്തതാണ്.

**ചോദ്യം:** *എപ്പോഴെങ്കിലും ഇസ്ലാമിക ഭരണമുണ്ടായിട്ടുണ്ടോ?*

**ഉത്തരം:** ഭരണമുണ്ടായിട്ടുണ്ട്. ഖുലഫായെ റാശിദീന്റെ ഇസ്ലാമിക ജനാധിപത്യ ഭരണകാലം.

**ചോദ്യം:** *ഈ ജനാധിപത്യത്തിൽ അവിശ്വാസികളുടെ സ്ഥാനമെന്തായിരുന്നു? അവർക്ക് നിയമനിർമാണത്തിലും നിയമം പ്രയോജനപ്പെടുത്തുന്നതിലും പങ്കെടുക്കാൻ കഴിയുമായിരുന്നോ? സംഘടനാപരമായി അവർ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നോ?*

**ഉത്തരം:** ഈ ചോദ്യം അക്കാലത്ത് ഉണ്ടായിട്ടേയില്ല. കാരണം ഇസ്ലാമിക ജനാധിപത്യത്തിന്റെ കാലത്ത് മുസ്ലിമീങ്ങളും അമുസ്ലിമീങ്ങളും തമ്മിൽ നിരന്തരം യുദ്ധമുണ്ടായിക്കൊണ്ടിരുന്നു. വിജയിക്കുന്ന അവിശ്വാസികൾക്ക് ഇസ്ലാമിക ഭരണത്തിൽ മുസ്ലിമീങ്ങൾക്ക് ലഭിച്ചിരുന്ന അവകാശങ്ങൾ ലഭിച്ചിരുന്നു. അക്കാലത്ത് ഇന്നത്തെപ്പോലെ തിരഞ്ഞെടുക്കപ്പെട്ട അസംബ്ലികൾ ഉണ്ടായിരുന്നില്ല.

**ചോദ്യം:** *നബി(സ)തിരുമേനിയുടെ കാലത്ത് കോടതി വേറെതന്നെയായിരുന്നുവോ?*

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**

**(ജുമുഅ ഖുത്‌ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**




ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215



ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

**ഉത്തരം:** അക്കാലത്ത് ഏറ്റവും വലിയ കോടതി നബി(സ)തിരുമേനി തന്നെയായിരുന്നു.

**ചോദ്യം:** *ഇസ്‌ലാമികമായ രീതിയിലുള്ള ഭരണത്തിൽ ഒരു കാഫിറിന് അവന്റെ അവകാശം ലഭിക്കുമോ? അവന് പരസ്യമായ നിലയിൽ തന്റെ മതത്തെ പ്രചരിപ്പിക്കാൻ അവകാശമുണ്ടാകുമോ?*

**ഉത്തരം:** ഉണ്ടാകും.

**ചോദ്യം:** *ഇസ്‌ലാമിക ഭരണത്തിൽ ഏതെങ്കിലും ഒരു മുസ്‌ലിം മതതാരതമ്യ പഠനം നടത്തിയശേഷം വിശ്വസ്തതയോടുകൂടി ഇസ്‌ലാം ഉപേക്ഷിച്ച് മറ്റൊരു മതം സ്വീകരിച്ചാൽ ഉദാഹരണത്തിന് ക്രൈസ്തവമതമോ, നാസ്തികനോ ആയാൽ, അയാൾക്ക് ഈ സർക്കാരിന്റെ പ്രജയുടെ അവകാശം നിഷേധിക്കപ്പെടുമോ?*

**ഉത്തരം:** എന്റെ അഭിപ്രായത്തിൽ അങ്ങനെയല്ല. പക്ഷേ, ഇസ്‌ലാമിൽ അത്തരം വ്യക്തിക്ക് മരണശിക്ഷ നൽകണമെന്ന് വിശ്വസിക്കുന്ന കക്ഷികളുണ്ട്.

**ചോദ്യം:** *ആരെങ്കിലും മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ വാദത്തെ കുറിച്ച് ചിന്തിച്ചതിനുശേഷം വിശ്വസ്തതയോടെ അദ്ദേഹത്തിന്റെ വാദം തെറ്റാണെന്ന തീരുമാനത്തിലെത്തിയാൽ അയാൾ പിന്നേയും മുസ്‌ലിമായിരിക്കുമോ?*

**ഉത്തരം:** ആയിരിക്കും. പൊതു സാങ്കേതികത്വത്തിൽ അയാൾ പിന്നേയും മുസ്‌ലിമെന്ന് മനസ്സിലാക്കപ്പെടുന്നതായിരിക്കും.

**ചോദ്യം:** *താങ്കളുടെ അഭിപ്രായത്തിൽ തെറ്റായ മതചിന്താഗതികളും അല്ലെങ്കിൽ വിശ്വാസങ്ങളും വെച്ചുപുലർത്തുന്നവരെയാണോ അല്ലാഹു ശിക്ഷിക്കുന്നത്? പക്ഷേ, അവർ വിശ്വസ്തതയോടെയാണ് അങ്ങനെ ചെയ്യുന്നത്.*

**ഉത്തരം:** എന്റെ അഭിപ്രായത്തിൽ രക്ഷാശിക്ഷയുടെ നിയമം വിശ്വസ്തതയിലും സദുദ്ദേശ്യത്തിലും അധിഷ്ഠിതമാണ്;വിശ്വാസത്തിന്റെ സത്യസാക്ഷ്യത്തിലല്ല.

**ചോദ്യം:** *ഒരു ഇസ്‌ലാമിക സർക്കാരിന്റെ മതപരമായ നിർബന്ധകടമയാണോ അത് സകല മുസ്‌ലിമീങ്ങളോടും ഖുർആനിന്റേയും സുന്നത്തിന്റെ സകല കല്പനകളും-അല്ലാഹുവിനോടുള്ള കടമകളെ സംബന്ധിച്ചുള്ള നിയമങ്ങളും അതിലടങ്ങിയിട്ടുണ്ട്-ചെയ്യിക്കണമെന്നത്.*

**ഉത്തരം:** ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ നിയമം ഇതാണ്. പാപത്തിന്റെ ഉത്തരവാദിത്വം വ്യക്തിപരമാണ്. ഒരാൾ അയാൾ ഇരയാകുന്ന പാപത്തിനുമാത്രമെ ഉത്തരവാദിയാകുകയുള്ളൂ. അതുകൊണ്ട് ഇസ്‌ലാമികരാജ്യത്ത് ആരെങ്കിലും ഖുർആനിനുംസുന്നത്തിനും വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ അതിന് അയാൾത്തന്നെയാണ് ഉത്തരം നൽകേണ്ടത്.

**ചോദ്യം:** *ഇന്നലെ താങ്കൾ പറഞ്ഞിരുന്നു പാപത്തിന്റെ ഉത്തരവാദിത്വം വ്യക്തിഗതമാണെന്ന്. എന്നാൽ, ഒന്ന് സങ്കൽപിക്കുക. ഞാനൊരു മുസ്‌ലിം സർക്കാരിന്റെ മുസ്‌ലിം പൗരനാണ്. ഞാൻ മറ്റൊരാളെ വിശുദ്ധഖുർആനിനും സുന്നത്തിനുമെതിരിൽ പ്രവർത്തിക്കുന്നത് കാണുന്നു. അതിൽനിന്ന് അയാളെ തടയുക എന്നത് എന്റെ മതപരമായ നിർബന്ധകടമയാണോ? മതപരമായ നിർബന്ധകടമ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഞാൻ അയാളെ അതിൽനിന്ന് തടഞ്ഞില്ലെങ്കിൽ ഞാൻ പാപിയായിപ്പോകുമോ? എന്നതാണ്.*

**ഉത്തരം:** ആ വ്യക്തിയെ ഉപദേശിക്കുക മാത്രമാണ് താങ്കളുടെ കടമ.

**ചോദ്യം:** *ഞാൻ കല്പിക്കാൻ അധികാരപ്പെട്ടവനാണെങ്കിലും അതുതന്നെയായിരിക്കുമോ സ്ഥിതി?*

**ഉത്തരം:** എന്നാലും ആ വ്യക്തിയെ അങ്ങനെ ചെയ്യുന്നതിൽനിന്ന് ബലാൽക്കാരമായി തടയുക എന്നത് താങ്കളുടെ മതപരമായ നിർബന്ധകടമയല്ല

**ചോദ്യം:** *എനിക്ക് അധികാരമുണ്ടെങ്കിൽ ഇത്തരത്തിലുള്ള ആജ്ഞാലംഘനത്തിന് ശിക്ഷ കൊടുക്കാനുള്ള നിയമമുണ്ടാക്കുക എന്നത് എന്റെ നിർബന്ധകടമയല്ലേ?*

**ഉത്തരം:** അത് പാടില്ല. അങ്ങനെ ചെയ്യൽ താങ്കളുടെ മതപരമായ നിർബന്ധകടമയായിരിക്കുകയില്ല. പക്ഷേ, അങ്ങനെയുള്ള നിയമമുണ്ടാക്കാൻ അധികാരമുണ്ടായിരിക്കും.

**ചോദ്യം:** *സത്യവാനായ ഒരു നബിയെ നിഷേധിക്കൽ കുഫ്ർ അഥവാ ദൈവനിഷേധമല്ലേ?*

**ഉത്തരം:** അതെ, ഇത് കുഫ്റാണ്. പക്ഷേ, കുഫ്ർ രണ്ടുവിധമുണ്ട്. ഒന്ന് ഇതുമുഖേന ഒരു വ്യക്തി മതത്തിൽനിന്ന് പുറത്തുപോകുന്നതും രണ്ട് ഇതുമുഖേന മതത്തിൽനിന്ന് പുറത്തുപോകാത്തതും. പരിശുദ്ധകലിമയുടെ നിഷേധം ആദ്യതരത്തിലുള്ള കുഫ്റാണ്. രണ്ടാമത്തെ തരത്തിലുള്ള കുഫ്ർ അതിനേക്കാൾ താഴെയുള്ള വിശ്വാസലംഘനത്തിൽനിന്നാണുണ്ടാകുന്നത്.

**ചോദ്യം:** *നബിതിരുമേനിക്ക് ശേഷം വന്ന നബിയെ വിശ്വസിക്കാത്തയാൾ അടുത്തലോകത്ത് ശിക്ഷക്ക് അർഹനാകുമോ?*

**ഉത്തരം:** ഞങ്ങൾ അത്തരം വ്യക്തിയെ പാപിയായി മനസ്സിലാക്കുന്നുവെങ്കിലും അയാൾക്ക് അല്ലാഹു ശിക്ഷ നൽകുമോ ഇല്ലേ എന്നതിന്റെ തീരുമാനമെടുക്കേണ്ടത് അല്ലാഹുവിന്റെ ജോലിയാണ്.

**ചോദ്യം:** *താങ്കൾ 'ഖാത്തമുന്നബിയ്യീൻ' എന്നതിലെ ഖാത്തം എന്ന പദം 'ത'യുടെ അകാരത്തിലാണോ ഇകാരത്തിലാണോ ഓതുന്നത്?*

**ഉത്തരം:** രണ്ടും ശരിയാണ്.

**ചോദ്യം:** *ഈ സാങ്കേതിക പദത്തിന്റെ ശരിയായ അർഥമെന്താണ്?*

**ഉത്തരം:** അതിനെ 'ത'യുടെ അകാരത്തോടെ ഓതുകയാണെങ്കിൽ അതിന്റെ ഉദ്ദേശ്യം നമ്മുടെ നബി(സ)തിരുമേനി മറ്റു നബിമാരുടെ അലങ്കാരമാണെന്നായിരിക്കും; മോതിരം മനുഷ്യന് അലങ്കാരമാകുന്നതുപോലെ. അത് ഇകാരത്തോടെ ഓതുകയാണെങ്കിൽ നിഘണ്ടു പറയുന്നത് ഈ രീതിയിലും അതിന്റെ സൂക്ഷ്മമായ അർഥം ഇതുതന്നെയായിരിക്കുമെന്നാണ്. എന്നാൽ, ഇതുകൊണ്ട് ഏതെങ്കിലും വ്യക്തി ഏതെങ്കിലും കാര്യം അവസാനംവരെ എത്തിക്കുന്നയാളും ഉദ്ദേശ്യമാണ്. ഈ അർഥമനുസരിച്ച് അതിന്റെ ഉദ്ദേശ്യം 'ഖാത്തമുന്നബിയ്യീൻ' എന്നാൽ, അവസാന പ്രവാചകൻ എന്നാണ്. പക്ഷേ, ഇങ്ങനെ വരുമ്പോൾ 'അന്നബിയ്യീൻ' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ശരീഅത്ത് ഇറങ്ങിയ നബി എന്നായിരിക്കും. അതായത് ന്യായപ്രമാണവാഹിയായ നബി.

**ചോദ്യം:** *മിർസാ ഗുലാം അഹ്മദ് സാഹിബ് ഏതർഥത്തിലാണ് നബിയാകുന്നത്?*

**ഉത്തരം:** ഞാൻ ഈ ചോദ്യത്തിന് ആദ്യമേ മറുപടി പറഞ്ഞുകഴിഞ്ഞതാണ്. അല്ലാഹു തന്റെ വഹ്‌യിൽ അദ്ദേഹത്തിന്റെ നാമം നബി എന്ന് വെച്ചിരിക്കുന്നു.

**ചോദ്യം:** *മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ ആത്മീയ ദർജയിലുള്ള മറ്റാരെങ്കിലും ഭാവിയിൽ വരാനുണ്ടോ?*

**ഉത്തരം:** അതിന് സാധ്യതയുണ്ട്. പക്ഷേ, അല്ലാഹു ഭാവിയിൽ അത്തരം വ്യക്തികളെ നിയോഗിക്കുമോ ഇല്ലേ എന്ന് പറയാൻ പറ്റുകയില്ല.

**ചോദ്യം:** *സ്ത്രീ നബിയാകുമോ?*

**ഉത്തരം:** ഹദീഥുകളിൽനിന്ന് മനസ്സിലാകുന്നത് ഇല്ലെന്നാണ്.

**ചോദ്യം:** *താങ്കളുടെ ജമാഅത്തിലുള്ള ഏതെങ്കിലും ഒരു സ്ത്രീ ഈ സ്ഥാനത്ത് എത്തിയെന്ന് വാദിച്ചിട്ടുണ്ടോ?*

**ഉത്തരം:** എന്റെ അറിവ് അനുസരിച്ചില്ല.

**ചോദ്യം:** *നരകം ശാശ്വതമാണോ?*

**ഉത്തരം:** അല്ല.

**ചോദ്യം:** *നരകം ഏതെങ്കിലും മൃഗമാണോ? അല്ലെങ്കിൽ സഞ്ചരിക്കുന്ന വസ്തുവാണോ? അല്ലെങ്കിൽ നിശ്ചിത സ്ഥലമാണോ?*

**ഉത്തരം:** നരകം എന്നത് ആത്മാവുമായി ബന്ധം വെക്കുന്ന ഒരവസ്ഥയാണ്.

**ചോദ്യം:** *ഇമാം ഗസ്സാലി നരകത്തെ ഒരു മൃഗവുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. അത് ശരിയാണോ?*

**ഉത്തരം:** ഈ പദം ആലങ്കാരികമായി ഉപയോഗിക്കപ്പെട്ടിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്.

**ചോദ്യം:** *സാധാരണ മതപണ്ഡിതന്മാർ മനസ്സിലാക്കുന്നതുപോലെ ഇസ്‌ലാം ബുദ്ധിപരമായ അടിമത്വത്തിന് ശാശ്വതമായ രൂപം നൽകുന്നുവെന്ന് അതിനെ വിമർശിക്കുന്ന ചിലർ പറയുന്നു. അതുകൊണ്ടാണ് വിശ്വസ്തതയോടെ എതിർക്കുന്നവരെ അവർ എത്ര വലിയ വിശ്വസ്തരാണെങ്കിലും അവസാനം ശാശ്വതനരകത്തിലാണെന്ന് പറയുന്നത്.*

**ഉത്തരം:** എന്റെ അഭിപ്രായത്തിൽ നരകം ശാശ്വതമല്ലെന്ന് പറഞ്ഞിട്ടുള്ള ഒരു മതം ഇസ്‌ലാമാണ്.

**ചോദ്യം:** *അപ്പോൾ മുസ്‌ലിം അല്ലാത്തവർക്കും പൊറുത്തുകൊടുക്കുമെന്ന വിശാലതയാണോ ഇതിന്റെ ഉദ്ദേശ്യം?*

**ഉത്തരം:** തീർച്ചയായും.

**ചോദ്യം:** *ജനതയുടെ നിലവിലുള്ള സിദ്ധാന്തമനുസരിച്ച് ഒരു സർക്കാരിന്റെ വിവിധ മതങ്ങളിൽ വിശ്വസിക്കുന്ന പൗരന്മാർക്ക് തുല്യമായ രാഷ്ട്രീയാവകാശങ്ങൾ ലഭിക്കുമോ? ഇസ്‌ലാമിൽ ലഭിക്കുമോ?*

**ഉത്തരം:** തീർച്ചയായും.

**ചോദ്യം:** *ഒരു അമുസ്‌ലിംസർക്കാർ ഖുർആനും സുന്നത്തിനുമെതിരിൽ നിയമമുണ്ടാക്കുകയാണെങ്കിൽ ഒരു മുസ്‌ലിമിന്റെ കടമ എന്തായിരിക്കും?*

**ഉത്തരം:** നിയമം ഉണ്ടാക്കുന്ന നേരത്ത് സർക്കാർ എന്ന നിലയിൽ ഉപയോഗിക്കാൻ കഴിയുന്ന അധികാരങ്ങൾ ഉപയോഗിക്കുക. മുസ്‌ലിമീങ്ങളിൽ ആ നിയമം നടപ്പിൽ വരുത്തേണ്ടതാണ്. പക്ഷേ, ആ നിയമം വ്യക്തിപരമാണെങ്കിൽ ഉദാഹരണത്തിന് മുസ്‌ലിമീങ്ങളെ നമസ്കാരത്തിൽനിന്ന് തടയുന്ന നിയമമാണെങ്കിൽ ഇതൊരു സുപ്രധാനമായ ചോദ്യമാണ്. അതുകൊണ്ട് മുസ്‌ലിമീങ്ങൾ അത്തരം രാജ്യം ഉപേക്ഷിച്ചു പോകുക. എന്നാൽ, ഈ ചോദ്യം സാധാരണരീതിയിലുള്ളതാണെങ്കിൽ ഉദാഹരണത്തിന് അനന്തരാവകാശം, വിവാഹം തുടങ്ങിയവയുടെ കാര്യമാണെങ്കിൽ മുസ്‌ലിമീങ്ങൾ നിയമം പാലിക്കേണ്ടതാണ്.

**ചോദ്യം:** *ഒരു മുസ്‌ലിമിന് ഒരമുസ്‌ലിം സർക്കാരിന്റെ വാക്ക് പാലിക്കാൻ കഴിയുമോ?*

**ഉത്തരം:** കഴിയും. തീർച്ചയായും.

**ചോദ്യം:** *അവൻ ഒരു അമുസ്‌ലിം സർക്കാരിന്റെ പട്ടാളത്തിലാണെങ്കിൽ അവന് ഒരു മുസ്‌ലിം സർക്കാരുമായി യുദ്ധം ചെയ്യാൻ പറഞ്ഞാൽ അവൻ എന്താണ് സ്വീകരിക്കേണ്ടത്?*

**ഉത്തരം:** ഇതവന്റെ ജോലിയാണ്. മുസ്‌ലിംസർക്കാർ സത്യത്തിലാണോ അല്ലേ എന്ന് നോക്കുക. മുസ്‌ലിംസർക്കാർ സത്യത്തിലാണെങ്കിൽ അപ്പോൾ അവന്റെ നിർബന്ധകടമയാണ് രാജിവെക്കുക എന്നത്. അല്ലെങ്കിൽ മറ്റു ചില രാജ്യങ്ങളിൽ നടപ്പിലുള്ളതുപോലെ അത്തരം യുദ്ധത്തിൽ പങ്കെടുക്കുക മനസ്സാക്ഷിക്ക് വിരുദ്ധമാണ്.

**ചോദ്യം:** *നബി(സ)തിരുമേനി ശിപാർശകനാണെന്ന് മനസ്സിലാക്കപ്പെടുന്നതുപോലെ മിർസാ ഗുലാം അഹ്മദ് സാഹിബും ശിപാർശകനാണെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടോ?*

**ഉത്തരം:** ഇല്ല.

**ചോദ്യം:** *ഇനി ഒരു ചോദ്യം നിലനിൽക്കുന്നു. അതായത് അനഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദിനെ നിഷേധിക്കുന്നു. എന്നാൽ ഏതെങ്കിലും അനഹ്മദിയുടെ കുട്ടി മരിച്ചാൽ അവന്റെ ജനാസ*

*എന്തുകൊണ്ട് നമസ്കരിച്ചുകൂടാ?*

**ഉത്തരം:** അവൻ മസീഹ് മൗഊദിനെ നിഷേധിക്കുന്നില്ല എന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ ആ ചോദിക്കുന്നവരോട് ഞാൻ തിരിച്ചുചോദിക്കുന്നു ഇത് ശരിയാണെങ്കിൽ പിന്നെ ഹിന്ദുക്കളുടേയും ക്രിസ്ത്യാനികളുടേയും കുട്ടികളുടെ ജനാസ എന്തുകൊണ്ട് നമസ്കരിക്കുന്നില്ല?

**ചോദ്യം:** *അൻവാറുൽ ഖിലാഫത്ത് എന്ന പുസ്തകത്തിന്റെ 93-ാമത്തെ പേജിൽ താങ്കൾ ഇങ്ങനെ പറഞ്ഞിരുന്നുവോ?*

**ഉത്തരം:** അതെ. പക്ഷേ, ഇത് പറയാനുള്ള കാരണം അഹ്മദികളുടെ കുട്ടികളെ മുസ്ലിമീങ്ങളുടെ ഖബ്ർസ്ഥാനിൽ മറവ് ചെയ്യാൻ പാടില്ലെന്ന് അനഹ്മദി പണ്ഡിതന്മാർ ഫത്‌വ നൽകിയിരുന്നതാണ്. യാഥാർഥ്യമിതാണ് അഹ്മദീ സ്ത്രീകളുടേയും കുട്ടികളുടേയും മൃതശരീരം ഖബ്റിൽനിന്ന് മാന്തിയെടുത്ത് പുറത്തെറിയുന്നു. അവരുടെ ഫത്‌വ ഇപ്പോഴും നിലവിലുണ്ട്. അതുകൊണ്ട് എന്റെ ഫത്‌വയും നിലനിൽക്കുന്നു. പക്ഷേ, ഇപ്പോൾ നമുക്ക് ജമാഅത്തിന്റെ സ്ഥാപകരുടെ ഒരു ഫത്‌വ ലഭിച്ചിരിക്കുന്നു. അതനുസരിച്ച് പര്യാലോചന ചെയ്തതിനുശേഷം ആദ്യത്തെ ഫത്‌വയിൽ ഭേദഗതി വരുത്താം.

**ചോദ്യം:** *ഇതിനു പുറമെ ആരാണോ എന്നെ വിശ്വസിക്കാത്തത് അവർ അല്ലാഹുവിനേയും റസൂലിനേയും വിശ്വസിക്കുന്നില്ലെന്ന് ഹഖീഖത്തുൽ വഹ്‌യ് എന്നതിന്റെ 163-ാം പേജിൽ മിർസാ ഗുലാം അഹ്മദ് സാഹിബ് എഴുതിയിരിക്കുന്നത് ശരിയാണോ?*

**ഉത്തരം:** അതെ, ഈ പദങ്ങൾ അതിന്റെ പൊതുവായ അർഥത്തിലാണ് ഉപയോഗിച്ചത്.

**ചോദ്യം:** *താങ്കളുടെ ജമാഅത്തിൽ മുല്ലമാരുണ്ടോ?*

**ഉത്തരം:** മുല്ലയെന്ന പദം മൗലവി എന്ന പദത്തിന്റെ പര്യായപദമാണ്. ഈ പദം പരിഹസിക്കുന്നതിനുവേണ്ടി ഉപയോഗിക്കുകയില്ല. മുല്ലാ അലിയുൽഖാരി മുല്ലാ ബാഖിർ എന്നിവരെല്ലാം പ്രസിദ്ധരായ വ്യക്തിത്വങ്ങളാണ്. ഇവർ മുല്ലാ എന്ന് വിളിക്കപ്പെടുന്നു. അതിലവർ അഭിമാനം കൊള്ളുന്നു.

**ചോദ്യം:** *അൽഫദ്‌ലിൽ ഹിജ്റ 14 എന്ന് അച്ചടിച്ചതിന്റെ ഉദ്ദേശ്യം എന്താണ്?*

**ഉത്തരം:** ഇതുകൊണ്ട് മെയ് 14 എന്നാണ് ഉദ്ദേശ്യം.

**ചോദ്യം:** *ഈ മാസത്തെ, ഹിജ്റ എന്ന് എന്തുകൊണ്ട് പറയുന്നു?*

**ഉത്തരം:** കാരണം നബി(സ) തിരുമേനിയുടെ ഹിജ്റത്ത് മെയ് മാസത്തിലാണ് നടന്നതെന്ന് ചരിത്രം പറയുന്നു.

**ചോദ്യം: താങ്കൾ ഹിജ്റ വർഷമാണോ ഉപയോഗിക്കാറുള്ളത്? അതല്ല ക്രിസ്തുവർഷമോ?**

**ഉത്തരം:** സൂര്യവർഷത്തെ റസൂൽ(സ)ന്റെ പരിശുദ്ധ ജീവിതത്തിലെ ചില സംഭവങ്ങളും പരിഗണിച്ചുകൊണ്ട് ചില നാമങ്ങൾ നൽകിയെന്ന് മാത്രം.

**ചോദ്യം:** *1919ലെ വാർഷിക സമ്മേളനത്തിൽ താങ്കൾ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അതിനെ സംബന്ധിച്ച് ഇർഫാനെ ഇലാഹി എന്ന പുസ്തകത്തിലെ 93-ാം പേജിൽ 'പ്രതികാരം ചെയ്യേണ്ട കാലഘട്ടം' എന്ന ശീർഷകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്നത് ഇപ്പോൾ കാലഘട്ടം മാറിയിരിക്കുന്നു. ആദ്യം വന്ന മസീഹിനെ ശത്രുക്കൾ കുരിശിലേറ്റി. എന്നാൽ, ഇപ്പോൾ വന്ന മസീഹ് ശത്രുക്കളെ മരണത്തിന്റെ കുഴിയിൽ ഇറക്കാൻ വേണ്ടിയാണ് വന്നതെന്നാണ്?*

**ഉത്തരം:** അതെ. ഉദ്ധരണി എടുക്കുന്നവർ ഈ വചനത്തിന്റെ വിശദീകരണം പുസ്തകത്തിന്റെ 101 മുതൽ 103 വരെയുള്ള പേജുകളിൽ നൽകിയിരിക്കുന്നു. അവിടെ ഞാൻ പറഞ്ഞു:പക്ഷേ, നമുക്ക് എന്തെങ്കിലും മറുപടി നല്കേണ്ടതല്ലേ? ആ രക്തത്തിന് പകരം വീട്ടേണ്ടതല്ലേ? എന്നാൽ, അതിന്റെ രീതി ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. അതിപ്രകാരമാണ്. കാബൂളിന്റെ ഭൂമിയിൽനിന്ന് അഹ്മദിയ്യത്തിന്റെ ഒരു ചെടി മുറിക്കപ്പെട്ടുവെങ്കിൽ അവിടെ ഇതിന് പകരം അല്ലാഹു ആയിരക്കണക്കിനുള്ള ചെടി നടുന്നതാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് അബ്ദുൽ ലത്വീഫ് സാഹിബ് ശഹീദിന്റെ വധത്തിന് പകരം ചെയ്യുക എന്നതാണ്. നാം കൊലയാളികളെ വധിക്കുകയോ അല്ലെങ്കിൽ അവരുടെ രക്തംചീന്തുകയോ ചെയ്യുന്നതല്ല. കാരണം വധിക്കുക എന്നത് നമ്മുടെ ജോലിയല്ല. നമ്മെ അല്ലാഹു പൂർണമായും സമാധാനത്തോടെ ജോലി ചെയ്യുന്നതിനാണ് എഴുന്നേല്പിച്ചിട്ടുള്ളത്. അല്ലാതെ നമ്മുടെ ശത്രുക്കളെ കൊല്ലുന്നതിനുവേണ്ടിയല്ല. അതുകൊണ്ട് നമ്മുടെ പകരം വീട്ടലെന്താണെന്നാൽ, അവരുടേയും അവരുടെ സന്താനങ്ങളുടേയും മനസ്സുകളിൽ അഹ്മദിയ്യത്തിന്റെ വിത്ത് വിതയ്ക്കുക. അവരെ അഹ്മദിയാക്കുക. ഏതൊരു കാര്യത്തെയാണോ അവർ വിപാടനം ചെയ്യാനാഗ്രഹിച്ചത് അതിനെ സ്ഥാപിക്കുക. എന്നാൽ, ഇപ്പോൾ നമ്മുടെ ജോലിയെന്താണെന്നാൽ അവരുടെ രക്തത്തിന് പകരം വീട്ടുക എന്നതാണ്. അവരുടെ കൊലപാതകികൾ ഏതൊരു കാര്യത്തെയാണോ വിപാടനം ചെയ്യാനാഗ്രഹിച്ചിരുന്നത് അത് സ്ഥാപിക്കുക. കാരണം അല്ലാഹുവിന്റെ പരിശുദ്ധമായ ജമാഅത്തുകളിൽ ചേരുന്നവർ ഇങ്ങനെയാണ് ശിക്ഷ നല്കുന്നത്. തങ്ങളുടെ ശത്രുക്കളോടു നന്മയോടെ പ്രവർത്തിക്കുന്നു. അതുകൊണ്ട് അബ്ദുല്ലത്വീഫ് ശഹീദിനെ വധിച്ചവരെ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യുക നമ്മുടെ ജോലിയല്ല. പ്രത്യുത അവരെ എന്നെന്നേക്കുമായി നിലനിറുത്തുക. ശാശ്വതമായ ജീവിതത്തിന്റെ ഉടമസ്ഥരാക്കുക. അതിനുള്ള മാർഗം അവരെ അഹ്മദിയാക്കുക എന്നതാണ്.

**ചോദ്യം:** *ഈ പൂർവാപരവാക്യബന്ധത്തിൽ അഹ്മദിയ്യത്ത് എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്?*

**ഉത്തരം:** അഹ്മദിയ്യത്ത് എന്നതുകൊണ്ടുദ്ദേശിക്കുന്നത് അഹ്മദിയ്യ ജമാഅത്ത് സ്ഥാപകർ നൽകിയിട്ടുള്ള ഇസ്‌ലാമിന്റെ വിശദീകരണമെന്നാണ്.

**ചോദ്യം:** *പത്രാധിപക്കുറിപ്പിൽ ഏതൊരു മൗലവിമാരെ മുല്ല എന്നു പറഞ്ഞുവോ അവർ അഹ്മദികൾ മുർത്തദ്ദാണ്, വധാർഹരാണ് എന്ന അഭിപ്രായം പ്രകടിപ്പിച്ചിരുന്നുവോ?*

**ഉത്തരം:** മൗലാനാ അബുൽ അഅ്‌ലാ മൗദൂദി ഈ അഭിപ്രായം പ്രകടിപ്പിച്ചിരുന്നുവെന്ന് മാത്രമേ ഞാൻ അറിയുകയുള്ളൂ.

**ചോദ്യം:** *താങ്കളുടെ ജമാഅത്ത് തികച്ചും മതപരമായ ജമാഅത്താണോ അതല്ല രാഷ്ട്രീയപരമായ ജമാഅത്താണോ?*

**ഉത്തരം:**യഥാർഥത്തിൽ ഇതു മതപരമായ ജമാഅത്താണ്. എന്നാൽ, എപ്പോഴെങ്കിലും രാഷ്ട്രീയപരമായ കാര്യം അതിന്റെ മുമ്പിൽ വരുമ്പോൾ അത് മൗനം പാലിക്കുകയില്ല. ഈ ബുദ്ധിയും അല്ലാഹു അതിന് നല്കിയിരിക്കുന്നു.

**ചോദ്യം:** *താങ്കൾ താങ്കളുടെ പ്രസംഗത്തിൽ താഴെ ചേർക്കുന്ന കാര്യം പറഞ്ഞിട്ടുണ്ടോ? അതുകൊണ്ട് താങ്കൾ എന്താണ് ഉദ്ദേശിക്കുന്നത്?*

'ഓർക്കുക!ഏതുവരെ നമ്മുടെ അടിത്തറ ദൃഢഗാഢമാകുന്നില്ലയോ അതുവരെ തബ്‌ലീഗ് വിജയപ്രദമാകുകയില്ല.'

**ഉത്തരം:** ഇക്കാര്യങ്ങൾ സ്വയമേവ അതിന്റെ വിശദീകരണം നല്കുന്നുണ്ട്.

**ചോദ്യം:** *ബ്രിട്ടീഷ് ഭരണകൂടത്തെ സംബന്ധിച്ച് അഹ്മദിയ്യ ജമാഅത്ത് സ്ഥാപകരുടെ നിലപാടെന്തായിരുന്നു?*

**ഉത്തരം:** ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് മനുഷ്യൻ ഏതു രാജ്യത്താണോ വസിക്കുന്നത് അവൻ ഭരണകൂടത്തോടു പൂർണമായും കൂറുപുലർത്തേണ്ടതാണെന്ന് മുമ്പേ പറഞ്ഞതാണല്ലോ?

**ചോദ്യം:** *ബഗ്ദാദിൽ ഇംഗ്ലീഷുകാർ ആധിപത്യം സ്ഥാപിച്ചപ്പോൾ ഖാദിയാനിൽ സന്തോഷപ്രകടനമുണ്ടായി എന്ന് പറയുന്നത് ശരിയാണോ?*

**ഉത്തരം:** ഇതു തികച്ചും തെറ്റാണ്.

**ചോദ്യം:** *താങ്കൾ താങ്കളുടെ ജമാഅത്തംഗങ്ങളോടു അവർ മറ്റുമുസ്‌ലിമീങ്ങളിൽനിന്ന് വ്യത്യാസമായിരിക്കണമെന്ന് പറഞ്ഞിട്ടുണ്ടോ?*

**ഉത്തരം:** ഇല്ല.

**ചോദ്യം:** *മുസയ്‌ലിമ ബിൻ അൽഹബീബിന്റെ വാദത്തെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?*

**ഉത്തരം:** അയാളുടെ വാദം കളവായിരുന്നു.

**ചോദ്യം:** *അയാൾ കലിമ ചൊല്ലാറുണ്ടായിരുന്നുവോ?*

**ഉത്തരം:** ഇല്ല.

**ചോദ്യം:** *താങ്കൾ അസ്‌വദ് അൻസി, സജ്ജാഹ്, ത്വലീഹ അസദീ എന്നിവരുടെ ജീവിതരീതിയെ കുറിച്ച് വായിച്ചിട്ടുണ്ടോ?*

**ഉത്തരം:** വായിച്ചിട്ടുണ്ട്.

**ചോദ്യം:** *ഈ എല്ലാ വ്യക്തികളും-അവരിൽ ഒരു സ്ത്രീയുമുണ്ടായിരുന്നു-നുബുവ്വത്ത് വാദമുന്നയിച്ചു. അതിന്റെ ഫലമായി മുസ്‌ലിമീങ്ങൾ അവർക്കെതിരിൽ യുദ്ധം ചെയ്തു?*

**ഉത്തരം:** അല്ല. മറിച്ച് അവരുടെ അവസ്ഥ തികച്ചും വിപരീതമായിരുന്നു. നുബുവ്വത്ത് വാദിച്ച അവരെല്ലാവരും മുസ്‌ലിമീങ്ങളെ ആക്രമിക്കുകയായിരുന്നു. മുസ്‌ലിമീങ്ങൾ അതിനെ പ്രതിരോധിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു.

**ചോദ്യം:** *താങ്കൾ ശരീഅത്തോടുകൂടി വന്ന പ്രവാചകനും അല്ലാത്ത പ്രവാചകനും തമ്മിലുള്ള വ്യത്യാസം പറഞ്ഞിരുന്നു. പ്രതിച്ഛായ രൂപത്തിലുള്ള പ്രവാചകൻ എന്നതിന്റെ നിർവചനം പറഞ്ഞാലും?*

**ഉത്തരം:** ആരെക്കുറിച്ചാണോ സാങ്കേതികപദം ഉപയോഗിച്ചിട്ടുള്ളത് ആ വ്യക്തി സ്വയം ചില പ്രത്യേകമാക്കപ്പെട്ട ഗുണങ്ങൾ വെച്ചു പുലർത്തുന്നില്ല. പ്രത്യുത അവരിൽ ഈ ഗുണങ്ങൾ പ്രതിബിംബം എന്ന നിലയിൽ പ്രകടമാകുന്നു എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

**• കലാമുൽ ഇമാം •**

**അല്ലയോ എന്റെ ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ എന്റെ പ്രിയപ്പെട്ട സ്നേഹിതരേ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

**ചോദ്യം:** *മിർസാ ഗുലാം അഹ്മദ് സാഹിബ് താൻ ശരീഅത്തോടുകൂടി വന്ന പ്രവാചകനാണെന്ന് വാദിച്ചിട്ടുണ്ടോ*

**ഉത്തരം:** ഇല്ല

**ചോദ്യം:** *അഹ്മദിയായതിനുശേഷം തന്റെ വിശ്വാസത്തിൽനിന്ന് വിട്ടുപോകുന്നവരെ മിർസാ സാഹിബ് മുർത്തദ്ദ് എന്നു പറഞ്ഞിട്ടുണ്ടോ?*

**ഉത്തരം:** മുർത്തദ്ദ് എന്നതിന്റെ അർഥം തിരിച്ചുപോകുന്നവൻ എന്നു മാത്രമാണ്. മൗലാനാ മൗദൂദി സാഹിബും ഈ അർഥങ്ങളിൽ ഉപയോഗിച്ചിരുന്നു.

**ചോദ്യം:** *മിർസാഗുലാം അഹ്മദ് സാഹിബിനെ മുസ്‌ലിമീങ്ങൾക്ക് വിശ്വസിക്കൽ നിർബന്ധമാക്കപ്പെട്ട മാമൂറിനിൽ(ദൈവനിയോഗിതൻ) ഉൾപ്പെടുത്തുന്നുണ്ടോ?*

**ഉത്തരം:** ഈ ചോദ്യത്തിനു ഞാൻ ആദ്യമെതന്നെ മറുപടി നല്കിക്കഴിഞ്ഞിരിക്കുന്നു. അതായത് മിർസാസാഹിബിൽ വിശ്വസിക്കാത്ത ഒരു വ്യക്തിയെ ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്താണെന്ന് പറയാൻ സാധിക്കുകയില്ല.

**ചോദ്യം:** *നബി(സ)തിരുമേനിക്കുശേഷം എത്ര സത്യനബിമാർ കടന്നു കഴിഞ്ഞിട്ടുണ്ട്?*

**ഉത്തരം:**ഞാൻ ആരേയും അറിയില്ല. എന്നാൽ, നമ്മുടെ നബി(സ)തിരുമേനിയുടെ ഹദീഥ് അനുസരിച്ച് ആ മഹാത്മാവിന്റെ ഉമ്മത്തിലുള്ള പണ്ഡിതന്മാർവരെ മഹത്ത്വത്തിന്റേയും പദവിയുടേയും പ്രതിച്ഛായ ഉള്ളവരാണ്. ഇങ്ങനെ ആയിരക്കണക്കിനാളുകൾ ഉണ്ടായിട്ടുണ്ടാകും.

**ചോദ്യം:** *മിർസാ ഗുലാം അഹ്മദ് സാഹിബ് നമ്മുടെ നബി(സ)തിരുമേനിയെക്കൂടാതെ മറ്റെല്ലാ നബിമാരെക്കാളും ശ്രേഷ്ഠനായിരുന്നുവെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടോ?*

**ഉത്തരം:** ഞങ്ങൾ അദ്ദേഹത്തെ കുറിച്ച് ഹദ്റത്ത് ഈസാ(അ)യെക്കാൾ ശ്രേഷ്ഠനാണെന്നുമാത്രമെ വിശ്വസിക്കുന്നുള്ളു.

**ചോദ്യം:** *മുസ്‌ലിമീങ്ങളുടെ ഐകകണ്ഠ്യേനയുള്ള വിശ്വാസമാണ് ഈസബ്നുമർയം(ഈസാ നബി)അന്ത്യനാളിനുമുമ്പേ വീണ്ടും വെളിപ്പെടുമെന്നുള്ളത്. ഇതു സംബന്ധമായി താങ്കളുടെ വിശ്വാസമെന്താണ്?*

**ഉത്തരം:**ഇത് മുസ്‌ലിമീങ്ങളുടെ ഐകകണ്ഠ്യേനയുള്ള വിശ്വാസമാണന്ന കാര്യം തെറ്റാണ്. മസീഹനാസിരി(അ)പ്രകൃതിസാധാരണമായ നിലയിൽ മരിച്ചുപോയെന്ന് വിശ്വസിക്കുന്ന ഒരു വിഭാഗവുമുണ്ട്. നമ്മുടെ വിശ്വാസം ഹദ്റത്ത് ഈസബ്നുമർയം തിരിച്ചു വരില്ലെന്നാണ്. പ്രത്യുത അദ്ദേഹത്തിന് സദൃശനായ ഒരാളായിരിക്കും വരിക.

**ചോദ്യം:** *ഈസാ വരുന്ന കാലത്ത് യഹൂദികൾ ഏതെങ്കിലും മസീഹിനെ കാത്തിരിക്കുകയായിരുന്നോ?*

**ഉത്തരം:** കാത്തിരിക്കുകയായിരുന്നു. എന്നാൽ, അദ്ദേഹത്തിന് മുമ്പേ ഇൽയാസ് വരണമായിരുന്നു. അദ്ദേഹം അതേ ജഡികശരീരത്തോടെ ആകാശത്ത് നിന്നിറങ്ങണമായിരുന്നു.

**ചോദ്യം:** *ഹദ്റത്ത് ഈസാ തന്നെയാണോ ഈ മസീഹ്?*

**ഉത്തരം:** നമ്മുടെ വിശ്വാസമനുസരിച്ച് അതേ മസീഹ് തന്നെയായിരുന്നു. പക്ഷേ, യഹൂദികളുടെ വിശ്വാസമനുസരിച്ച് അല്ല.

**ചോദ്യം:** *ഹദ്റത്ത് ഈസാ നാസിരി എപ്പോഴെങ്കിലും വാഗ്ദത്ത മസീഹാണെന്ന് വാദിച്ചിട്ടുണ്ടോ?*

**ഉത്തരം:** ഉണ്ട്.

**ചോദ്യം:** *പൊതുമുസ്‌ലിമീങ്ങൾ അഹ്മദികളുടെ ജനാസ നമസ്കരിക്കാത്തത് അവർ അഹ്മദികളെ കാഫിർ എന്ന് മനസ്സിലാക്കുന്നതുകൊണ്ടാണ്. താങ്കൾ പറയുക അഹ്മദികൾ അനഹ്മദികളുടെ ജനാസ നമസ്കരിക്കാത്തത് താങ്കൾ മുമ്പേ പറഞ്ഞതല്ലാതെ മറ്റു വല്ല കാരണവുമുണ്ടോ? നിങ്ങൾ മറുപടി എന്ന നിലയിലാണോ ഈ മാർഗം സ്വീകരിച്ചത്?*

**ഉത്തരം:** വലിയ കാരണം ഇതിനുമുമ്പേ വിവരിച്ചു കഴിഞ്ഞിരിക്കുന്നു. ഞങ്ങൾ അനഹ്മദികളുടെ ജനാസ നമസ്കരിക്കാത്തത് അവർ അഹ്മദികളുടെ ജനാസ നമസ്കരിക്കുന്നില്ല എന്നതാണ്. രണ്ടാമത്തെ കാരണം ആദ്യത്തെ കാരണത്തിന്റെ ഭാഗംതന്നെയാണ്. സർവാംഗീകൃതമായ ഒരു ഹദീഥ് അനുസരിച്ച് ആരാണോ മറ്റൊരു മുസ്‌ലിമിനെ കാഫിർ എന്നു പറയുന്നത് അവൻ സ്വയമേവ കാഫിറായി ത്തീരുന്നു.

**ചോദ്യം:** *താങ്കൾ താങ്കളുടെ ജമാഅത്തിനെ സംബന്ധിച്ച് എപ്പോഴെങ്കിലും ഉമ്മത്ത് എന്ന പദം ഉപയോഗിക്കാറുണ്ടോ?*

**ഉത്തരം:** അഹ്മദി വേറിട്ടൊരു ഉമ്മത്ത് അല്ലെന്നത് എന്റെ വിശ്വാസമാണ്. ഇവിടെ അഹ്മദികളെ സംബന്ധിച്ച് ഉമ്മത്ത് എന്ന പദം ഉപയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് അശ്രദ്ധകൊണ്ട് ഉണ്ടായതായിരിക്കും. അതുകൊണ്ടുള്ള യഥാർഥ ഉദ്ദേശ്യം ജമാഅത്താണ്.

**ചോദ്യം:** *1948 ആഗസ്റ്റ് 13 ലെ അൽഫള്ൽ നോക്കുക. അതിൽ ഈ വാക്യം കാണാം: അല്ലാഹു ഏതൊരു ജോലിയാണോ നമ്മെ ഏൽപിച്ചിട്ടുള്ളത് അത് ഏതെങ്കിലും മറ്റൊരു ഉമ്മത്തിനെ ഏൽപിച്ചില്ല. മുമ്പേ വന്ന നബിമാരിൽ ഒരു നബിയും ഒരു ലക്ഷത്തിലേക്ക് വന്നിട്ടില്ല. ഒരു നബിയും രണ്ടുലക്ഷത്തിലേക്ക് വന്നിട്ടില്ല. ഒരു നബിയും പത്തുലക്ഷത്തിലേക്ക് വന്നിട്ടില്ല. നബി(സ)തിരുമേനിയുടെ ജനത ഒന്നേകാൽ ലക്ഷമായിരുന്നു. അല്ലെങ്കിൽ അറേബ്യയുടെ ജനസംഖ്യ അക്കാലത്ത് രണ്ടോ മൂന്നോ ലക്ഷമായിരിക്കാം. അതുകൊണ്ട് ഇവരായിരുന്നു അവിടത്തെ ആദ്യ സംബോധിതർ. പക്ഷേ, നമ്മുടേത് കയറിയ ഉടൻതന്നെ 40 കോടിയായിരുന്നു സംബോധിതർ. ഇവിടെ ഏതർഥങ്ങളിലാണ് താങ്കൾ ഉമ്മത്ത് എന്ന പദം ഉപയോഗിച്ചിട്ടുള്ളത്?*

**ഉത്തരം:** ഇവിടെ ഞാൻ ഉമ്മത്ത് എന്ന പദം നബി(സ)തിരുമേനിയുടെ ഉമ്മത്തിനുവേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത്.

**ചോദ്യം:** *താങ്കൾ ഇംഗ്ലീഷുകാരോടു നന്ദി കാണിക്കുന്നത് അവരുടെ കാലത്ത് താങ്കളുടെ പ്രത്യേകമാക്കപ്പെട്ട വിശ്വാസങ്ങൾ വളരുകയും പുഷ്പിക്കുകയും ചെയ്തതു കൊണ്ടല്ലേ? അങ്ങനെ വരുമ്പോൾ താങ്കൾ അവരോടുനന്ദിയുള്ളവനായിരിക്കേണ്ടതല്ലേ?*

**ഉത്തരം:** നന്ദി കാണിക്കുക എന്നത് ധാർമികമായൊരു നിർബന്ധ കടമയാണ്. അതിന് രാഷ്ട്രീയവുമായി ബന്ധമൊന്നുമില്ല. ഞങ്ങൾ അവരോടു നന്ദിയുളളവരാണെന്നത് യാഥാർഥ്യമാണ്. എല്ലാവരോടും നീതിപൂർവം അവർ പെരുമാറിയതുകൊണ്ടാണത്. അവരിൽ ഞങ്ങളും ഉൾപ്പെട്ടു.

**ചോദ്യം:** *മിർസാ ഗുലാം അഹ്മദ് സാഹിബ് ബ്രിട്ടീഷുകാരോടു നന്ദി കാണിക്കുന്നതിന് മുസ്‌ലിം രാജ്യങ്ങളിൽ പ്രചരിപ്പിക്കുക എന്നുദ്ദേശ്യത്തോടെ ജിഹാദിന്നെതിരിൽ അമ്പതു അലമാര നിറയെ ഗ്രന്ഥങ്ങളെഴുതിയില്ലേ?*

**ഉത്തരം:** മിർസാ സാഹിബ് എന്തൊന്നാണോ എഴുതിയത് അതിന്റെ ഉദ്ദേശ്യം മറ്റു മതങ്ങളിൽ മുസ്‌ലിമീങ്ങൾക്കെതിരിൽ നിലനില്ക്കുന്ന തെറ്റായ ധാരണകൾ അകറ്റുക എന്നതായിരുന്നു. ഈ രചനകൾ വിവിധ പ്രതിപാദ്യങ്ങളും വിഷയങ്ങളും ഉൾക്കൊള്ളുന്നതാണ്. ജനങ്ങളുടെ ഇടയിൽ തെറ്റായധാരണകൾ പരത്തിയിരുന്ന വിഷയങ്ങളായിരുന്ന അവ. അനുബന്ധമായി അതിൽ ജിഹാദ് എന്ന വിഷയവുമുണ്ടായിരുന്നു. പക്ഷേ ഈ പ്രത്യേകമായ വിഷയത്തിൽ അദ്ദേഹം വളരെ കുറച്ചു പേജുകളുള്ള ഒരു ലഘുലേഖയാണ് എഴുതിയത്.

**ചോദ്യം:** *താഴെകാണുന്ന ഈരടികളിൽ മിർസാ ഗുലാം അഹ്മദ് സാഹിബ്, നബി(സ)തിരുമേനിയെക്കാൾ ശ്രേഷ്ഠത തനിക്കു നല്കിയിട്ടില്ലേ?*
*ലഹൂ ഖുസിഫൽഖമറുൽമുനീറു വഇന്നലീ*
*ഖുസിഫതൽ ഖമറാനി അൽമുശ്‌രിഖാനി*
*അതായത് നബി(സ)തിരുമേനിക്കുവേണ്ടി ചന്ദ്രനുമാത്രമേ ഗ്രഹണമുണ്ടായുള്ളു. എനിക്കുവേണ്ടി സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടായി.*

**ഉത്തരം:** മഹ്ദിയുടെ കാലത്ത് റമളാൻ മാസത്തിൽ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാകും എന്നു പറഞ്ഞ ഹദീഥിലേക്ക് സൂചന നല്കുക എന്നതുമാത്രമാണ് ഈ പദ്യത്തിലെ ഉദ്ദേശ്യം.

**ചോദ്യം:** *താങ്കളും എപ്പോഴെങ്കിലും പൊതു മുസ്‌ലിമീങ്ങളെ അബൂജഹ്ൽ എന്നു പറയുകയും താങ്കളുടെ ജമാഅത്തിനെ ന്യൂനപക്ഷമെന്ന് പറയുകയും ചെയ്തിട്ടുണ്ടോ?*

**ഉത്തരം:** ഇതു ശരിയല്ല, ഞാൻ പൊതുമുസ്‌ലിമീങ്ങളെ അബൂജഹ്‌ലിന്റെ പാർട്ടിയെന്ന് പറഞ്ഞിട്ടില്ല. പക്ഷേ, നമ്മുടെ ജമാഅത്ത് എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വളരെ കുറവാണെന്ന കാര്യമുള്ളതുതന്നെയാണ്. (അൽഫള്ൽ 21-2-1954 ൽ നിന്ന് എടുത്തത്)

---

### മലിനമാക്കാതിരിക്കുക


വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:"അല്ലാഹു മുത്തഖിയെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വത്തെ ഓർമിച്ച് എല്ലാവരും ഭക്തിയോടെ ഇരിക്കുക. ഓർമിച്ചുകൊള്ളുവിൻ!എല്ലാവരും അല്ലാഹുവിന്റെ അടിയാറുകളാണ്. ആരേയും ദ്രോഹിക്കരുത്. ആരോടും കോപിക്കരുത്. നിന്ദാ ദൃഷ്ടിയോടെ നോക്കുകയുമരുത്. ജമാഅത്തിൽ മലിനമായ ഒരാളുണ്ടെങ്കിൽ അയാൾ എല്ലാവരേയും മലിനമാക്കുന്നതായിരിക്കും. കോപത്തിലേക്ക് നിങ്ങളുടെ സ്വഭാവം ചായുന്നുവെങ്കിൽ ആത്മപരിശോധന നടത്തുക. കോപത്തിന്റെ ആ അരുവി എവിടെന്നാണ് ഉത്ഭവിച്ചതെന്ന് കണ്ടെത്തുക. ആ സ്ഥലം വളരെ ഗുരുതരമാണ്."(മൽഫൂദാത്ത് വാല്യം 1, പേജ് 9)

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അയർലന്റ് പര്യടനം(സെപ്റ്റംബർ 2014)

വിവ: മൗലവി അമീൻ മുഹമ്മദ്, മാത്ര

**(ബദ്ർ വാല്യം 9, ലക്കം 6, പേജ് 9, കോളം 2-ൽനിന്ന് തുടർച്ച......)**

ഒരു കുട്ടി ചോദിച്ചു: *ഞാൻ ആറാം ക്ലാസിലാണ് പഠിക്കുന്നത്. ഭാവിയിൽ ഞാനെന്താണ് പഠിക്കേണ്ടത്? ഏത് വിഷയമാണ് എടുക്കേണ്ടത്?*
**ഹുദൂർ:** സെക്കന്ററി സ്കൂളിൽ പോകുമ്പോൾ ഏത് വിഷയത്തിലാണ് താൽപര്യമെന്ന് മനസ്സിലാകും. ഗണിതത്തിൽ താൽപര്യമുണ്ടെങ്കിൽ എഞ്ചിനീയറാകുക. ജീവശാസ്ത്രത്തിൽ താൽപര്യമുണ്ടെങ്കിൽ ഡോക്ടറാകുക. കൂടാതെ റിസർച്ചിൽ പോകാനും ശ്രമിക്കുക.
**ഒരു കുട്ടി ചോദിച്ചു:** *മുസ്ലിം രാജ്യങ്ങളിലെന്തുകൊണ്ടാണ് സമാധാനമില്ലാത്തത്?*
**ഹുദൂർ:** അവരുടെ പണ്ഡിതന്മാരും നേതാക്കളും വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്തതാണ് സമാധാനമില്ലാത്തതിന്റെ കാരണം. ഈ ക്ലാസിന്റെ തുടക്കത്തിൽ ജുമുഅ എന്ന അധ്യായം പരായണം ചെയ്തിരുന്നു. ഇമാംമഹ്ദി(അ)ന്റെ വരവിനെ സംബന്ധിച്ച് ഹദീഥിൽ വിവരിക്കപ്പെട്ടിരുന്നു.

നബി(സ)തിരുമേനി ദീർഘദർശനം ചെയ്തു: ഇസ്ലാമിന്റെ നാമമല്ലാതെ ഒന്നും ബാക്കിയാകുകയില്ല. ഖുർആനിലെ വാക്കുകളല്ലാതെ ഒന്നും അവശേഷിക്കുകയുമില്ല. അക്കാലഘട്ടത്തിലെ മസ്ജിദുകൾ ബാഹ്യമായി നിറഞ്ഞു കാണുമെങ്കിലും അവയിൽ ഹിദായത്തുണ്ടാകുകയില്ല. ജനങ്ങൾ വിശുദ്ധ ഖുർആനിന്റെ അധ്യാപനം മറന്നുപോകും.

ജനങ്ങൾ തികച്ചും വിഡ്ഢികളായ വ്യക്തികളെ നേതാവാക്കും. അവരുടെ നേതാക്കൾ സ്വന്തം ഗ്രൂപ്പുകളും പാർട്ടികളുമുണ്ടാക്കും. ഉമ്മത്ത് പല വിഭാഗങ്ങളായി പിരഞ്ഞുപോകും. അത്തരത്തിലുള്ള കാലഘട്ടത്തിൽ ഉന്നതനായ അല്ലാഹു മഹ്ദീമസീഹിനെ സംസ്കരണത്തിനുവേണ്ടി നിയോഗിക്കും. അദ്ദേഹം ഇസ്ലാമിന്റെ അടിസ്ഥാനപരവും യഥാർഥവുമായ അധ്യാപനത്തിലേക്ക് മാർഗദർശനം നടത്തും. അദ്ദേഹത്തിന്റെ വാക്കുകൾ പാലിക്കണമെന്നും പിന്തുടരണമെന്നും നബി(സ)തിരുമേനി കൽപ്പിച്ചിരുന്നു.

വാളുകൾ ചുഴറ്റാനോ യുദ്ധം ചെയ്യാനോ ഉള്ള സമയമല്ല ഇതെന്ന് വാഗ്ദത്ത മസീഹ് (അ) പറഞ്ഞിരിക്കുന്നു. ഇസ്ലാമിന്റെ യഥാർഥ സന്ദേശമെത്തിക്കേണ്ട സമയമാണിത്. അദ്ദേഹം പറയുന്നു: ഞാൻ രണ്ടു പ്രവർത്തികൾക്കുവേണ്ടിയാണ് വന്നിട്ടുള്ളത്. ലോകം അവരുടെ പരിപാലകനായ സ്രഷ്ടാവിനെ തിരിച്ചറിയുകയും ഉന്നതനായ ദൈവത്തിനോടുള്ള കടമകൾ നിർവഹിക്കുകയും ചെയ്യുക. എന്നതാണ് ഒന്നാമത്തേത്. അവന്റെ ദാസന്മാരോടുള്ള കടമകൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുക. മനുഷ്യന് പരസ്പരമുള്ള കടമകളെ കുറിച്ച് ബോധമുണ്ടാകുക. പരസ്പരമുള്ള വികാര വിചാരങ്ങളുണ്ടാകുക. തമ്മിലടിച്ച് യുദ്ധം ചെയ്യരുതെന്നതാണ് രണ്ടാമത്തേത്.

ദൈവത്തോടുള്ള കടമകൾ നിർവഹിക്കുകയും പരസ്പര കടമകളെ കുറിച്ചുള്ള വിചാരംവച്ചു പുലർത്തുകയുമാണെങ്കിൽ സമാധാനം സ്ഥാപിതമാകും. അദ്ദേഹത്തെ വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവർ സമാധാനത്തിലായിരിക്കും. യഥാർഥകാര്യം ഇതാണ്. വാഗ്ദത്ത മസീഹിനെ അംഗീകരിച്ചാൽ ശാന്തിയിലേക്ക് വരും, അല്ലെങ്കിൽ പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരിക്കും.
**ഒരു കുട്ടി:** *വിശുദ്ധ ഖുർആനിന്റെ തിലാവത്ത് എല്ലാ സമയത്തും ചെയ്യാൻ സാധിക്കുമോ?*
**ഹുദൂർ:** വിശുദ്ധ ഖുർആൻ പാരായണം ഏതു സമയത്തും ചെയ്യാവുന്നതാണ്. എന്നാൽ, ചില സമയങ്ങൾ നമസ്കാരം തടയപ്പെട്ടതായുണ്ട്. ഉദാഹരണമായി, സൂര്യോദയം, അസ്തമയ സമയം, സൂര്യൻ ആകാശ മധ്യത്തിലെത്തുമ്പോൾ, ഫജ്ര് നമസ്കാരത്തിനു ശേഷം സൂര്യോദയംവരേയും അസ്ർ നമസ്കാരത്തിനു ശേഷം സൂര്യാസ്തമയംവരേയും നഫ്ൽ നമസ്കാരം തടയപ്പെട്ടിട്ടുണ്ട്. നിങ്ങളെല്ലാവരും നിങ്ങളുടെ നമസ്കാരങ്ങൾ കൃത്യസമയത്ത് നിർവഹിക്കാൻ ശ്രമിക്കുക.
**ഒരു കുട്ടി:** *ഖബർസ്ഥാനിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാമോ?*
**ഹുദൂർ:**ഖബർസ്ഥാനിൽ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻവേണ്ടി നിയോഗിതരായ ഡ്യൂട്ടി ചെയ്യുന്നവർ അവിടെ വിശുദ്ധ ഖുർആൻ ഓതുന്നു. പാരായണം ചെയ്യാവുന്നതാണ്. എന്നാൽ, ഏതെങ്കിലും ഖബറിൽനിന്നുകൊണ്ട് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് ശരിയല്ല.

നാമതെങ്കിലും ഖബറിൽനിന്ന് ദുആ ചെയ്യുമ്പോൾ സ്വന്തം ദുആകളിൽ സൂറ ഫാത്തിഹയും ഇതര ദുആകളും ചൊല്ലുന്നു, ഈ രീതി ശരിയാണ്. എന്നാൽ, ഏതെങ്കിലും ഖബറിൽ ദുആ ചെയ്യുന്നതിനു പകരം വിശുദ്ധ ഖുർആൻ തിലാവത്ത് ചെയ്യൽ ശരിയല്ല.
**ഒരു കുട്ടി:***ഞാൻ ശാസ്ത്രജ്ഞനാകണോ മുബല്ലിഗാകണോ?*
**ഹുദൂർ:** 15 വയസ്സെത്തിയതിനുശേഷം തീരുമാനമെടുക്കുക. മുബല്ലിഗാകണമെങ്കിൽ ഇപ്പോഴേ തീരുമാനമെടുക്കുക, രണ്ട് ഓപ്ഷൻ സാധ്യമല്ല.
**ഒരു കുട്ടി:** *പാക്കിസ്താന്റെ നിലവിലെ സാഹചര്യങ്ങളിൽ എന്തെങ്കിലും പുരോഗതി ഉണ്ടാകുമോ?*
**ഹുദൂർ:** നിങ്ങൾ ദുആ ചെയ്തു കൊണ്ടിരിക്കുക. അഹ്മദികളുടെ ദുആകൾ മുഖേന മാത്രമേ മാറ്റം ഉണ്ടാവുകയുള്ളു. ഈ സമയത്ത് മൗലവിമാർ ഭരണകൂടത്തിൽ അള്ളിപ്പിടിച്ചിരിക്കുകയാണ്. പുരോഗതിക്കുവേണ്ടി ഇപ്പോൾ ശ്രമിച്ചു കൊണ്ടിരിക്കുന്നവർ മുഖേന ഒന്നും സാധ്യമാകുകയില്ല. എന്ത് സംഭവിച്ചാലും ഇനി അഹ്മദികളുടെ ദുആകൾ മുഖേന മാത്രമേ എന്തെങ്കിലുമുണ്ടാകുകയുള്ളൂ. അല്ലാഹു പുരോഗതി നല്കണമെങ്കിൽ അതെങ്ങനെ കൊണ്ടു വരണമെന്ന് അവന് അറിയാം. മൗലവിമാരുടെ കൈകളിൽനിന്ന് രാജ്യം പുറത്തുവന്നാൽ പുരോഗതി കൈവരും. നമ്മുടെ കേസുകളുടെ മുമ്പിൽ ജഡ്ജിമാർ നിസ്സഹായരാണ്. ഒന്നും ചെയ്തിട്ടില്ലെങ്കിൽ തങ്ങളുടെമേൽ മൗലവിമാരുടെ സമ്മർദം ഉണ്ടായിരുന്നുവെന്നും അതുകൊണ്ടൊന്നും ചെയ്യാൻ സാധിച്ചില്ലെന്നും പറഞ്ഞൊഴിയുന്നു. അപ്പോൾ പ്രവർത്തിയിൽ മൗലവിയാണ് ഭരണം നടത്തുന്നത്. ഇപ്പോഴുള്ള സാഹചര്യം അങ്ങനെതന്നെ തുടർന്നാൽ ഈ രാജ്യം അതിന്റെ പര്യവസാനത്തിലെത്തും.
**ഒരു കുട്ടി:** *അങ്ങ് കുട്ടിയായിരിക്കുമ്പോൾ ഖലീഫയാകുമെന്ന് അറിയുമായിരുന്നോ?*
**ഹുദൂർ:** തിരഞ്ഞെടുപ്പിന് മുമ്പേവരെ എനിക്ക് അറിയില്ലായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)പറയുന്നു: പരിശുദ്ധനായ ഒരു വ്യക്തിയ്ക്കും ഇതു സംബന്ധിച്ച് ചിന്തിക്കാൻപോലും സാധ്യമല്ല. ഖിലാഫത്ത് അല്ലാഹുവിൽ നിന്നാണ് വരുന്നത്. ഒരു മനുഷ്യനും ഇതു സംബന്ധിച്ച് ചിന്തിക്കാനും സാധ്യമല്ല, ഒരു അറിവുമുണ്ടാകുകയുമില്ല.
**ഒരു വാഖ്ഫെ നൗ കുട്ടി:** *വഖ്ഫെ നൗ കുട്ടികൾ വലുതായി എന്താണ് ആകേണ്ടത്?*
**ഹുദൂർ:** ഞാൻ മുമ്പേതന്നെ ഖുത്ബകളിലും വഖ്ഫെ നൗവിന്റെ ഇജ്തിമാകളിലും ക്ലാസുകളിലും പറഞ്ഞിരുന്നു, മുബല്ലിഗ്, ഡോക്ടർ, ടീച്ചർ, എഞ്ചിനിയർ ആകുക. നമുക്ക് വക്കീലുമാരും വേണം. ഐ ടി സ്പെഷ്യലിസ്റ്റ് മീഡിയായിലും മറ്റും ആളുകളെ ആവശ്യമുണ്ട്.

നിങ്ങളുടെ താൽപര്യം ബയോളജിയിലാണെങ്കിൽപ്പിന്നെ ഡോക്ടറാവുക. ഡോക്ടറായാൽ അയർലാൻഡിൽ താമസിക്കുകയില്ല. ആഫ്രിക്കയിൽ പോകേണ്ടിവരും.

അത്ഫാലിന്റെ ഈ ക്ലാസ് 12.50 വരെ തുടർന്നു. ഒടുവിൽ ഹുദൂർ എല്ലാവർക്കും പേനയും ചോക്ലേറ്റും നല്കി. ഹുദൂറിന്റെ അനുമതിയോടെ ഇതിന്നിടയിൽ മൂന്ന് ഖുദ്ദാം സംഘകവിത അവതരിപ്പിച്ചു.

### മജ്ലിസ് നാസിറാത്തുൽ അഹ്മദിയ്യാ അയർലാൻഡ് അംഗങ്ങൾ ഹുദൂറിനോടൊപ്പം

12.50-ന് അയർലാൻഡ് മജ്ലിസ് നാസിറാത്ത് അംഗങ്ങളുമായുള്ള ഹുദൂറിന്റെ ക്ലാസ് ആരംഭിച്ചു. അസീസ സനയ്ബ് മാഇദ ഖാനിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടിക്ക് തുടക്കമായി. ഉർദു തർജമ അസീസ സ്വാലിഹ അസദ് അവതരിപ്പിച്ചു. ഇംഗ്ലീഷ് തർജമ അസീസ അയ്മൻ നൂനൻ കേൾപ്പിച്ചു.

തുടർന്ന് ഹദീഥ് അസീസ ശാൻസാ അഹ്മദ് അവതരിപ്പിച്ചു.

ലാ യുഅ്മിനു അഹദുക്കും ഹത്താ അകൂന അഹബ്ബ ഇലയ്ഹി മിൻ വ്വാലിദിഹി വ വലദിഹി വന്നാസി അജ്മയീൻ.(ബുഖാരി വാല്യം 1, കിത്താബുൽ ഈമാൻ)

ഉർദു തർജമ അസീസ ഫരീഹ ശംസ് കേൾപ്പിച്ചു:നിങ്ങളിൽനിന്ന് ഒരാളും യഥാർഥ വിശ്വാസിയാകുകയില്ല; സ്വന്തം മാതാപിതാക്കളേക്കാളും മക്കളേക്കാളും മറ്റെല്ലാവരേക്കാളും എന്നെ സ്നേഹിക്കുന്നതുവരെ.

ഇംഗ്ലീഷ് തർജമ അസീസ ഫാഇസാ മഖ്ബൂൽ കേൾപ്പിച്ചു. തുടർന്ന് അസീസ സബീക്ക അഹ്സൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം മനോഹരമായി ആലാപനം ചെയ്തു.
*വൊ പേശ്വാ ഹമാരാ ജിസ് സേ ഹെ നൂർ സാരാ നാം ഉസ്കാ ഹെ മുഹമ്മദ് ദിൽ ബർ മെരാ യഹീ ഹെ.*
(ഏതൊരു നേതാവിൽനിന്നാണോ സർവ പ്രകാശവും ഗമിക്കുന്നത് അദ്ദേഹത്തിന്റെ നാമം മുഹമ്മദ് എന്നാണ്. എന്റെ പ്രേമപാത്രം ഇദ്ദേഹം തന്നെയാണ്.)

അസീസ അഫ്ശാന കാംറാൻ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഒരു ലിഖിതശകലം അവതരിപ്പിച്ചു.
മുഹമ്മദ് എന്ന പേരുള്ള ഈ അറബി പ്രവാചകൻ എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! ഞാനെപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ(ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ)എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്!അവിടത്തെ ഔന്നത്യത്തിന്റെ അറ്റം

കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. ലോകത്തുനിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ ഓരോ കാരുണ്യത്തിന്റേയും ഉറവിടം അവിടന്നു തന്നെയാണ്. ഈ ഉപകാരം അംഗീകരിക്കാതെ ഏതെങ്കിലും ശ്രേഷ്ഠതയുടെ വാദമുന്നയിക്കുന്നവൻ മനുഷ്യനല്ല. പ്രത്യുത ശയ്ത്വാനിന്റെ സന്തതിയാണ്. കാരണം എല്ലാ ശ്രേഷ്ഠതയകളുടേയും കുഞ്ചിക അദ്ദേഹത്തിനാണ് നല്കപ്പെട്ടിട്ടുള്ളത്. ഈശ്വരീയജ്ഞാനത്തിന്റെ എല്ലാ ഖജനാവുകളും അദ്ദേഹത്തിനാണ് പ്രദാനം ചെയ്യപ്പെട്ടിട്ടുള്ളത്. അത് അദ്ദേഹം മുഖേന പ്രാപിക്കത്താവൻ എന്നെന്നേക്കുമായി പിന്തള്ളപ്പെട്ടവനാണ്. നമ്മൾ എന്തുവസ്തുവാണ്. നമുക്കെന്ത് യാഥാർഥ്യമാണുള്ളത്. യഥാർഥമായ തൗഹീദ് ആ നബിമുഖേന നമ്മൾ പ്രാപിച്ചിട്ടില്ലെന്നും ജീവനുള്ള ദൈവത്തെ ആ സമ്പൂർണനബി മുഖേന തിരിച്ചറിഞ്ഞിട്ടില്ലെന്നും അദ്ദേഹത്തിന്റെ പ്രകാശത്തിൽനിന്ന് കിട്ടിയിട്ടില്ലെന്നും അല്ലാഹുവിന്റെ ഭാഷണത്തിന്റേയും സംസാരത്തിന്റേയും ഭാഗ്യം-അതുമുഖേനയാണ് നമ്മൾ അവന്റെ മുഖം കാണുന്നത്-ആ മഹാത്മാവായ നബിമുഖേന നമുക്കു ലഭ്യമായിട്ടില്ലെന്നും അംഗീകരിക്കുന്നില്ലെങ്കിൽ നമ്മൾ നിഅ്മത്തിനെ നിഷേധിക്കുന്നവരായിരിക്കും. ആ സന്മാർഗ സൂര്യന്റെ കിരണങ്ങൾ നമ്മുടെമേൽ പതിയുന്നു. അതിന് അഭിമുഖമായി നില്ക്കുവോളം മാത്രമെ നമ്മൾ പ്രകാശമുള്ളവരായിരിക്കുകയുള്ളു. (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 115-116)

ഇതിന്റെ ഇംഗ്ലീഷ് തർജമ അസീസ ഥനാ ത്വാഹിറ ചീമ അവതരിപ്പിച്ചു. ശേഷം അസീസ നബീഹ മലിക്ക് നബി(സ)തിരുമേനിയുടെ ചരിത്രത്തെ കുറിച്ച് ഇംഗ്ലീഷ് ഭാഷയിൽ വിഷയം അവതരിപ്പിച്ചു.

തുടർന്ന് അസീസ ഫരീഹ ശംസ്, ലായിബ ഇഫ്തിഖാർ, സയ്നബ് മായിദ, നബീഹ മലിക്ക് സംഘമായി,

*ബദ്ർ ഗാഹെ ദീഷാനെ ഖയ്റുൽ അനാം ശഫീഉൽവറാ മർജയെ ഖാസൊ ആം.*

(സൃഷ്ടിശ്രേഷ്ഠനും മഹനീയനുമായ അദ്ദേഹത്തിന്റെ തിരുസമക്ഷത്തിൽ! സർവ പ്രപഞ്ചത്തിനും ശിപാർശകനും പൊതു ജനത്തിന്റേയും വിശിഷ്ടരുടേയും ആശ്രയവുമാണ് ആ മഹാത്മാവ്.) എന്ന നബി(സ)തിരുമേനിയെ കുറിച്ചുള്ള കീർത്തനഗാനം മനോഹരമായി ആലാപനം ചെയ്തു.

തുടർന്ന് ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരമായിരുന്നു. ഹുദൂറിന്റെ അനുമതിയോടെ നാസിറാത്ത് ക്രമമായി സംശയങ്ങൾ ചോദിച്ചു:

**ഒരു നാസിഃറ:** *ഹുദൂർ! എത്രാം വയസ്സിലാണ് വിശുദ്ധ ഖുർആൻ ഖത്തം ചെയ്തത്?*

**ഹുദൂർ:** എനിക്ക് വയസ്സ് ഓർമയില്ല. കുട്ടിക്കാലത്ത് ഖത്തം ചെയ്തിരുന്നു. പെൺകുട്ടികൾ ആറും ഏഴും വയസ്സിൽ വിശുദ്ധ ഖുർആൻ ഓതിത്തീർത്താൽ വളരെ നല്ല കാര്യമാണ്.

**ഒരു വാഖിഫെ നൗ നാസിഃറ:** *ഞാൻ ഭാവിയിൽ ഏതു വിഷയമാണെടുക്കേണ്ടത്. ഏതു വഴിയാണ് സ്വീകരിക്കേണ്ടത്?*

**ഹുദൂർ:** പഠനത്തിൽ നല്ല മികവ് പുലർത്തുന്നെങ്കിൽ ഡോക്ടറാകുക. അധ്യാപികയാകുക. അല്ലെങ്കില് ഭാഷകൾ പഠിക്കുക. മാസ്റ്ററാകുക. എങ്കിൽ തർജമക്കു വേണ്ടി ജീവിതം അർപിക്കാവുന്നതാണ്.

*ഒരു നാസിഃറ:ഏതു പ്രായത്തിലാണ് നാസിഃറാത്ത് ഹിജാബ് ധരിക്കേണ്ടത്?*

**ഹുദൂർ:** ഏഴു വയസ്സാകുമ്പോൾ നമസ്കരിക്കാനുള്ള കല്പ്പനയുണ്ട്. നമസ്കരിക്കുമ്പോൾ തട്ടം ധരിച്ചുകൊണ്ട് നിങ്ങളത് നിർവഹിക്കും. ഏഴു വയസ്സുള്ള ചില പെൺകുട്ടികൾ സ്വന്തം പ്രായത്തേക്കാൾ വലുതാണെന്ന് തോന്നും. അവരുടെ വസ്ത്രം അതനുസരിച്ച് വേണ്ടതാണ്. ചെറുപ്രായത്തിൽ ഹിജാബോ സ്കാർഫോ ധരിച്ചു സ്കൂളിൽ പോകുക. ഫംങ്ഷൻ നടക്കുമ്പോഴും അങ്ങനെ പോവുക. ലജ്ജയില്ലാതെ ജനങ്ങളുടെ മുമ്പിൽ തന്റെ സാന്നിധ്യം നല്കാതിരിക്കുക.

**ഒരു നാസിഃറ:** *ഏറ്റവും കൂടുതൽ ഏത് ദുആയാണ് ചെയ്യേണ്ടത്?*

**ഹുദൂർ:** നിങ്ങൾ നമസ്കരിക്കുക എന്നതാണ് ഏറ്റവും കൂടുതലായി ചെയ്യുന്ന ദുആ. അഞ്ചു നേര നമസ്കാരങ്ങളും നിർവഹിക്കുക എന്നതു തന്നെയാണ് നിങ്ങളുടെ ദുആ. അല്ലാഹു അറിവിനെ വർധിപ്പിച്ചു തരാൻ നിങ്ങൾ ദുആ ചെയ്യുക. പഠനത്തിൽ അഭിവൃദ്ധി ഉണ്ടാകാൻ ദുആ ചെയ്യുക. നിങ്ങളെ ക്കുറിച്ച് പല പ്രതീക്ഷകളുമുള്ള നിങ്ങളുടെ മാതാപിതാക്കളിൽ അല്ലാഹു കരുണ ചൊരിയാൻ ദുആ ചെയ്യുക. അവർ നിങ്ങളുടെ അശനപാനീയങ്ങളിലും ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിലും ശ്രദ്ധ പുലർത്തുന്നു. വളരെ നല്ല ശിക്ഷണം നല്കുന്നു. അല്ലാഹു അവരോട് കാരുണ്യത്തോടെ പെരുമാറട്ടെ.

ഒരു നാസിഃറ ഹല്ലോവീനിനെ സംബന്ധിച്ച് ചോദിച്ചു.

**ഹുദൂർ:** മതമില്ലാത്ത ജനങ്ങളുടെ രീതിയാണിത്. ഹല്ലോവീൻ ആഘോഷിക്കുന്ന നാളിൽ ഇവർ വീടുകളിൽ ഭിക്ഷയാചിക്കാൻ വരുന്നു. നമ്മെ രക്ഷപെടുത്താൻ ചോക്ലേറ്റിന്റെ പാക്കറ്റ് ഇവർക്ക് കൊടുത്തേക്കുക. അനാവശ്യ തർക്കവിതർക്കങ്ങൾ ഒഴിവാക്കുക എന്ന യുക്തിയാണ് ഇതിന്റെ പിന്നിലുള്ളത്. നിങ്ങളും അവരോടൊപ്പം ചേർന്ന് അങ്ങനെ ചെയ്യാന് നിങ്ങൾക്ക അനുവാദമില്ല.

**ഒരു നാസിഃറ:** *ഹുദൂർ നിത്യവും വിശുദ്ധ ഖുർആൻ എത്ര ഓതാറുണ്ട്.*

**ഹുദൂർ:** ജോലിത്തിരക്കുണ്ടെങ്കിൽ ഒരു ജുസുഇന്റെ പകുതി ഓതുന്നു. അതിന്റെ മുക്കാൽ ഭാഗവും ഓതാറുണ്ട്. ചിലപ്പോൾ കൂടുതലും ഓതാറുണ്ട്. ജോലിത്തിരക്കുണ്ടാകുമ്പോൾ എന്തായാലും ദിനേന പകുതി ഭാഗം ഓതാറുണ്ട്.

**ഒരു നാസിഃറ:***ഞാൻ ദിവസവും 4 പേജ് ഓതുന്നു.*

**ഹുദൂർ:** പേജുകൾക്കു പകരം റുക്കൂഉകളുടെ കണക്കുവെച്ച് തിലാവത്ത് ചെയ്യുക. മാതാപിതാക്കൾ മക്കൾക്ക് റുകൂഅ് എന്താണെന്ന് പറഞ്ഞു കൊടുക്കുക. പേജുകൾക്കു പകരം റുകൂഉകളുടെ കണക്കനുസരിച്ച് തിലാവത്തു ചെയ്യുക.

**ഒരു നാസിഃറ:** *ഞങ്ങൾ പഠിക്കുന്നത് പെൺകുട്ടികളുടെ സ്കൂളിലാണെങ്കിലും ബുർക്കയോ ഹിജാബോ ധരിക്കൽ നിർബന്ധമാണോ?*

**ഹുദൂർ:** സ്കൂളിൽ പെൺകുട്ടികൾ മാത്രമാണെങ്കിൽ നിർബന്ധമല്ല. എന്നാൽ, ടീച്ചർ പുരുഷനാണെങ്കിൽ സ്കാർഫ് ധരിക്കൽ നിർബന്ധമാണ്.

**ഹുദൂർ പറഞ്ഞു:** സ്കൂളിൽനിന്ന് പുറത്തു വരുമ്പോൾ സ്കാർഫ് നിർബന്ധമാണ്. പർദ ശ്രദ്ധിക്കേണ്ടതാണ്. ഹുദൂർ പറഞ്ഞു: സ്കൂളിൽ സ്കാർഫ് ധരിച്ചില്ല പുറത്തിറങ്ങിയപ്പോൾ ധരിച്ചു എന്നാരെങ്കിലും പറയുകയാണെങ്കിൽ ഇത് ഡബിൾസ്റ്റാൻഡേർഡാണ്. എന്നാൽ, ഇതൊരിക്കലും ഡബിൾസ്റ്റാൻഡേർഡല്ല. പ്രത്യുത അത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയാണിത്.

**ഒരു നാസിഃറ**: *ശയ്ത്വാൻ സൃഷ്ടിക്കപ്പെട്ടതെന്തിനാണ്?*

**ഹുദൂർ:** നിങ്ങൾ നല്ലവരാണോ അല്ലേ എന്ന് അറിയാൻ വേണ്ടിയാണ് ശയ്ത്വാൻ സൃഷ്ടിക്കപ്പെട്ടത്. തിന്മയുണ്ടെങ്കിലേ അതിനെതിരിലുള്ള നന്മ എന്താണെന്ന് അറിയാൻകഴിയുകയുള്ളൂ. അല്ലാഹു നന്മയുടേയും തിന്മയുടേയും മാർഗങ്ങൾ സുവ്യക്തമാക്കി. ഒപ്പം നന്മയുടെ മാർഗം സ്വീകരിക്കാൻ ഉപദേശിക്കുകയും ചെയ്തു. എന്നാൽ അല്ലാഹു ഈ രണ്ടു മാർഗങ്ങളിൽ ഏതും തിരഞ്ഞെടുക്കാനുള്ള ചോയിസ് മനുഷ്യന് നല്കിയിരിക്കുന്നു. വേണമെങ്കിൽ നന്മയുടെ മാർഗം തിരഞ്ഞെടുക്കാവുന്നതാണ്. അല്ലെങ്കിൽ തിന്മയുടെ മാർഗം സ്വീകരിക്കുക. തിന്മയുടെ വഴികൾ തിരഞ്ഞെടുത്താൽ ശിക്ഷ ലഭിക്കുമെന്നും നന്മയുടെ വഴി തിരഞ്ഞെടുത്താൽ അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കുമെന്നും അതിനോടൊപ്പം തന്നെ വ്യക്തമാക്കി. സദ്വൃത്തരുടെ മേൽ മാലാഖമാർ ഇറങ്ങുമെന്നും തിന്മയുടെ വഴികളിൽ ചലിക്കുന്നവർ പിശാചിനെയാണ് പിൻപറ്റുന്നതെന്നും വിശദമാക്കി.

**ഒരു മകൾ:** *നമുക്ക് പാക്കിസ്താനീ നാടകം കാണാമോ?*

**ഹുദൂർ:** മോശമായതല്ലെങ്കിൽ കാണാവുന്നതാണ്. പാക്കിസ്താനീ നാടകം ഇന്ത്യൻ നാടകത്തേക്കാൾ മോശമായിക്കഴിഞ്ഞു. ശിക്ഷണം മോശമാക്കുന്ന പരസ്യങ്ങളും ഇടയിൽ വരുന്നു. വൃത്തിയുള്ളതും ഗുണപാഠമുള്ളതുമായത് കാണാവുന്നതാണ്. നിങ്ങളുടെ ഉള്ളിൽ ദുസ്സാധീനമുണ്ടാക്കുന്ന, മാതാപിതാക്കൾക്ക് എതിരാക്കുന്ന, വലിയവരെ അനാദരിക്കുന്നവരാക്കുന്ന നാടകങ്ങൾ കാണരുത്. വലിയ പെൺകുട്ടികൾ സ്വന്തം ഭർത്താക്കന്മാരോട് വഴക്കിടാൻ തുടങ്ങുന്നു.

മാന്യമായതും പാഠങ്ങൾ നല്കുന്നതുമായ നാടകങ്ങൾ കാണാവുന്നതാണ്. ഏതെങ്കിലും ശരിയല്ലാത്ത സീനോ പരസ്യമോ വന്നാൽ ചാനൽ മാറ്റാനോ ഓഫാക്കാനോ ഉള്ള ധൈര്യം നിങ്ങൾക്കു ണ്ടാകണം.

ഏറ്റവും അനിവാര്യമായതും സുപ്രധാനമായതും നമസ്കാര സമയം നഷ്ടപ്പെടുത്തരുത് എന്നതാണ്. യഥാസമയം നമസ്കരിക്കുക. വിശുദ്ധ ഖുർആൻ തിലാവത്ത് കൃത്യമായി ചെയ്യുക. ഏതെങ്കിലും ദീനീപരമായ ഗ്രന്ഥം കൃത്യതയോടെ വായിക്കുക. വായന ശീലമാക്കുക. ദിവസം മുഴുവനും നാടകം കാണലും ഇന്റർനെറ്റിന്റെ മുന്നിൽകഴിച്ചു കൂട്ടലും ഓൺഡിമാന്റ് ചാനൽ പ്രോഗ്രാം കാണുന്നതുമെല്ലാം തെറ്റായ മാർഗമാണ്. ഇപ്രകാരം സംഭവിക്കരുത്.

**ഒരു നാസിഃറ:** *താനൊരു നബിയാണ്. താൻ അഹ്മദിയാണ് എന്ന് ആരോടെങ്കിലും ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ)പറഞ്ഞിട്ടുണ്ടോ?*

**ഹുദൂർ:** അല്ലാഹു അറിയിച്ചപ്പോഴാണ് വാഗ്ദത്ത മസീഹ് (അ) നബിയാണെന്ന് പറഞ്ഞതും എഴുതിയതും. അല്ലാഹു പറയുന്നതുവരെ അദ്ദേഹം അങ്ങനെ എഴുതിയിട്ടില്ല. പരസ്യപ്പെടുത്തിയിട്ടുമില്ല. അഹ്മദി എന്ന പേര് നല്കപ്പെട്ട കാര്യവും ഇവിടെ സൂചിപ്പിക്കപ്പെട്ടു. നബി(സ)തിരുമേനിക്ക് രണ്ടു പേരുണ്ടായിരുന്നു. മുഹമ്മദ്, അഹ്മദ്. ജമാഅത്തിന് അഹ്മദി എന്ന പേരിടുന്നതിന് ഒരു സാഹചര്യം ഉണ്ടായി. ഓരോ പത്ത് വർഷത്തിനു ശേഷവും കാനേഷുമാരി നടക്കാറുണ്ട്. 1901-ൽ ഇന്ത്യയിൽ കാനേഷുമാരി നടന്നപ്പോൾ വാഗ്ദത്ത മസീഹ്(അ)ൽ വിശ്വസിച്ചവരും ബയ്അത്ത് ചെയ്തവരും ഇതര മുസ് ലിമീങ്ങളിൽനിന്നും വേറിട്ട് നില്ക്കുന്നുവെന്ന് പറയാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്തത്. മതത്തെ സൂചിപ്പിക്കുന്ന കോളത്തിൽ അഹ്മദിമുസ്ലിം എന്നെഴുതാൻ ആ മഹാത്മാവ്

നിർദേശിച്ചു. അങ്ങനെ പ്രസ്തുത സമയം മുതൽ അദ്ദേഹത്തിന്റെ അനുയായികൾ അഹ്മദികൾ എന്ന് വിളിക്കപ്പെടുന്നു.

നാസിറാത്തുമായുള്ള ഈ ക്ലാസ് ഉച്ച കഴിഞ്ഞ് 2.00 മണി വരെ തുടർന്നു. ഒടുവിൽ ഹുദൂർ എല്ലാ നാസിറാത്തുകൾക്കും പേനയും ചോക്ലേറ്റും നല്കി. 2.15ന് ഹുദൂറിന്റെ നേതൃത്വത്തിൽ ളുഹർ-അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു.

# തഹ്‌രീക്കെ ജദീദിന്റെ ചരിത്ര പശ്ചാത്തലം

## (താരീഖെ അഹ്മദിയ്യത്തിൽനിന്ന്)

## മുഹമ്മദു ഇസ്മായീൽ

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ജമാഅത്തിന് നേരിടേണ്ടി വരുന്ന ഭയാനകമായ പരീക്ഷണത്തെ സംബന്ധിച്ച് 1927 മുതൽ മുന്നറിയിപ്പ് നല്കുകയും അതിനെ നേരിടാൻ ജമാഅത്തിനെ സജ്ജമാക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ മഹാത്മാവ് പറഞ്ഞു: 'റഹ്മാനും ശയ്ത്വാനും തമ്മിലുള്ള അവസാന പോരാട്ടത്തിന്റെ സമയം അടുത്തിരിക്കുന്നു...നമ്മൾ ഉണരണം, ജാഗരൂകരാകണം...ത്യാഗം വരിക്കണം...അടുത്ത പത്ത് വർഷത്തിനുള്ളിൽ ഇന്ത്യയിൽ സത്യവും അസത്യവും തുറന്നു കാണിക്കുന്ന രീതിയിലുള്ള മാറ്റമുണ്ടാകും....ഇന്ത്യയിൽ ഏതു ജമാഅത്ത് നിലനില്ക്കണം. ഏത് ഉന്മൂലനം ചെയ്യപ്പെടണം എന്ന കാര്യത്തിൽ തീരുമാനമാകും...'
ആ മഹാത്മാവ് ജമാഅത്തിന് ആവേശം പകർന്നുകൊണ്ട് പറഞ്ഞു: 'വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) നമ്മളിൽ സൃഷ്ടിച്ചിട്ടുള്ള കരുത്ത് നിലനില്ക്കുമ്പോൾത്തന്നെ നമ്മൾ ലോകത്തെ ജയിച്ചടക്കണം. മരിച്ചു കഴിഞ്ഞാൽ നമുക്കെന്താണ് ചെയ്യാൻ കഴിയുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നിങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ശക്തിയോടും ആത്മാവോടുംകൂടി പ്രവർത്തിക്കുകയും മുഴുലോകത്തേയും ഒരറ്റം മുതൽ മറ്റേഅറ്റംവരെ ഇളക്കിമറിക്കുകയും ലോകത്തെ കീഴടക്കാൻ ഇപ്പോൾ മുതൽത്തന്നെ തയ്യാറാകുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ നാശത്തെ വിളിച്ചു വരുത്തുകയായിരിക്കും ചെയ്യുന്നത്' (മജ്‌ലിസെ മുശാവറത്ത് 1927 ഏപ്രിൽ 15-17)
ഈ പ്രഖ്യാപനത്തിനുമുമ്പേ അഹ്മദിയ്യ ജമാഅത്തിന്നെതിരെ വ്യക്തിപരമായ എതിർപ്പുകളാണുണ്ടായിരുന്നത്. ഇതിന് നാലു വർഷത്തിനുശേഷമാണ് സംഘടിതമായ എതിർപ്പുകൾ തുടങ്ങുന്നത്. ജമാഅത്തിനെ ഭൂലോകത്തുനിന്ന് തുടച്ചുനീക്കുന്നതിനുവേണ്ടി രാഷ്ട്രീയമായും മതപരമായുമുള്ള നീക്കങ്ങൾക്ക് ശത്രുക്കൾ ആരംഭം കുറിച്ചു. ആഞ്ഞുവീശിയ എതിർപ്പിനു പിന്നിൽ മുഖ്യമായും പ്രവർത്തിച്ചത് മജ്‌ലിസെ അഹ്റാർ ആയിരുന്നു.(താരീഖെ അഹ്മദിയ്യത്ത് വാള്യം 6 പേജ് 316)

**ആരാണ് മജ്‌ലിസെ അഹ്റാർ?**

സമീന്ദാർ പത്രത്തിന്റെ എഡിറ്ററായിരുന്ന മൗലവി സഫർ അലി ഖാൻ സാഹിബിന്റെ *മുത്തഹദ ഖൗമിയത്ത്* എന്ന ഫോർമുലയെ മുസ്‌ലിമീങ്ങളിൽ സ്വീകാര്യമാക്കുന്നതിനും കോൺഗ്രസ്സിന്റെ എല്ലാ പരിപാടികളും പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുംവേണ്ടി മൗലാനാ അബുൽകലാം ആസാദ് 1929 ഡിസംബറിൽ പഞ്ചാബിലെ മുൻ ഖിലാഫത്തി ഉലമായുടെ ഒരു പുതിയ മജലിസ്സിന് അടിത്തറയിട്ടു. അതിന് പേരിട്ടത് മജലിസെ അഹ്റാർ എന്നായിരുന്നു.........
ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ മീറ്റിങ് ലാഹോറിൽ സംഘടിപ്പിച്ചപ്പോൾ ഇമാമുൽഹിന്ദ് ഹദ്റത്ത് മൗലാനാ അബുൽകലാം ആസാദിന്റെ സാന്നിധ്യത്തിൽ, മുസലിമീങ്ങൾക്ക് ഒരു സ്വതന്ത്രചിന്താ സംഘടന രൂപീകരിക്കണമെന്ന അഭിപ്രായം ഉയർന്നുവന്നു. മതപരമായ അധ്യാപനങ്ങൾ മുസ്‌ലിമീങ്ങൾക്ക് നല്കുന്നതോടൊപ്പം മുസ്‌ലിം ജനതയെ മറ്റുള്ളവരുടെ കബളിപ്പിക്കലിൽനിന്നും ചതിയിൽനിന്നും രക്ഷിക്കണമെന്ന അഭിപ്രയത്തോടു എല്ലാവരും യോജിച്ചു. ആ സംഘടനയുടെ പേരെന്തായിരിക്കണമെന്നതിനെക്കുറിച്ച് ചർച്ച നടന്നു. അവസാനം മജ്‌ലിസെ അഹ്റാരെ ഇസ്‌ലാം എന്ന് പേരിടുകയും എല്ലാവരും സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു.
1929 ഡിസംബർ 29-ന് ചേർന്ന കോൺഗ്രസ്സിന്റെ യോഗത്തിൽ മൗലാനാ അബുൽകലാം ആസാദിന്റെ അഭിപ്രായമനുസരിച്ച് ആൾ ഇന്ത്യാ കോൺഗ്രസ്സിന്റെ സ്റ്റേജിൽ ചൗദ്ദരീ അഫ്‌സൽഹഖിന്റെ അധ്യക്ഷതയിൽ മജ്‌ലിസെ അഹ്റാറിന്റെ ആദ്യ മീറ്റിംങ് നടന്നു. മൗലാനാ സയ്യിദ് അത്വാഉല്ലാഹ് ശാഹ് ബുഖാരിയായിരുന്നു മജ്‌ലിസെ അഹ്റാറിന്റെ ആദ്യത്തെ പ്രസിഡന്റ്.

**ഖാദിയാനിൽ അഹ്റാരികളുടേയും ഭരണകൂടത്തിന്റേയുംപ്രകോപനപരമായ പ്രവർത്തനങ്ങൾ**

അഹ്മദിയ്യ ജമാഅത്ത് ഒരു പരിശുദ്ധ വ്യവസ്ഥിതിയുള്ള ജമാഅത്താണ്. നിർബന്ധമായും അനുസരിക്കപ്പെടുന്ന ഒരു നേതാവ് അതിനുണ്ട്. പ്രവർത്തനനിരതമായ ഒരു കേന്ദ്രവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അഹ്റാരികളും ഭരണകൂടവും അഹ്മദിയ്യ ജമാഅത്തിനെ തകർത്തെറിയുന്നതിനുവേണ്ടി നേരിട്ട് ഖാദിയാനെത്തന്നെ തങ്ങളുടെ പ്രകോപനങ്ങളുടെ ലക്ഷ്യസ്ഥാനമാക്കിയത്. അവർ അതിനുവേണ്ടി കിണഞ്ഞു പരിശ്രമിച്ചു. അഹ്മദികൾക്കെതിരെ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും വൈരാഗ്യത്തിന്റേയും ഒരു അന്തരീക്ഷം സൃഷ്ടിച്ചു. അഹ്മദികൾ എങ്ങനേയും വീർപ്പുമുട്ടി

## കണ്ണൂരിൽ ലജ്നാ ഇമാഇല്ലായുടെ സമാധാന സമ്മേളനം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കണ്ണൂർ-കാസർകോഡ് ജില്ലയിലെ അഹ്മദിയ്യ മഹിള വിഭാഗമായ ലജ്നാ ഇമാഇല്ലായുടെ നേതൃത്വത്തിൽ 'കലുഷിതമായ ലോകത്ത് നീതിയുടെ അനിവാര്യത' എന്ന ശീർഷകത്തെ അടിസ്ഥാനമാക്കി 11-2-2024 ഞായറാഴ്ച കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽ പൊതു സമ്മേളനം സംഘടിപ്പിച്ചു.
ഡോക്ടർ ത്വാഹിറ സിദ്ദീഖ സാഹിബയുടെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടിക്ക് തുടക്കം കുറിച്ചു. ഈ പൊതുയോഗത്തിന്റെ അധ്യക്ഷസ്ഥാനം അലങ്കരിച്ചത് കണ്ണൂർ-കാസർകോട് ജില്ല സ്വദ്ർ ജുവയ്‌രിയ ഗൗഹർ ശംസ് സാഹിബയാണ്. അധ്യക്ഷപ്രസംഗത്തിൽ സ്വദ്ർ സാഹിബ 'നീതി പുലർത്തുന്നതിന് വിശുദ്ധ ഖുർആൻ പറയുന്ന കാര്യങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു. നീതി പുലർത്താനും മറ്റുള്ളവർക്ക് നന്മചെയ്യാനും അടുത്തബന്ധുക്കൾക്കെന്നപോലെ അന്യർക്കും സഹായം നൽകാനും അല്ലാഹു കൽപിക്കുന്നു. ലോകത്തെങ്ങും നീതിനിഷേധം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അതു നടപ്പിൽവരുത്തുന്നതിന് ഈ മൂന്നുകാര്യങ്ങളും അനിവാര്യമായും പ്രവർത്തനത്തിൽ കൊണ്ടുവരേണ്ടതാണ്. കേവലനീതി ഉറപ്പാക്കുമ്പോൾ അവിടെ സമാധാനം ഉടലെടുക്കുന്നു. ഒരു വിശ്വാസി ഈ രീതിയിലായിരിക്കണമെന്നതായിരുന്നു സ്വദ്ർ സാഹിബയുടെ പ്രസംഗത്തിന്റെ സംഗ്രഹം.
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ശ്രീമതി പി. ഇന്ദിരയായിരുന്നു 'സമാധാന സമ്മേളനം' ഉദ്ഘാടനം ചെയ്തത്. ഇക്കാലഘട്ടത്തിൽ ഇങ്ങനെയുള്ള സമാധാന സമ്മേളനങ്ങളുടെ ആവശ്യകതയേയും പ്രാധാന്യത്തേയും സംബന്ധിച്ച് മേയർ ഊന്നിപ്പറഞ്ഞു. ഈ സമ്മേളനത്തിന്റെ മുഖ്യാതിഥി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ദേശീയ വക്താവ് ബഹുമാനപ്പെട്ട ഡോക്ടർ ഷമ മുഹമ്മദായിരുന്നു. ഇന്ന് ലോകം നേരിടുന്ന അസമാധാനാവസ്ഥയെ കുറിച്ചും അതിന്നെതിരെ നമ്മളെല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതിനെ സംബന്ധിച്ചും അവർ ഓർമപ്പെടുത്തി.
സിറ്റി ലജ്ന വസിയ്യത്ത് സെക്രട്ടറി ഫാത്വിമ ജസീന സാഹിബ മുഖ്യഭാഷണം നടത്തി. ഏതൊരു മതത്തിന്റേയും അന്തസ്സത്ത എന്നു പറയുന്നത് സമാധാനവും നീതിയും നിലനിറുത്തുക എന്നതാണ്. മതത്തിന്റെ ശരിയായ പൊരുൾ മനസ്സിലാക്കാതെ മതത്തിൽനിന്ന് വിട്ടുനിന്നുകൊണ്ട് മനുഷ്യൻ അധർമത്തിലും അനീതിയിലും മുഴുകുമ്പോൾ ഈ ലോകത്ത് കലഹങ്ങളും കുഴപ്പങ്ങളും ഉണ്ടാകാൻ തുടങ്ങുന്നു. ഇതിനുള്ള പരിഹാരം വിശുദ്ധ ഖുർആൻ നിർദേശിക്കുന്നത് ജനങ്ങൾ മതാധ്യാപനങ്ങളിലേക്ക് മടങ്ങിവരികയും സകല നന്മകളും സ്വായത്തമാക്കി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. അപ്പോഴാണ് ലോകത്ത് നീതി നടപ്പിൽവരുത്താൻ കഴിയുക. അവർ പറഞ്ഞു.
സമാധാന സന്ദേശം നല്കിക്കൊണ്ടുള്ള 15 മിനുറ്റ് ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു. ഈ സമ്മേളനത്തിൽ ആശംസകൾ നേർന്ന് സംസാരിച്ചത് ഇന്ത്യൻ ലോയേഴ്സ് കണ്ണൂർ യൂണിറ്റ് സെക്രട്ടറി ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ടി പ്രീതയായിരുന്നു. അത്യന്തംവ്യാകീർണമായ ഈ ലോകത്ത് ലജ്ന ഇമാഇല്ലാഹ് സഹോദരിമാർക്ക് സമാധാനവും ശാന്തിയും കൈവരിക്കുന്നതിന് സംഘടിച്ച് പ്രവർത്തിച്ചുകൊണ്ട് മുന്നേറാൻ കഴിയുമാറാകട്ടെ എന്നവർ ആശംസിച്ചു.
മോഗ്രാൽ നാസിറാത്ത് കുട്ടികൾ സംഘഗാനം അവതരിപ്പിച്ചു. ഉർദുപദ്യം ആലപിച്ചത് കൂടാളി ലജ്ന അംഗമായ സുൽഹാ ഫാത്വിമയായിരുന്നു. കണ്ണൂർ സിറ്റി ലജ്ന സ്വദ്ർ റഗീദ ഗഫൂർ സാഹിബ സ്വാഗതവും നസീറ മൻസൂർ സാഹിബ നന്ദിയും പറഞ്ഞു. അനഹ്മദികളടക്കം ഇരുന്നൂറ്റിയമ്പതിലേറെ സഹോദരിമാർ പങ്കെടുത്തു.

ക്ഷമകൈയൊഴിച്ച് സമാധാനത്തിന്റെ കോന്തല കൈവിട്ട് തെരുവിലിറങ്ങാൻ നിർബന്ധിതരാവണം എന്നതായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ അഹ്മദികൾ രാജ്യത്തിന്റെ ഭരണഘടനയുമായി ഏറ്റുമുട്ടുന്ന ഒരു അവസ്ഥ ഉണ്ടാക്കണം. അപ്പോൾ ഭരണകൂടത്തിന് ആദ്യം ഖലീഫയ്ക്കെതിരിലും പിന്നീട് ഖാദിയാനെതിരിലും അതിനുശേഷം സംസ്ഥാനത്ത് മുഴുവനുമുള്ള അഹ്മദികൾക്കെതിരിലും നടപടിയെടുക്കാൻ എളുപ്പമായിരിക്കും. ഇൻസ്പെക്ടർ ജനറൽ സി. ഐ. ഡി മിർസാ മിഅ്റാജുദ്ദീൻ സാഹിബ് പ്രസിദ്ധനായ ഒരു അഹ്മദിയോടു പറഞ്ഞ ഈ വാക്കുകൾ ശ്രദ്ധിക്കുക:

‘കഴിഞ്ഞ വർഷങ്ങളിൽ സർക്കാർ താങ്കളുടെ ജമാഅത്തിന്നെതിരെ തയ്യാറാക്കിയ പദ്ധതി എത്രമാത്രം ഭയാനകവും ഭയങ്കരവുമായിരുന്നുവെന്നാൽ, അതു ചിന്തിക്കുമ്പോൾ മനുഷ്യന്റെ ഹൃദയം വിറകൊള്ളുന്നു. എന്നാൽ, ജമാഅത്തിന്റെ ശക്തമായനേതൃത്വം അതിനെയെല്ലാം പരാജയപ്പെടുത്തി. അതുകൊണ്ടാണ് ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിൽ ആസക്തനായത്’(താരീഖ് അഹ്മദിയ്യത്ത് വാല്യം 6 പേജ് 414)

അഹ്മദിയ്യ കേന്ദ്രം ആക്രമിക്കുന്നതിനും അവരുടെ ഗൂഢപദ്ധതി നടപ്പിൽ വരുത്തുന്നതിനും വേണ്ടി അവർ ചെയ്ത ആദ്യനടപടി 1933 ഒക്ടോബർ 6-ന് രണ്ടു യുവാക്കളെ ഖാദിയാനിൽ പരിശോധനയ്ക്കായി അയക്കുകയായിരുന്നു. ആ യുവാക്കൾ വന്നപ്പോൾ ഖാദിയാനിലെ അഹ്ലുസുന്നത്തി വൽജമാഅത്തും ഹിന്ദുക്കളും ചേർന്ന് അൽഫള്ൽ പത്രത്തിൽ ഒരു പ്രസ്താവന നടത്തി: 1933 ഒക്ടോബർ 6- ന് രണ്ടു യുവാക്കൾ വന്നു. തങ്ങളെ അയച്ചത് അഹ്റാറെ ഇസ്ലാമാണെന്ന് അവർ പറഞ്ഞു. ഖാദിയാനിലെ അഹ്ലുസുന്നത്ത് വൽജമാഅത്തിന്റെ മസ്ജിദിലാണ് അവർ താമസിച്ചത്. ഞങ്ങൾ അഹ്റാരികളുടെ പ്രവർത്തനങ്ങളെ മുസ്ലിംവിരുദ്ധമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. ഞങ്ങൾ അവരോടു പറഞ്ഞു, ‘മസ്ജിദ് ആരാധനയ്ക്കുള്ള സ്ഥലമാണ്. ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് കുഴപ്പവും കലഹവുമുണ്ടാകും. അതുകൊണ്ട് നിങ്ങൾ മസ്ജിദിൽനിന്ന് പോകുക.’ അങ്ങനെ അവർ രണ്ടുപേരും അവിടെനിന്ന് പോയി. ഇതല്ലാതെ മറ്റൊരു സംഭവവും അവിടെ ഉണ്ടായിട്ടില്ല. അഹ്റാറിന് ഖാദിയാനിൽ ഒരു ഓഫീസില്ല. ധർമ ഭോജന ശാലയുമില്ല. ജമാഅത്തുമില്ല.

അഹ്റാറാണെങ്കിൽ കള്ള പ്രചാരണത്തിൽ വൈദഗ്ധ്യം നേടിയവരായിരുന്നു. അവർ ഈ നിസാര കാര്യത്തെ ശരിക്കും ആയുധമാക്കി. മുസ്ലിമീങ്ങളെ പ്രകോപിപ്പിക്കാൻവേണ്ടി ഒരു കള്ളക്കഥ കെട്ടിച്ചമച്ചു. അവർ പറഞ്ഞു, അഹ്മദികൾ തങ്ങളുടെ ആധിപത്യത്തിന്റെ ലഹരിയിൽ ഈ അഹ്റാരി യുവാക്കളെ ലാത്തികൊണ്ടടിച്ചടിച്ച് ജീവച്ഛവമാക്കി. അഹ്റാർ ചിന്തകനായ ചൗധരി അഫ്ള്ൽ ഹഖ് സാഹിബ് **താരീഖെ അഹ്റാർ** എന്ന ഗ്രന്ഥത്തിൽ ഈ സംഭവത്തെ തികച്ചും കോലംമാറ്റി എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്: ‘കുറച്ചു യുവാക്കളായ വാളന്റിയർമാരെ ഖാദിയാനിൽ അയച്ചു. മുസ്ലിമീങ്ങളുടെ മസ്ജിദുകളിൽപോയി നമസ്കരിക്കാനാണ് അയച്ചത്. അറിയാതെ ഖാദിയാനികളുടെ മസ്ജിദുകളിൽ പ്രവേശിക്കേണ്ട എന്നു കരുതിയാണ് അങ്ങനെ നിർദേശിച്ചത്. അങ്ങനെ മിർസായികൾക്ക് നിങ്ങളുടെമേൽ ആക്രമണം നടത്തിയിട്ട് ഉചിതമായ ഒഴികഴിവ് പറയാൻ അവസരം കിട്ടണ്ട. പക്ഷേ, ഖാദിയാനീമിർസായികൾക്ക് മുസ്ലിം മസ്ജിദുകളിൽനിന്നുയരുന്ന ബാങ്കിന്റെ ശബ്ദം എങ്ങനെ സഹിക്കാനാണ്. പണ്ടേ മുസ്ലിമീങ്ങളുടെമേൽ അവരുടെ ലാത്തി വീണുകൊണ്ടിരുന്നതാണ്. അവർ വന്നു, ലാത്തിയുടെ ശക്തി കാണിക്കാൻ തുടങ്ങി. നിർദ്ദയരായ അവർ ലാത്തികൊണ്ട് അഹ്റാരികളേയും വാളന്റിയർമാരേയും എത്രമാത്രം മർദിച്ചുവെന്നാൽ, അല്ലാഹുവിൽ അഭയം! ഭീരുവായ ശത്രു കൈയിൽ കിട്ടിയാൽ നിന്ദ്യമായിട്ട് അങ്ങനെ തന്നെയാണ് കാണിക്കാറുള്ളത്.’

ഖാദിയാനിൽ വന്ന അഹ്റാരികളുടെ ഈ ആദ്യ സംഘത്തിനുശേഷം ഇനായത്തുല്ലാഹ് എന്നൊരാൾ അഹ്റാരികളുടെ മുബല്ലിഗ് എന്നനിലയിൽ ഇവിടെയെത്തി. അയാൾ ചില സൂത്രശാലികളേയും തെമ്മാടികളേയും ആയുധമാക്കി അഹ്മദികൾക്കെതിരിൽ ഗൂഢാലോചന നടത്താൻ തുടങ്ങി. എങ്ങനെയെങ്കിലും തദ്ദേശ അഹ്മദികളുമായി ഏറ്റുമുട്ടുകയും അങ്ങനെ തങ്ങളുടെ കരച്ചിലും നിലവിളിയുംകൊണ്ട് മുസ്ലിമീങ്ങളുടെ സഹതാപം പിടിച്ചുപറ്റുക മാത്രമല്ല അമുസ്ലിമീങ്ങളുമായിട്ട് സുദൃഢബന്ധം ഉണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അഹ്മദികൾക്കെതിരെ സർക്കാർ എന്ത് നടപടിയെടുത്താലും അതവരുടെ പിന്തുണയോടെയാണെന്ന് വരുത്തിതീർക്കാനായിരുന്നു അവർ ഇങ്ങനെ ചെയ്തത്. *പേഗാമെ ഹഖ്* എന്ന പത്രംമുഖേന അഞ്ചുമൻ *അഹ്റാറുൽ മുസ്ലിമീൻ* 1929-ൽഖാദിയാനിലെ അനഹ്മദികളുടേയും അമുസ്ലിമീങ്ങളുടേയും മേൽ അഹ്മദികൾ അക്രമം അഴിച്ചുവിടുന്നുവെന്നുള്ള കിംവദന്തി പരത്തിയിരുന്നു. ഇപ്പോഴത്തെ അവരുടെ പ്രചാരണം അതായത് ഖാദിയാനിൽ ഇംഗ്ലീഷ് സർക്കാർ നിശ്ചലമായി കഴിഞ്ഞിരിക്കുന്നു, മിർസായികൾ സമാന്തര ഭരണം സ്ഥാപിച്ച് തദ്ദേശ ഹിന്ദുക്കളുടേയും മുസ്ലിമീങ്ങളുടേയും ജീവിതകാലം ദുരിതത്തിലാക്കിയതുകൊണ്ട് അവിടുത്തെ ജനങ്ങളുടെ വിളികേട്ട് അഹ്റാറിന് ഖാദിയാനിൽ പോകേണ്ടിവന്നിരിക്കുന്നു, ഇനി അവരെ മോചിപ്പിച്ചേ അടങ്ങൂ എന്നുള്ള പ്രചാരണം എരിതീയിൽ എണ്ണ ഒഴിച്ചതുപോലെയായി. അഹ്റാർ ചിന്തകനായ ചൗദരീ അഫ്ള്ൽ ഹഖ് സാഹിബ് ഖാദിയാനിൽ അഹ്റാരികൾ പ്രവേശിച്ചതിനുള്ള മറ്റൊരു കാരണവും എഴുതി. അഹ്റാരികളുടെ ഈ നടപടിയെ ഒരു ദൈവികപദ്ധതിയാണെന്ന് വിശേഷിപ്പിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു:

കശ്മീരിലെ നിരാലംബരായ സാധുജനങ്ങളുടെ വിപത്തുകൾ കണ്ടിട്ട് വിലപിക്കുകയായിരുന്നവരുടെ വേദനാജനകമായ ആവലാതികേട്ട് എഴുന്നേറ്റതുപോലെ ഞങ്ങൾ ഖാദിയാനിലെ ദുരിതങ്ങളിൽ കഴിയുന്ന ഹിന്ദുക്കളുടേയും മുസ്ലിമീങ്ങളുടേയും നിലവിളികേട്ട് ഉണർന്നിരിക്കുകയാണ്. ഭൂമിയിലെ വേദനാജനകമായ ആവലാതികൾ ആകാശത്തിലെ ദൈവംവരെ എത്തുകയില്ലെന്നാണ് ഖാദിയാനിലെ മുതലാളിമാർ വിശ്വസിച്ചത്..............പക്ഷേ, നോക്കൂ! ആകാശത്തിലെ ദൈവം പറയുന്നതുപോലെ തോന്നി, അഹങ്കാരികളായ യജമാന്മാരേ, നിങ്ങളുടെ ഈ അക്രമപരമായ ജീവിതത്തിന്റെ ബൈബിളിന്റെ പേജുകൾ മടക്കിവയ്ക്കേണ്ടതാണ്. അതുകൊണ്ട് അവൻ കള്ളമസീഹന്റേയും അയാളുടെ അനുയായികളുടേയും അക്രമങ്ങളെ തടയാൻ സാധുക്കളുടെ ജമാഅത്തിനോട് പറഞ്ഞിരിക്കുകയാണ്.

‘ഖാദിയാനികളുടെ മർദനം’ അവസാനിപ്പിക്കാൻ അഹ്റാരികൾ 1933ലെ ജൽസാ സാലാന( വാർഷിക സമ്മേളനം) അവസരമാണ് തീരുമാനിച്ചത്. രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്ന് ആയിരക്കണക്കിന് അഹ്മദികൾ തങ്ങളുടെ വിശുദ്ധ കേന്ദ്രത്തിൽ സംഘടിച്ചിരുന്നപ്പോൾ അവർ അഹ്മദികളെ പീഢിപ്പിക്കാൻവേണ്ടി മാത്രം സമ്മേളനം സംഘടിപ്പിച്ചു. പ്രകോപനമായപരമായ നോട്ടീസുകൾ വിതരണം ചെയ്തു. ആ അവസരത്തിൽ തദ്ദേശപോലീസ് ഒരു ഭാഗത്ത് കലഹത്തെ പ്രോത്സാഹിപ്പിച്ചു. മറുഭാഗത്ത് അഹ്മദികളിൽനിന്ന് ആക്രമണത്തിന്റെ ഭീഷണിയുണ്ടെന്ന് പറഞ്ഞ് ഉന്നത ഉദ്യോഗസ്ഥനെ തെറ്റുധരിപ്പിച്ച് വൻപോലീസ് സംഘത്തെ വരുത്തിച്ചു. സ്ഥലത്തെ മജിസ്ട്രേട്ട്, ജമാഅത്തിന്റെ ഉത്തരവാദപ്പെട്ട അംഗങ്ങളോട് ആരും അവരുടെ സമ്മേളനത്തിൽ പങ്കെടുക്കരുതെന്ന് നിർദേശിച്ചു. അറിയാതെ ആരെങ്കിലും അങ്ങോട്ടു പോകുന്നതു കണ്ടാൽ അവരെ തിരിച്ചയക്കുന്നതിനുവേണ്ടി അഹ്റാരികളുടെ സമ്മേളന സ്ഥലത്തേക്കുള്ള എല്ലാ വഴികളിലും ആളുകളെ നിറുത്തി. വളരെ സൂക്ഷ്മതയോടെ അഹ്റാരികൾക്ക് ഒരു തരത്തിലുള്ള പരാധിയ്ക്കും ഇടം നല്കാതിരിക്കാനുള്ള ശ്രമമാണ് നടത്തിയത്. പക്ഷേ, അക്കൂട്ടരുടെ ഉദ്ദേശ്യം അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ ബഹളമുണ്ടാക്കുക എന്നതു മാത്രമായിരുന്നു. അതിന് തദ്ദേശപോലീസുകാർ അവരെ സഹായിക്കുകയും ചെയ്തു. അതുകൊണ്ട് കുഴപ്പമുണ്ടാക്കാൻ ഒരു കാര്യവും കിട്ടാതെ വന്നപ്പോൾ അവരുടെ സമ്മേളനനഗറിന്റെ കുറച്ചകലെ ഒരു അഹ്മദി വീട്ടിൽ ഒന്നുരണ്ട് അഹ്മദി അതിഥികൾ പദ്യം ചൊല്ലുന്ന ശബ്ദം തങ്ങൾ കേൾക്കുന്നുവെന്ന് പറഞ്ഞ് ബഹളമുണ്ടാക്കാൻ തുടങ്ങി. കുഴപ്പമുണ്ടാകാൻ സാധ്യതയുണ്ട്, അതിനാൽ അഹ്മദി പദ്യം ചൊല്ലുന്നത് ഉടനെ നിറുത്താൻ തദ്ദേശപോലീസ് അധികാരി കൽപ്പന പുറപ്പെടുവിച്ചു. അങ്ങനെ പദ്യ പാരായണം നിറുത്തി. പിന്നീട് ഒരു അഹ്മദിയുടെ വീടിന്റെ ഭിത്തിയിൽ അഹ്റാരികൾ (അദ്ദേഹം പതിക്കരുതെന്ന് വിലക്കിയിട്ടും) ഒരു പോസ്റ്റർ പതിച്ചു. ആ പോസ്റ്റർ ആ സമ്മേളനത്തെ കുറിച്ചുള്ളതായിരുന്നില്ല. അതിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ) യെ കുറിച്ചും അഹ്മദിയ്യ ജമാഅത്തിനെ കുറിച്ചും പ്രകോപന പരമായ അസഭ്യ കാര്യങ്ങളാണ് എഴുതിയിരുന്നത്. അഹ്മദി ആരും അറിയാതെ അത് കീറിക്കളഞ്ഞു. അപ്പോൾ തങ്ങളുടെ പോ

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)**



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM


**• അല്ലാഹുവിന്റെ കലാം: •**

**‘നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!’(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

സ്റ്റർ കീറി എന്നും ഇനി കുഴപ്പമുണ്ടാകുമെന്നും അഹ്റാരികൾ പോലീസിനോട് പറഞ്ഞു. തങ്ങൾ അതു ചെയ്യും ഇതുചെയ്യും എന്ന് പറഞ്ഞ് ബഹളം വച്ചു. ഇത് കണ്ടിട്ട് ഇൻചാർജ് പോലീസ് (അദ്ദേഹത്തിന്റെ കൺമുമ്പിലാണ് അവർ ആ പോസ്റ്റർ പതിച്ചത്)അഹ്റാരികളെ തടയുന്നതിനു പകരം അഹ്മദിയെ വഴക്ക് പറയാൻ തുടങ്ങി.

ഖാദിയാനിൽ മജ്ലിസെ അഹ്റാറിന്റെ ഓഫീസ്

അക്രമത്തിന്റെ പരസ്യമായ ആദ്യത്തെ പരിശ്രമമായിരുന്നു ഇത്. ഇത് വിപുലമാക്കുന്നതിനുവേണ്ടി 1934-ന്റെ തുടക്കത്തിൽ ഖാദിയാനിൽ മജ്ലിസെ അഹ്റാറിന്റെ ഒരു ഓഫീസ് തുറക്കപ്പെട്ടു.

സയ്യിദ് അത്വാ ഉല്ലാഹ് ശാഹ് ബുഖാരിയുടെ ജീവിത ചരിത്രത്തിൽ ഈ ഓഫീസിനെ കുറിച്ചു പറയുന്നു: 'ഖാദിയാനിൽ മജ്ലിസെ അഹ്റാറിന്റെ ഓഫീസ് 1934 മുതലുളളതാണ്.... മുബല്ലിഗുമാർ ഖാദിയാനിയ്യത്തിനെ ഖണ്ഡിക്കുന്ന ജോലി ഭംഗിയായനിലയിൽ നിർവഹിച്ചു വരുന്നു. ഓഫീസ് ഒരു വലിയകെട്ടിടത്തിലാണ് നിലകൊള്ളുന്നത്. അത് ഖാദിയാന്റെ ഒത്തനടുവിലാണ്.....ഖാദിയാനിലെ മദ്രസയുടേയും മുബല്ലിഗുമാരുടേയും ഓഫീസിന്റേയും ഒരു മാസത്തെ ചെലവ് 300 രൂപയിലധികമാണ്.'

ഈ ഓഫീസിന്റെ ചെലവുകൾ എവിടെനിന്നാണ് സംഘടിപ്പിച്ചിരുന്നത്? അതിന്റെ വിശദീകരണത്തിലേക്ക് നമുക്ക് പോകേണ്ടുന്ന ആവശ്യമില്ല. ശാഹ് സാഹിബിന്റെ ചരിത്രമെഴുതിയ ആൾ ഇത്രമാത്രം എഴുതി പിന്മാറുകയാണ് ചെയ്തിട്ടുള്ളത്: ഈ എല്ലാ ചെലവുകളുടേയും ഉത്തരവാദിത്തം അമീറെ ശരീഅത്തിന്റേതായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമമൊന്നുകൊണ്ടുമാത്രം ഇപ്പോഴും അത് നിലച്ചിട്ടില്ല.

ഈ ഓഫീസിന്റെ വലിയ കെട്ടിടം അതിന്റെ മദ്രസയുടേയും മുബല്ലിഗുമാരുടേയും അവസ്ഥ കാണുന്നവർക്ക് നല്ലവണ്ണം അറിയാം. എന്നാൽ, ശാഹ് സാഹിബ് തന്റെ ശക്തമായ പ്രസംഗങ്ങളിൽ എങ്ങനെയാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ പ്രചരിപ്പിച്ചിരുന്നതിനുള്ള മാതൃക അദ്ദേഹമെഴുതിയ താഴെ കാണുന്ന പരസ്യത്തിൽ നിന്ന് ലഭിക്കുന്നുണ്ട്:

ഖാദിയാനിൽ പ്രത്യേകം തുറക്കപ്പെട്ടിട്ടുള്ള നമ്മുടെ ഓഫീസ് ഈ ഫിത്നയുടെ വളർച്ചയെ ഒരു പരിധിവരെ തടഞ്ഞു നിറുത്തിയിട്ടുണ്ട്. എന്നല്ല എല്ലാ മിർസായി ജമാഅത്തിനേയും ഇല്ലാതാക്കിക്കളഞ്ഞിരിക്കുന്നു. നൂറുക്കണക്കിന് മിർസായി പശ്ചാത്തപിച്ച് മടങ്ങിക്കഴിഞ്ഞു. ആയിരക്കണക്കിന് തയ്യാറായി കഴിഞ്ഞിട്ടുണ്ട്. അവർ നിങ്ങളിലേക്ക് നോക്കുന്നു. ഇസ്ലാം നിങ്ങളെ ഏല്പിച്ചിട്ടുള്ള മജ്ലിസെ അഹ്റാറിന്റെ പ്രബോധന വിഭാഗത്തെ ശക്തിപെടുത്താൻ പൂർണ മനക്കരുത്തോടും തികഞ്ഞ ഉത്തരവാദത്തോടുംകൂടി ശ്രമിക്കുകയും നിർബന്ധംകൊണ്ട് അവിടെ കുടുങ്ങിക്കിടക്കുന്ന അവരിലെ വലിയവലിയ ആളുകളെ ഇങ്ങോട്ടു ക്ഷണിക്കാൻ നമ്മൾ പ്രാപ്തരാകുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ കൺമുമ്പിൽ ഈ ഫിത്ന ലോകത്ത് നിന്ന് ഇല്ലാതാകുന്നത് അകലെയല്ല. അതുകൊണ്ട് നിങ്ങൾക്കും നിങ്ങളുടെ സുഹൃത്തുക്കൾക്കും മജ്ലിസെ അഹ്റാറിന്റെ പ്രബോധന വിഭാഗത്തെ ശക്തിപെടുത്താൻ കഠിനപ്രയത്നം ചെയ്യേണ്ടത് നിർബന്ധമാണ്......ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കുന്നു, ഖാദിയാനികൾക്കെതിരെ പണം ചെലവഴിക്കുന്നത് ഇക്കാലത്തെ ജിഹാദാകുന്നു,

അഹ്റാരികൾ ഖാദിയാനിൽ താവളമടിക്കുകയും ഓഫീസ് തുറക്കുകയും ചെയ്തതോടെ സമാധാനലംഘനത്തിനുള്ള പരിപാടികളും തുടങ്ങി. ഇക്കാരണത്താൽ ഖാദിയാനിൽ മാത്രമല്ല അതിന്റെ പരിസരവാസികളിലും ഉഗ്രമായ പിരിമുറുക്കമുണ്ടായി. ഇതു വർധിപ്പിക്കുന്നതിനുവേണ്ടി ഒരു ഭാഗത്ത് അഹ്മദികളെക്കുറിച്ചുള്ള കള്ള റിപ്പോർട്ടുകൾ ഭരണകർത്താക്കൾക്കു നല്കി അവരെ പ്രകോപിതരാക്കി. മറുഭാഗത്ത് എല്ലാ മസ്ജിദുകളിലും അങ്ങേയറ്റം പ്രകോപനപരവും ഹൃദയത്തെ വ്രണപ്പെടുത്തുന്നതുമായ പ്രസംഗപരമ്പര ആരംഭിച്ചു. ഇതിൽ അഹ്മദിയ്യ ജമാഅത്തിന്റെ വന്ദ്യനായ ഇമാമിനേയും മറ്റു പുണ്യാത്മാക്കളേയും അധിക്ഷേപിക്കാൻ തുടങ്ങി. അഹ്മദികൾ വധാർഹരാണെന്നും അവരെ കൊല്ലേണ്ടതാണെന്നും പരസ്യപ്രസ്താവനകൾ നടത്തി. വിവിധ രീതിയിൽ സാധാരണക്കാരെ കലഹങ്ങൾക്ക് പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ചീത്ത പറയാനും അസഭ്യങ്ങൾ പുലമ്പാനും ലാഹോർ, അമൃതസർ, ലുധിയാന, മറ്റു നഗരങ്ങളിൽനിന്നും കടിഞ്ഞിണില്ലാത്തവരും വിധ്വംസകപ്രവർത്തകരുമായ പ്രസംഗകരുടേയും മൗലവിമാരുടേയും ഒരു പടതന്നെ അണിനിരന്നു. നിർഭയമായും ചീത്തപറയൽ, വിഷംചീറ്റുന്ന പ്രസംഗങ്ങൾ, പരിഹാസങ്ങൾ, അസഭ്യവാക്കുകൾ, കളവ് കൂടാതെ ഹീനമായ മറ്റുള്ള സകല ആയുധങ്ങളും അവർ ഉപയോഗിച്ചു. ഇതെല്ലാം അരങ്ങേറിയത് പോലീസിന്റേയും മറ്റു ഉത്തരവാദപ്പെട്ട ഭരണാധികാരികളുടേയും കൺമുമ്പിലായിരുന്നു. എന്നല്ല, അവരുടെ മേൽനോട്ടത്തിലായിരുന്നു. ഇവർക്ക് സാധാരണക്കാരുടെ വികാരങ്ങളെ ഇളക്കിവിടാൻ ചെയ്യാത്ത പണികളൊന്നുമില്ല. അതിനോടൊപ്പം തങ്ങളാണ് സമാധാനകാംക്ഷികളെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളും അവർ നടത്തിയിരുന്നു. ഈ നയം പൊതുവെ എല്ലാ പ്രസംഗകരും സ്വീകരിച്ചിരുന്നു. ഇതിനായി അവർ പുതിയ പുതിയ രീതികൾ അവലംബിച്ചിരുന്നു.

1934 മാർച്ച് 23ന് മജ്ലിസെ അഹ്റാറിന്റെ ദേശീയ അധ്യക്ഷൻ മൗലവി ഹബീബുർറഹ്മാൻ ലുധിയാനവി ഖാദിയാനിൽ വന്നു. അദ്ദേഹത്തിന് ഖാദിയാൻവാസികൾ ഒരു മെമ്മോറാണ്ടം കൊടുത്തു. അതിൽ പറഞ്ഞിരുന്നതിപ്രകാരമാണ്:

'അങ്ങയോട് ഞങ്ങൾ സത്യം പറയുന്നു. ഖാദിയാനിൽ ബ്രിട്ടീഷ് സർക്കാറിന്റെ ഭരണമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഞങ്ങളെ ഭരിക്കുന്നത് ഖാദിയാനി ജമാഅത്താണ്. ഖാദിയാനിൽ ബ്രിട്ടീഷ് ഭരണം തകിടം മറിഞ്ഞു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെമേൽ മർദനമാണ് നടക്കുന്നത്. ചെവിപിടിച്ച് ഖാദിയാനിൽനിന്ന് പുറത്താക്കൽ നിത്യക്കാഴ്ചയാണ്. പിഴകൾ ചുമത്തുകയും തടവിലിടുകയും ചെയ്യുന്നു. കൊലപാതകംവരെ നടക്കുന്നുണ്ട്. മുഹമ്മദ് അമീൻ മുജാഹിദ് ബുഖാറയെ പട്ടാപ്പകൽ കൊലചെയ്തിട്ട് കുറച്ചുകാലമേ ആയിട്ടുള്ളു. അതിനുശേഷം കൊലപാതകി ഇഖ്ബാൽ കുറ്റകൃത്യം ചെയ്തുകൊണ്ടേപോകുന്നു. പക്ഷേ, കേസുകളൊന്നുമില്ല. ഉമൂറെ ആമ, ഉമൂറെ ഖാരിജ, ഉമൂറെ ദാഖല എല്ലാം കൃത്യമായി പ്രവർത്തിച്ചു വരുന്നു. ഹൈക്കോടതിയും അതിനു വിധേയമായി കീഴ്ക്കോടതിയുമുണ്ട്. ഖാദിയാനിൽനിന്ന് മുസ്ലിമീങ്ങളെ ഒന്നടങ്കം പുറത്താക്കുക എന്നതാണ് അവരുടെ പോളിസി. അത് അവരുടെ മതപരമായ വിശ്വാസവുമാണ്. ഖാദിയാനിലെ സമാൻടൗണിലെ നിലവിലുള്ള പ്രസിഡന്റിന്റെ കോടതിയിൽ അതവർ ബോധിപ്പിച്ചിട്ടുള്ളതാണ്. ഖാദിയാനിലെ അനഹ്മദികൾക്ക് രണ്ടു വഴികളാണുള്ളതെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞിട്ടുണ്ട്; ഒന്നുകിൽ മുഹമ്മദു(സ)ന്റെ കോന്തലവിട്ട് ഖാദിയാനിയാകുക, അല്ലെങ്കിൽ ഖാദിയാനിൽനിന്ന് ഒഴിഞ്ഞുപോകുക.'

പിന്നീട് പഞ്ചാബ് ഹൈക്കോടതിയിൽ സവിസ്തരം വാദത്തിൽവന്ന ആരോപണങ്ങളാണ് ഇതിലധികവും. കോടതി അവയെല്ലാം അടിസ്ഥാനരഹിതവും അസത്യപരവുമാണെന്ന് വിധിക്കുകയുണ്ടായി. ആദ്യം മുതൽ അവസാനം വരെ കളവിന്റെ സമുച്ചയമായ ഈ മെമ്മോറാണ്ടത്തിന് മറുപടി നല്കി ക്കൊണ്ട് മൗലവി ഹബീഹുർറഹ്മാൻ സാഹിബ് അതിതീവ്രമായ ഒരു പ്രസംഗം ചെയ്തു. അതിൽ ഖാദിയാനിലെ അനഹ്മദികളെ പ്രകോപിപ്പിച്ചുകൊണ്ടു പറഞ്ഞു:

'മഹ്മൂദിനേയും അയാളുടെ കൂട്ടാളികളേയും സമാധാനത്തോടെ നേരായ പാതയിലേക്ക് വിളിക്കേണ്ടത് നിങ്ങളുടെ നിർബന്ധ കടമയാണ്. ഇരുലോകങ്ങളുടെ നേതാവിന്റെ സത്യദീൻ അവരുടെ മുമ്പിൽ അവതരിപ്പിക്കുക. അതിനുപകരം നിങ്ങളുടെ തലതല്ലിപൊളിപ്പിക്കേണ്ടി വന്നാൽ പൊളിപ്പിക്കുക. വെടിയേല്ക്കേണ്ടി വന്നാൽ വിരിമാർ കാണിച്ചുകൊടുക്കുക. ഒരു ചാഞ്ചല്യവും കൂടാതെ മരണത്തെ ആലിംഗനം ചെയ്യുക. ഖാദിയാനിലെ ഇടവഴികളിൽ അഹ്റാരി പ്രവർത്തകരുടെ രക്തത്തിന്റെ പുഴകളൊഴുകിയാൽ ഞാൻ മനസ്സിലാക്കും, ഞാനെന്റെ ലക്ഷ്യം പ്രാപിച്ചുവെന്ന്. അല്ലാഹുവാണ! അതു ഞാൻ കാത്തിരിക്കുകയാണ്. എന്റെ മതദൗത്യം പൂർത്തിയാക്കുന്നതിനിടയിൽ മഹ്മൂദിന്റെ ഹവാരീങ്ങളുടെ കൈയാൽ ഞാൻ വധിക്കപ്പെട്ടാൽ, ഞാൻ അത് ശഹാദത്തെ കുബ്റാ (ഏറ്റവും വലിയ വീരമൃത്യു) ആയി മനസ്സിലാക്കുന്നതാണ്.'

ഈ ഉദ്ധരണത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും അഹ്റാരി നേതാക്കന്മാരുടെ പ്രസംഗങ്ങൾ പ്രകോപനപരമായ എന്തെന്തെല്ലാം ചതികളാണ് നടത്താതിരുന്നതെന്ന്. ഈ തീപ്പൊരികളുടെ ഒരു ഭാഗം അൽഫള്ൽ പത്രത്തിലും അഹ്മദിയ്യ ജമാഅത്തിന്റെ റെക്കോർഡുകളിലും സുരക്ഷിതമാണ്. ഇൻശാഅല്ലാഹ്! വരും തലമുറയ്ക്കായി ഖിയാമത്തുന്നാൾവരെ അത് സുരക്ഷിതമായിരിക്കും.

### അഹ്റാറിന് പഞ്ചാബിലെ ചില ഉലമാക്കളുടെ പ്രോത്സാഹനം:

ഇതായിരുന്നു ഖാദിയാനിലെ അവസ്ഥ. എന്നാൽ, ഖാദിയാനിൽ വരാൻ അവസരം ലഭിക്കാതിരുന്ന മറ്റു നഗരങ്ങളിലെ ഉലമാക്കൾ - അവരുടെ നാവുകളിൽനിന്നും തൂലികകളിൽനിന്നും കോപാഗ്നിയും കടുപ്പമായ ചിന്താഗതിയും ജ്വലിച്ചിരുന്നു-അഹ്റാറികളുടെ പരിശ്രമങ്ങളെ ജിഹാദ് എന്നു പറഞ്ഞു. അവർ അഹ്മദിയ്യത്തിനെതിരിൽ അന്തിമ തീരുമാനത്തിനായി യുദ്ധം ചെയ്യാൻ എല്ലാ മുസ്ലിമീങ്ങളേയും പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ആനാളുകളിൽ മൗലവി സയ്യിദ് അൻവർശാഹ് സാഹിബ് കാശ്മീരി(സുപ്രസിദ്ധ ദേവബന്ദ് പണ്ഡിതൻ) ഒരു അഭ്യർഥന പ്രസിദ്ധീകരിച്ചു. അതിലെഴുതി: 'അല്ലാഹുവിനുവേണ്ടി ഖാദിയാനികൾക്കെതിരിൽ ഇപ്പോൾ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എന്നിൽനിന്ന് ഹദീഥു പഠിച്ചിട്ടുള്ള വരോട് പ്രത്യേകിച്ചും മുസ്ലിമീങ്ങളോട് പൊതുവേയും, ദീനിനുവേണ്ടി അർപണം ചെയ്തിട്ടുള്ള ലാഹോറികളെപ്പോലെ മിർസായികളുടെ അടിത്തറയില്ലാത്ത കൊട്ടാരത്തെ തകർത്തെറിയാൻ സാധ്യമായതെല്ലാം ചെയ്യുന്നതിൽ ഒരു കുറവും വരുത്തരുതെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.'

ഇപ്രകാരംതന്നെ ലാഹോർ അഞ്ചുമൻ ഖുദ്ദാമുദ്ദീനിന്റെ അമീർ മൗലവി അഹ്മദ് അലി സാഹിബും സമീന്ദാർ പത്രത്തിന്റെ എഡിറ്റർ മൗലവി സഫർഅലി ഖാൻ സാഹിബും മുസ്ലിമീങ്ങളോട് അഭ്യർഥിച്ചു: 'റസൂലുല്ലാഹി(സ) പ്രവചനം ചെയ്ത ആ അവസാന ഫിത്ന പൗരസ്ത്യ ദേശത്ത് ഖാദിയാനിയ്യത്തിന്റെ രൂപം പ്രാപിച്ച് വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ലം യലിദ് വലം യൂലിദായ അല്ലാഹുവിന്റെ നാമത്തിൽ, ഖാത്തമുന്നബിയ്യീനായ മുഹമ്മദ് മുസ്തഫാ(സ)യുടെ നാമത്തിൽ, അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമതമായ ഇസ്ലാമിന്റെ നാമത്തിൽ, വേദനതിങ്ങുന്ന മനസ്സോടെ പൊതുക്ഷണം നടത്തുകയാണ്, മു

സ്‌ലിമീങ്ങളായ നമ്മളെല്ലാവരും നമ്മളുടെ ഭാഗികമായ എല്ലാ എതിർപ്പുകളും മാറ്റിവച്ചുകൊണ്ട് ഈ ഫിത്‌നയെ(ഖാദിയാനിയ്യത്തിനെ)ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി സാധ്യമായ എല്ലാ മാർഗങ്ങളും പ്രയോഗിക്കുന്നതിൽനിന്ന് ഒഴിഞ്ഞു മാറരുത്. ഒഴിഞ്ഞുമാറിയാൽ ദുൻയാവും ആഖിറത്തും നഷ്ടമായിപ്പോകുമെന്നല്ലാതെ ഒന്നും ലഭിക്കുകയില്ല.'

അഹ്‌റാരി നേതാക്കൾ വിളംബരം ചെയ്തു: 'ഖാദിയാനിയ്യത്തിന്നെതിരിലുള്ള നമ്മുടെ യുദ്ധം മതപരമല്ല. വെറും രാഷ്ട്രീയപരമാണ്.' ഥനാഉല്ലാഹ് അമൃതസരി പറഞ്ഞു: 'അഹ്‌റാർ പരസ്യമായി പറയുന്നു, ഖാദിയാനീ സംഘവുമായിട്ടുള്ള പ്രശ്നങ്ങളുടെ തീരുമാനം ഉലമാക്കൾ എടുത്തുകഴിഞ്ഞിട്ടുള്ളതാണ്. അവരോടുള്ള നമ്മുടെ പോരാട്ടം രാഷ്ട്രീയ നിറത്തിലുള്ളതാണ്.'

അങ്ങനെ അവർ പ്രകോപനപരമായ പ്രസംഗങ്ങളിലൂടേയും എഴുത്തുകളിലൂടേയും സാധാരണ മുസ്‌ലിമീങ്ങളെ അഹ്‌മദികൾക്കെതിരെ ഇളക്കിവിട്ട് കലാപം സൃഷ്ടിക്കാൻ തുടങ്ങി. ഏതു രീതിയിലും അഹ്‌മദിയ്യ ജമാഅത്തിനെ ഉന്മൂലനം ചെയ്യുക എന്നതു മാത്രമായിരുന്നു അവരുടെ ലക്ഷ്യം.

ഇഹ്സാൻ എന്ന പത്രം 1935 ഫെബ്രുവരി 5-ന് എഴുതി: സിദ്ദീഖുൽ അക്ബറിന്റെ കാലത്ത് ജനിക്കാതിരുന്നതിന് മിർസായികൾ നന്ദി പറയേണ്ടതാണ്. ഇല്ലെങ്കിൽ അദ്ദേഹം സക്കാത്ത് കൊടുക്കാൻ കൂട്ടാക്കാതിരുന്ന നാമധാരികളായ മുസ്‌ലിമീങ്ങൾക്കെതിരിൽ വാൾകൊണ്ടു യുദ്ധം ചെയ്തതുപോലെ മിർസായികളേയും വകവരുത്തുമായിരുന്നു......ഇന്നു മുസ്‌ലിമീങ്ങളിൽ ഹദ്റത്ത് സിദ്ദീഖുൽഅക്ബർ ഉണ്ടായിരുന്നെങ്കിൽ ഉറകളിൽനിന്ന് വാൾ പുറത്തെടുക്കുകയും ഖാദിയാനിയ്യത്ത് വേരോടെ പിഴുതെറിയപ്പെടുകയും ചെയ്തിട്ടുണ്ടാകുമായിരുന്നു.ഗസ്‌നവീ കുടുംബത്തിലെ ഒരു അമൃതസരി മൗലവി 1935 ഫെബ്രുവരി 7-ന് വീരാവൽ എന്ന സ്ഥലത്തുചെയ്ത പ്രസംഗത്തിൽ പറഞ്ഞു: കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഖാദിയാനിലെ ഖലീഫ വധിക്കപ്പെടും. മിനാരം തകർത്തെറിയപ്പെടും. പോലീസും സർക്കാരും കേട്ടുകൊള്ളുവിൻ! ഞങ്ങൾ എത്രയും വേഗം ഖാദിയാനീ ഖലീഫയെ കൊല്ലുന്നതാണ്.

**ഫിത്‌നയെ തടയാൻ ഒരു കമ്മിറ്റി:**

മിർസാ അബ്ദുൽഹഖ് സാഹിബിന്റെ (പ്ലീഡർ ഗുരുദാസ്‌പൂർ) വിവരണമാണ്. അഹ്‌റാറിനെ നേരിടാൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അഥ്ഥാനീ മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് (റ)ഒരു കമ്മിറ്റി രൂപീകരിച്ചു. അതിൽ അദ്ദേഹവും അംഗമായിരുന്നു. അപ്രകാരംതന്നെ ബഹുമാനപ്പെട്ട ശേയ്ഖ് ബശീർ അഹ്‌മദ് സാഹിബ് അഡ്വക്കേറ്റ് ലാഹോർ തുടങ്ങി മറ്റുചില സഹോദരന്മാരും അംഗങ്ങളായിരുന്നു. ഹുദൂർ തന്നെയായിരുന്നു കമ്മിറ്റിയുടെ അധ്യക്ഷൻ. കമ്മിറ്റിയിലെ അംഗങ്ങൾക്ക് ഒരുപാട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അവരുടെ മുമ്പിൽ സംഭവങ്ങളെല്ലാം വിശദമായി അവതരിപ്പിച്ചിരുന്നു. ഇതു സംബന്ധമായിട്ടുള്ള അത്യാവശ്യ കത്തിടപാടുകളും സാഹിത്യങ്ങൾ സുരക്ഷിതമാക്കി വെക്കാനുള്ള പ്രവർത്തികളുമെല്ലാം ഹുദൂർ നേരിട്ട് തന്റെ കീഴിലാണ് വെച്ചിരുന്നത്.

**അഹ്‌റാരികളുടെ വ്യാമോഹവും**
**അഹ്‌മദിയ്യാ ജമാഅത്തിന്റെ വിജയവും**

അഹ്‌റാരികളുടെ ഫിത്ന ആരംഭിച്ചതേയുള്ളൂ, സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ്(റ) അഹ്‌മദിയ്യത്തിന്റെ വിജയത്തെ സംബന്ധിച്ച് തുറന്ന നിലയിൽ വിളംബരം ചെയ്യാൻ തുടങ്ങി. 1931-ലെ വാർഷിക സമ്മേളനത്തിന്റെ (ജൽസ)ആദ്യ ദിവസം അഹ്‌റാരികളെ സംബോധന ചെയ്തു കൊണ്ട് ഹുദൂർ വളരെ ഗാംഭീര്യത്തോടെ പറഞ്ഞു: നാം അവരോടു പറയുന്നു, നിങ്ങൾ എന്ത്? ലോകത്തുള്ള സകല ഭരണകൂടങ്ങളേയും സകല സമുദായങ്ങളേയും നിങ്ങൾ വിളിച്ചുകൊണ്ടു വരിക. എന്നിട്ടും നിങ്ങളാണ് ജയിക്കുന്നതെങ്കിൽ ഞങ്ങൾ അസത്യവാന്മാരാണ്. അങ്ങനെ അവർ ചെയ്താൽ ആരുമായിട്ടാണ് അവർ ഏറ്റുമുട്ടുന്നതെന്ന് അവർക്കു മനസ്സിലാകും. ഞങ്ങളുടെമേൽ ആക്രമണം നടത്തിയാൽ അവർ തകർന്ന് തരിപ്പണമാകും. ഞങ്ങൾ അവരുടെമേൽ ആക്രമണം നടത്തിയാലും തകരുന്നത് അവരായിരിക്കും. ഇത് അല്ലാഹു സ്ഥാപിച്ച ജമാഅത്താണ്. അതിനെ വിജയിപ്പിക്കുക എന്നത് അവന്റെ തീരുമാനമാണ്. ഒരു മനുഷ്യശക്തിയ്ക്കും അതിന്നെതിരിൽ ഒന്നും ചെയ്യാൻ കഴിയുകയില്ല. ഞങ്ങൾ ദുർബലരാണെന്നത് ശരിതന്നെ. ബലഹീനർ തന്നെയാണ്. അത് ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ വാഗ്ദാനത്തിൽ ഞങ്ങൾക്കു ദൃഢവിശ്വാസമുണ്ട്. അതിൽ ഞങ്ങൾ ബലഹീനത കാണിക്കുകയില്ല. അവരെ ചവുട്ടിമെതിക്കുമെന്ന് ഞങ്ങൾ പറയുന്നില്ല. എന്നാൽ, അവർ എത്രവലിയ സൈന്യവുമായി ഞങ്ങൾക്കെതിരിൽ അണിനിരന്നാലും അല്ലാഹു അവരെ ചവുട്ടിമെതിച്ചുകളയുമെന്ന് ഞങ്ങൾ ഉറപ്പായും പറയും. ഇസ്‌ലാമിക സാങ്കേതികാർഥത്തിൽ യുദ്ധത്തിന് അഗ്നി എന്നാണ് അർഥം. മഹ്ദി ഇമാമും മസീഹുമായ ഹദ്റത്ത് അഹ്‌മദ്(അ)നുണ്ടായ ഇൽഹാമാണ്: *ആഗ് സെ ഹമേ മത് ഡറാവോ, ആഗ് ഹമാരി ഗുലാം ബൽകെ ഗുലാമോം കി ഗുലാമ് ഹെ* അഗ്നി കാണിച്ച് ഞങ്ങളെ ഭയപ്പെടുത്തേണ്ട. അഗ്നി ഞങ്ങളുടെ അടിമയാണ്, എന്നല്ല അടിമയുടെ അടിമയാണ്.

ഞങ്ങളുടെമേൽ വിജയംവരിക്കാമെന്നത് കേവലം അവരുടെ വ്യാമോഹമാണ്. ഞങ്ങളെയെല്ലാം കൊന്നൊടുക്കിയാലും കൊന്നൊടുക്കി കത്തിച്ചാലും ആ ചാരം കാറ്റത്ത് വിതറിയാലും അഹ്‌മദിയ്യത്ത് ലോകത്ത് നിലകൊള്ളും. സകല ജനതകളിലും സകല രാജ്യങ്ങളിലും സകല വൻകരകളിലും അത് വ്യാപിക്കും. ലോകംമുഴുവൻ അഹ്‌മദിയ്യത്ത് മാത്രം കാണുമാറാകും. അല്ലാഹു നട്ട ചെടിയാണിത്. അതിന്നെതിരിൽ മുഴങ്ങുന്ന നാവ് പിഴുതെറിയപ്പെടും. അതിന്നെതിരിൽ ഉയരുന്ന കൈകൾ അരിഞ്ഞു വീഴ്ത്തപ്പെടും. അതിന്നെതിരിൽ ഉയരുന്ന ശബ്ദം അടിച്ചമർത്തപ്പെടും. അതിന്നെതിരിൽ ഉയരുന്ന കാലുകൾ ഛേദിക്കപ്പെടും. ഇംഗ്ലീഷുകാരും ജർമൻകാരും അമേരിക്കക്കാരും ഫ്രഞ്ചുകാരും എല്ലാവരും ചേർന്നാലും കൊതുകു് ഞെരിക്കപ്പെടുന്നതുപോലെ അവർ ഞെരിക്കപ്പെടും. ഒരു ജനതയ്ക്കും അഹ്‌മദിയ്യത്തിനെ നശിപ്പിക്കാൻ കഴിയുകയില്ല. (1932 ജനുവരി 10 അൽഫള്ൽ പത്രം)

ഇപ്രകാരം തന്നെ 1933 ഏപ്രിൽ 14-ന് ചെയ്ത ഖുത്ബയിൽ പറഞ്ഞു: നമ്മൾ പരിശ്രമിക്കേണ്ട കാര്യമൊന്നുമില്ല. വിധിക്കപ്പെട്ടൊരു കാര്യമുണ്ട്. അത് മാറ്റപ്പെടാത്ത വിധികളിൽപ്പെട്ടതാണ്. ലാതബ്ദീല ലികലിമാത്തില്ലാഹ് എന്നു പറഞ്ഞതുപോലെ. ഗർഭസ്ഥ ശിശുവിനെ സംബന്ധിച്ചിടത്തോളം മനുഷ്യനാകുക എന്നത് അതിന് നിർബന്ധകാര്യമാണ്. അതുചെറുതാണെങ്കിലും വലുതാണെങ്കിലും വേണ്ടില്ല. എന്തായാലും അത് മനുഷ്യത്വത്തിന്റെ വഴിയിൽ നടക്കും. അത് നഷ്ടപ്പെട്ടുപോയാലും മനുഷ്യത്വത്തിന്റെവഴിയിൽ തന്നെയായിരിക്കും ഉണ്ടാകുക. അതിന് ഒരു വഴി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഒരുമാറ്റത്തിരുത്തലുകളും ഉണ്ടാകുകയില്ല. ഇതേപോലെ അല്ലാഹുവിന്റെ മസീഹിനെ വിശ്വസിക്കുന്നവർ എന്തായാലും വിജയിക്കുമെന്നത് നമുക്കുവേണ്ടി വിധിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. അതിനാൽ നമ്മൾ ജയിക്കുമോ നമ്മുടെ എതിരാളകൾ ജയിക്കുമോ എന്ന പ്രശ്നം ചർച്ചചെയ്യേണ്ട കാര്യമില്ല. വിജയവും ജയിക്കലും നമുക്ക് വിധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

1934-ന്റെ മധ്യത്തിലും പറഞ്ഞു: അഹ്‌റാർ ആകട്ടെ അല്ലെങ്കിൽ മറ്റാരെങ്കിലുമാകട്ടെ അവർ ഒരു കൊതുകിന്റെ അത്രപോലും ശക്തിയുള്ളവരല്ല. ഇക്കൂട്ടർ നമുക്കെതിരിൽ ഒരു ശതമാനമെങ്കിലും വിജയം കരസ്ഥമാക്കുമെന്ന് ആർക്കും പറയാൻ സാധ്യമല്ല. ഇവരെന്നല്ല ഖാദിയാനിലെ എതിരാളികളെല്ലാവരും സംഘടിച്ചാലും ഹിന്ദുക്കളും സിക്കുകാരും അനഹ്‌മദികളും അഹ്‌റാരികളും നമുക്കെതിരെ ഒന്നിച്ച് അണിനിരന്നാലും അതുകഴിഞ്ഞ് അതിന്റെ ചുറ്റുപാടുമുള്ള മറ്റാളുകളേയും സംഘടിപ്പിച്ച് തങ്ങളുടെ ശക്തി വർധിപ്പിച്ചാലും പിന്നീട് രാജ്യം മുഴുവനുമുള്ള ആളുകളെ സഹായത്തിനായി കൂട്ടിയാലും എത്രത്തോളമെന്നാൽ, ഇംഗ്ലീഷുകാരേയും തങ്ങളോടൊപ്പം കൂട്ടിയാലും ഇവരെല്ലാവരുംചേർന്ന് നമുക്കെതിരിൽ ഒരുശതമാനം വിജയം കരസ്ഥമാക്കിയാൽ അവർ സത്യവാന്മാരാണ്. പക്ഷേ, അവർക്ക് വിജയമുണ്ടാകുക അസംഭാവ്യമാണ്.

പിന്നീടുള്ളത് താൽക്കാലികമായ ബുദ്ധിമുട്ടുകളാണ്. അതെന്തായാലും വരികതന്നെ ചെയ്യുമല്ലോ........അവർ ഞങ്ങളെ മർദിക്കട്ടെ! തല്ലട്ടെ! ഞങ്ങളിൽ ചിലരെ കൈഇല്ലാത്തവരും കാലില്ലാത്തവരും ആക്കിക്കൊള്ളട്ടെ! ഇല്ലെങ്കിൽ കൊന്നുകൊള്ളട്ടെ! അതൊന്നും ഞങ്ങൾക്കു പ്രശ്നമല്ല. ഞങ്ങൾക്കുള്ള പ്രശ്നം ഞങ്ങൾ പരാജയപ്പെടരുത് എന്നതാണ്. ശത്രുതന്നെയായിരിക്കും പരാജയപ്പെടുക. ഇത് ഉറപ്പായ കാര്യമാണ്. ഏതുസർക്കാർ എതിരിൽവന്നാലും ഉലമാക്കളും പൊതുജനങ്ങളും സംഘടിച്ചാലും ഞങ്ങൾ വിജയിക്കുമെന്നത് അചഞ്ചലവും ഉറപ്പായതുമായ കാര്യമാണ്. ഞങ്ങൾ മൂലക്കല്ലാണ്. ആരിൽ ഞങ്ങൾ വീണാലും അത് പൊട്ടിത്തകരും. ഞങ്ങളുടെമേൽ വീഴുന്നവരും സുരക്ഷിതരായിരിക്കുകയില്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. പുലരുകതന്നെ ചെയ്യും. (അൽഫള്ൽ 1934 ആഗസ്റ്റ് 5 പേജ് 8 കോളം 1, 2).

---

(പേജ് 10ൽനിന്ന്)
ന്നതുകൊണ്ടാണ്. അവിടത്തെ അസ്തിത്വം അവിടത്തെ സത്യസാക്ഷ്യത്തിനുള്ള തെളിവാണ്. ഇതുമുഖേന നമുക്ക് ഇസ്‌ലാമിന്റെ വിരോധികളുടെമേൽ ന്യായപൂർത്തി വരുത്താൻ കഴിയും. ഇപ്രകാരം നാം ഗയ്ർ മുബാഇയീൻ സ്വഹാബിത്തിന്റെ സന്നിധിയിൽ അപേക്ഷിക്കുകയാണ്, അല്ലാഹു ഹദ്റത്ത് ഫള്ലെഉമർ മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു മഹത്തായ പ്രവചനം പൂർത്തിയാക്കിയിരിക്കുന്നു. അങ്ങനെ അവിടത്തെ സത്യസാക്ഷ്യത്തിന്റെ ഒരു ജലീലുൽഖദ്ർ അടയാളമാണ് വെളിപ്പെടുത്തിയത്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിൽ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്ന നിങ്ങളുടെ നിർബന്ധ കടമയാണ് ഈ അടയാളത്തിന്റെ സത്യസാക്ഷ്യത്തിൽ വിശ്വസിക്കുക എന്നത്. ലോകത്തിനോടു വിളിച്ചുപറയുക, നോക്കു എങ്ങനെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജലീലുൽഖദ്ർ പ്രവചനത്തെ അത്ഭുതകരമായ വർണത്തിൽ പൂർത്തിയാക്കി അവിടത്തെ സത്യസാക്ഷ്യത്തിന്റെ പ്രോജ്ജ്വലമായ തെളിവ് നല്കിയിട്ടുള്ളത്. അതിനുമുമ്പിൽ ഭക്തിയോടും ദൈവഭയത്തോടുംകൂടി ചിന്തിക്കുന്ന ഓരോരുത്തരുടേയും കഴുത്ത് കുനിഞ്ഞുപോകുന്നു. പക്ഷേ, നിങ്ങൾ പിടിവാശിയും പക്ഷപാതവുംകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിന്നിത്തിളങ്ങുന്ന ഈ അടയാളത്തെ നിഷേധിക്കുകയാണെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന നബി(സ)തിരുമേനിയുടെ പ്രവചനം പൂർത്തിയാകുകയും അദ്ദേഹത്തിന്റെ

അസ്തിത്വം നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യത്തിനുമേൽ ഒരു ജലീലുൽഖദ്ർ സാക്ഷ്യമാകുകയും ചെയ്തിട്ടും അനഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിഷേധിച്ചുകൊണ്ട് ആക്ഷേപത്തിന് വിധേയമായോ നിങ്ങളും അല്ലാഹുവിന്റെ മുമ്പിൽ ആക്ഷേപത്തിന് വിധേയരായിരിക്കും.(അൽഫള്ൽ 1944 ഫെബ്രുവരി 20)

(പേജ് 2ൽനിന്ന്)

ന്നു. വാസ്തവത്തിൽ ഞാൻ ഖുർആനിന്റെ അടിസ്ഥാനത്തിൽ ആ അറിവ് വിലയിരുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ എപ്പോഴും ശരിയായ ഫാലത്തിലെത്തിച്ചേരുകയും ചെയ്യുന്നു. ഒരിക്കലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ അഭിപ്രായം മാറ്റിപ്പറയേണ്ടി വന്നിട്ടില്ല.'

(ഖുത്ബാത്തെ മഹ്മൂദ് വാള്യം 13, പേജ് 502)

'അല്ലാഹുവിന്റെ 'അറിയുന്നവൻ'എന്ന സ്വിഫത്ത് അഥവാ സവിശേഷഗുണം ഏതൊരു മഹത്വത്തോടും പ്രതാപത്തോടുംകൂടി എന്നിൽ പ്രകടമായോ അതിന്റെ ഉദാഹരണം എനിക്ക് ഖലീഫമാരിലല്ലാതെ മറ്റെവിടേയും കാണാൻ സാധിച്ചിട്ടില്ല. എന്നെയാണെങ്കിൽ ഇവർ ഇന്നലത്തെ കുട്ടിയാണെന്നും വിഡ്ഢിയാണെന്നും അറിവില്ലാത്തവനാണെന്നും പറഞ്ഞിരുന്നു. എന്നാൽ, ഖിലാഫത്ത് പദവി ഏറ്റെടുത്തതിനുശേഷം അല്ലാഹു വിശുദ്ധ ഖുർആനിന്റെ ജ്ഞാനം എത്രത്തോളം എനിക്കു നല്കിയെന്നാൽ ഖിയാമത്തുന്നാൾ(അന്ത്യനാൾ)വരെ മുസ്ലിം ഉമ്മത്ത് എന്റെ ഗ്രന്ഥങ്ങൾ വായിക്കാനും അതിൽനിന്ന് ഫലമെടുക്കാനും നിർബന്ധിതരായിത്തീർന്നിരിക്കുകയാണ്. അല്ലാഹു ഞാൻ മുഖേന അതിന്റെ സകല വിശദീകരണത്തോടുംകൂടി തുറക്കാത്ത ഏതു ഇസ്ലാമിക കാര്യമാണുള്ളത്? നുബുവ്വത്തിന്റെ കാര്യം, കുഫറിന്റെ കാര്യം, ഖിലാഫത്തിന്റെ കാര്യം, വിധിവിലക്കുകളുടെ കാര്യം, വിശുദ്ധ ഖുർആനിലെ സുപ്രധാനമായ കാര്യങ്ങൾ വെളിപ്പെടുത്തൽ, ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥിതി, ഇസ്ലാമിക രാഷ്ട്രീയങ്ങൾ, ഇസ്ലാമിക സാമൂഹിക ജീവിതം തുടങ്ങി പതിമൂന്ന് നൂറ്റാണ്ടായിട്ട് വിശാലമായ ഒരു വിഷയവും നിലവിലില്ല. അല്ലാഹു എനിക്ക് ഈ സേവനം ചെയ്യാനുള്ള സൗഭാഗ്യം നല്കി. അല്ലാഹു ഞാൻ മുഖേന ഈ വിഷയങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുർആനിന്റെ ജ്ഞാനം ലോകത്തിന് നല്കുകയുണ്ടായി. ഇന്ന് അത് ശത്രുക്കളിലുള്ള സ്നേഹിതന്മാരും കോപ്പിയടിക്കുന്നു. എന്നെ ലക്ഷം തവണ ചീത്ത പറഞ്ഞാലും ലക്ഷംതവണ മോശമായി ചിത്രീകരിച്ചാലും ആരാണോ ഇസ്ലാമികാധ്യാനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുന്നത് ആ വ്യക്തിക്ക് ഞാൻ പറഞ്ഞ കാര്യങ്ങൾ മുതലെടുക്കുന്നതിൽനിന്നും എന്റെ ഔദാര്യത്തിൽനിന്നും പുറത്തുപോകാൻ സാധിക്കുകയില്ല. ലാഹോരിയായാലും മിസ്രിയായാലും അല്ലെങ്കിൽ ആരുടെ മക്കളാണെങ്കിലും അവരെപ്പോഴെങ്കിലും ദീനിന് സേവനം ചെയ്യാനാഗ്രഹിക്കുമ്പോൾ അവരെന്റെ ഗ്രന്ഥം വായിക്കാനും അവയിൽനിന്ന് ഫലമെടുക്കാനും നിർബന്ധിതരായിത്തീരും. എന്നല്ല മറ്റുള്ള പ്രവാചകന്മാരെക്കാളും കൂടുതൽ കാര്യങ്ങൾ ഞാൻ മുഖേന ഒരുമിച്ചുകൂട്ടുകയും കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ചുരുക്കിപ്പറഞ്ഞാൽ ഇവരെന്നെ എന്തു പറഞ്ഞാലും എത്ര അസംഭ്യം പറഞ്ഞാലുംശരി അവരുടെ കോന്തലയിൽ ഖുർആനിന്റെ ജ്ഞാനം വിഴണമെങ്കിൽ അത് എന്നിലൂടെ മാത്രമെ സാധിക്കുകുള്ളു. അല്ലയോ അവിവേകികളേ!നിങ്ങളുടെ സഞ്ചികളിൽ നിറച്ചതെല്ലാം അയാളിൽനിന്നാണല്ലോ എന്നും പിന്നെ നിങ്ങൾ ഏതൊരു വായ കൊണ്ടാണ് അയാളെ എതിർക്കുന്നതെന്നും ലോകം അവരോടു ചോദിക്കാൻ നിർബന്ധിതരായിത്തീരും.'

(ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാള്യം 15, പേജ് 587)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)മുഖേന മുഴു ലോകത്തും ഇസ്ലാമിന്റെ തബ്ലീഗ് നടക്കുകയും മുഴുലോകത്തും ജമാഅത്ത് വ്യാപിക്കുകയും ചെയ്തു. 1944-ൽ അതായത് അദ്ദേഹത്തിന്റെ ഖിലാഫത്തിന് 20 വർഷം ബാക്കി നിൽക്കെ അഹ്മദിയ്യത്ത് എത്രമാത്രം വ്യാപിച്ചിരുന്നുവെന്ന് നോക്കുക. അവിടന്ന് പറയുന്നു:

'ഞാൻ ലോകത്തിന്റെ പല ഭാഗത്തും ഇസ്ലാം -അഹ്മദിയ്യത്ത് വ്യാപിപ്പിക്കുന്നതിന് മിഷൻ സ്ഥാപിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായ നേരത്ത് ഇന്ത്യയിലും അഫ്ഘാനിസ്താനിലെ ചിലസ്ഥലത്തും മാത്രമെ ജമാഅത്ത് സ്ഥാപിതമായിരുന്നുള്ളു. ബാക്കി ഒരു സ്ഥലത്തും അഹ്മദിയ്യ മിഷൻ സ്ഥാപിതമായിരുന്നില്ല. എന്നാൽ, അവൻ ഭൂമിയുടെ കോണുകളോളം കീർത്തി പ്രാപിക്കുംഎന്ന് പ്രവചനത്തിൽ പറഞ്ഞതുപോലെ പല സ്ഥലങ്ങളിലും അഹ്മദിയ്യ മിഷൻ സ്ഥാപിക്കാൻ എനിക്ക് തൗഫീഖ് നല്കി. ആയതിനാൽ ഞാനെന്റെ ഖിലാഫത്തിന്റെ ആരംഭത്തിൽ ഇംഗ്ലണ്ട്, സിലോൺ. മൗറീഷ്യസ് എന്നീ സ്ഥലങ്ങളിൽ അഹ്മദിയ്യ മിഷൻ സ്ഥാപിക്കുകയുണ്ടായി. പിന്നീട് ഈ ജമാഅത്ത് വർധിക്കുകയും വർധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അങ്ങനെ ഇറാനിൽ, റഷ്യയിൽ, ഇറാഖിൽ, ഈജിപ്റ്റിൽ, ശാമിൽ, ഫലസ്തീനിൽ, നൈജീരിയായിലെ ലാഗോസിൽ, ഗോൾഡ്കോസ്റ്റിൽ, സിയറലിയോണിൽ, ഈസ്റ്റ് ആഫ്രിക്കയിൽ, യൂറോപ്പിൽ ഇംഗ്ലണ്ടിനുപുറമെ സ്പെയ്നിൽ, ഇറ്റലിയിൽ, ചെക്കോസ്ലാവാക്യയിൽ, ഹംഗറിയിൽ, പോളണ്ടിൽ, യൂഗോസ്ലാവിയയിൽ, അൽബാനിയയിൽ, ജർമനിയിൽ, യുണയ്റ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്കയിൽ, അർജന്റീനയിൽ, ചൈനയിൽ, ജപ്പാനിൽ, മലായായിൽ, സ്ട്രേറ്റ് സീട്ടൽ മെന്റ്സിൽ, സമാട്രയിൽ, ജാവയിൽ, സുറാബായായിൽ, കാശ്ഗറിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മിഷൻ സ്ഥാപിതമായി. അവരിൽ ചില മുബല്ലിഗുമാർ ശത്രുക്കളുടെ കൈയിൽ തടവറയിലാണ്. ചിലർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ചിലർ രണ്ടാം ലോമഹായുദ്ധം കാരണത്താൽ താൽക്കാലികമായി തടവിലാക്കപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ ലോകത്ത് അഹ്മദിയ്യ ജമാഅത്തിനെ അറിയാത്തതായ ഒരു ജനതയുമില്ല. അഹ്മദിയ്യത്ത് തങ്ങളുടെ രാജ്യത്തേക്ക് പൊങ്ങി വന്നുകൊണ്ടിരിക്കുന്ന വെള്ളപ്പൊക്കമാണെന്ന് അനുഭവിച്ചറിയാത്ത ഒരു ജനതയുമില്ല. ഭരണകൂടങ്ങൾ അതിന്റെ സ്വാധീനം മനസ്സിലാക്കുന്നുണ്ട്. എന്നല്ല ചില ഭരണകൂടങ്ങൾ അതിനെ അടിച്ചമർത്താനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. റഷ്യയിൽ നമ്മുടെ മുബല്ലിഗ് പോയപ്പോൾ അദ്ദേഹത്തെ കഠിനമായി ബുദ്ധിമുട്ടിച്ചു. അദ്ദേഹത്തെ അടിക്കുകയും മർദിക്കുകയും ചെയ്തു. ദീർഘകാലം ജയിലിലിട്ടു. പക്ഷേ, അല്ലാഹുവിന്റെ വാഗ്ദാനമായിരുന്നു അവൻ ഈ ജമാഅത്തിനെ വ്യാപിപ്പിക്കുമെന്നത്! ഞാൻ മുഖേന അതിന് ലോകത്തിന്റെ അറ്റങ്ങൾവരെ പ്രസിദ്ധി നല്കുമെന്ന്! അതുകൊണ്ട് അവൻ തന്റെ ഫള്ലും കറമും കൊണ്ട് ഈ എല്ലാ സ്ഥലങ്ങളിലും അഹ്മദിയ്യത്തിനെ എത്തിച്ചു. എന്നല്ല ചില സ്ഥലങ്ങളിൽ വലിയ വലിയ ജമാഅത്തുകൾ സ്ഥാപിച്ചു'.

(ദഅ്വയെ മുസ്ലിഹ് മൗഊദ് കെ മുത്തഅല്ലിഖ് പുർ ശൗക്കത്ത് ഇഅ്ലാൻ, അൻവാറുൽഉലൂം വാള്യം 17, പേജ് 155)

ഒരു അഹ്മദി ഡോക്ടർ ലത്വീഫ് അഹ്മദ് സാഹിബ് പറയുന്നു: ഒരിക്കൽ ലേബർ പാർട്ടിയുടെ നേതാവ് എന്റെയടുക്കൽ വന്നു. അദ്ദേഹം ലോകം മുഴുവൻ പര്യടനം നടത്തി വന്നതാണ്. അദ്ദേഹം തന്റെ യാത്രാവിവരണം കേൾപ്പിക്കുകയായിരുന്നു: 'ഞാൻ അമേരിക്കൻ പ്രസിഡന്റ് നക്സണിനേയും കണ്ടിരുന്നു. ഇംഗ്ലണ്ട് ഫ്രാൻസ് ജർമനി എന്നീ രാജ്യങ്ങളിലെ നേതാക്കന്മാരുമായും കൂടിക്കാഴ്ച നടത്തിയിരുന്നു. ചോഎൻലായിയേയും കണ്ടു. ഇവരിൽ മാവോസേതുൻഗ് അത്ഭുതകരമായ ബുദ്ധി വൈഭവമുള്ള ആളാണ്. ഇതു പറഞ്ഞതിനുശേഷം അദ്ദേഹം പെട്ടെന്ന് നിശബ്ദനായി. അദ്ദേഹത്തിന്റെ ദൃഷ്ടികൾ മിന്നിമിന്നി ഒരു ഭാഗത്ത് നോക്കുന്നുണ്ടായിരുന്നു. ഞാൻ നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ദൃഷ്ടി ഖലീഫത്തുൽമസീഹ് ഥാനീയുടെ ഫോട്ടോവിൽ പതിഞ്ഞിരിക്കുന്നതാണ് കണ്ടത്. ആദ്യം അദ്ദേഹം എന്റെ വീട്ടിൽ വന്നിട്ട് അത്ര ശ്രദ്ധിച്ചിട്ടുണ്ടാവില്ല. ഞാൻ അദ്ദേഹത്തിന്റെ നിശബ്ദതയ്ക്ക് ഭംഗം വരുത്തിക്കൊണ്ട് എന്താണ് സംഭവിച്ചതെന്ന് ചോദിച്ചു. പറഞ്ഞു: മാവോസെതുൻഗ് മഹത്തായ വ്യക്തിത്വമുള്ളയാളാണെന്നത് സത്യമാണ്. എന്നാൽ, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദുമായി എന്റെ ജീവിതത്തിൽ ഒരുപ്രാവശ്യം മാത്രമെ കൂടിക്കാഴ്ച നടത്തിയിട്ടുള്ളു. അദ്ദേഹത്തെ അവസാന നിമിഷംവരെ മറക്കാൻ സാധിക്കുകയില്ല. ഇത്തരത്തിൽ ബുദ്ധിയുള്ള മനുഷ്യനെ ഭൂമുഖത്ത് കിട്ടുകയില്ല. ഖേദകരമെന്ന് പറയട്ടെ! അത്യപൂർവമായ ആ വ്യക്തിത്വം വളരെ പെട്ടെന്നുതന്നെ നമ്മളിൽനിന്ന് വേർപെട്ടുപോയി.'(സവാനെഹ് ഫള്ലെ ഉമർ, വാള്യം 5, പേജ് 551)

സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:

'ഞാൻ മരണപ്പെട്ടുപോയാലും എന്റെ നാമം ഒരിക്കലും മാഞ്ഞുപോകുകയില്ല. ഇതു അല്ലാഹുവിന്റെ തീരുമാനമാണ്. അത് ആകാശത്തിൽ നടന്നിരിക്കുന്നു. അതായത് അവസാനം കാലംവരെ അവൻ എന്റെ നാമവും എന്റെ പ്രവൃത്തിയും ഭൂമുഖത്ത് നിലനിറുത്തും.'

(ജൽസാസാലാന 1961, സമാപന പ്രഭാഷണം)

*മില്ലത്ത് കെ ഇസ് ഫിദാഇ പർ റഹ്മത്ത് ഖുദാ കരേ(ൻ)*

സമുദായത്തിന്റെ ഈ അനുരക്തനിൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.

വ ആഖിറു ദഅ്വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ

(മൻസ്വൂർ അഹ്മദ് മസ്റൂർ)

**വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാണ്**

*വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു: ''അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് അഭിപ്രായം തേടുമെന്ന് നമ്മൾ തീരുമാനിച്ചാൽ നമുക്ക് തീർച്ചയായും അഭിപ്രായം കിട്ടും. എന്നാൽ, വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാകുകതന്നെ ചെയ്യും. ചിലപ്പോൾ അവൻ ഇവിടെ തന്നെ പിടിക്കപ്പെടും. അതുകൊണ്ട് അല്ലാഹു പറയുന്നു: എന്നോട് സംസാരിക്കുകയും എന്നോടൊപ്പം നടക്കുകയും ചെയ്യുന്ന വലിയ്യ് അതിൽ ലയിച്ചിരിക്കുകയാണ്. ലയനത്തിൽ എത്രകണ്ട് കുറവു വരുന്നുവോ അത്രകണ്ട് അവൻ അല്ലാഹുവിൽനിന്നകലെയാണ്.*

## സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാനിൽ ഡ്രൈവറിന്റെ ഒഴിവ്

**നിബന്ധനകൾ:**(1)ഉദ്യോഗാർഥിയുടെ പ്രായം 18 വയസ്സിന് മുകളിലും 40 വയസ്സിന് താഴെയുമായിരിക്കണം(2)ഉദ്യോഗാർഥി കുറഞ്ഞത് 8-ാം ക്ലാസ്സ് പാസായിരിക്കണം.(3)10 വർഷം വാലീഡുള്ള ഡ്രൈവിംഗ് ലൈസൻസുണ്ടായിരിക്കണം. 10 വർഷത്തെ ഡ്രൈവിംഗ് പരിചയമുണ്ടായിരിക്കണം. പരിചയസമ്പന്നർക്ക് മുൻഗണന നല്കപ്പെടും. (4)തിരഞ്ഞെടുക്കപ്പെടുന്ന ഡ്രൈവർക്ക് ഗ്രേഡ് രണ്ടിന്റെ സമാനമായ അലൗൺസും മറ്റു സൗകര്യങ്ങളും നല്കുന്നതായിരിക്കും. (5)ഉദ്യോഗാർഥി ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക. (6)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്.(7)യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:

NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516

Mob:09682627592, 09682587713, Office:01872501130

Email:diwan@qadian.in

## സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.

**നള്വാറത്തെ തഅ്ലീമിന്റ കീഴിൽ വിദ്യഭ്യാസസ്ഥാപനങ്ങളിൽ അധ്യാപകരെ ആവശ്യമുണ്ട്.**

തഅ്ലീമുൽ ഇസ്ലാം സീനിയർ സെക്കന്ററി സ്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷനിലും കമ്പ്യൂട്ടറിലും കുറച്ച് ഒഴിവുകളുണ്ട്. ജമാഅത്തിനു സേവനം ചെയ്യാൻ താൽപര്യമുള്ളവർക്കും വിദ്യാഭ്യാസയോഗ്യതയുള്ളവർക്കും നിളാറത്ത് ദീവാനിൽനിന്ന് പ്രസിദ്ധീകരിച്ചിട്ടുള്ള ഫാറം വാങ്ങി പൂരിപ്പിച്ച് തങ്ങളുടെ അപേക്ഷകൾ സമർപിക്കാവുന്നതാണ്. ഒഴിവുകളുടെ വിശദീകരണവും നിബന്ധനളും താഴെ ചേർക്കുന്നു:

**Computer Teacher**:

(1)Qualification:BCA/B.Sc(IT/CS/internet Science). B Tech(IT/CS)

(2)അപേക്ഷകർ ഉർദു, ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി ടൈപ്പിംഗ് അറിഞ്ഞിരിക്കണം.

(3)ബന്ധപ്പെട്ട വിഷയത്തിൽ ഗ്രാജ്യുവേഷൻ(BCA/B.Sc, B Tec) 55% മാർക്ക് നേടിയിരിക്കണം. അംഗീകരിക്കപ്പെട്ട സ്ഥാപനത്തിൽനിന്ന് 3 വർഷത്തെ പരിചയമുണ്ടായിരിക്കണം. പോസ്റ്റു ഗ്രാജ്യുവേഷന് മുൻഗണന നല്കപ്പെടുന്നതാണ്.

**Physical Education Teacher:**

(1) B.A with physical Education as an Elective subject/3 year Graduation Course in physical Education and B.P.Ed

(2) 4 Years integrated Course of Bachelor of physical Education from a recognised University

(3)ബന്ധപ്പെട്ട വിഷയത്തിൽ 55% മാർക്കുണ്ടായിരിക്കുകയും അംഗീകൃത സ്ഥാപനത്തിൽനിന്ന് 3 വർഷത്തെ പ്രവർത്തന പരിചയവും ഉണ്ടായിരിക്കണം.

(4)ഉദ്യോഗാർഥിയുടെ പ്രായം 20 വയസ്സിൽ കുറവും 40 വയസ്സിൽ കൂടുതലുമാകരുത്. ഒറ്റപ്പെട്ട അവസ്ഥയിൽ പ്രായപരിധിയിൽ ഇളവു ലഭിക്കാവുന്നതാണ്.

(5)കേന്ദ്ര നിയമന കമ്മിറ്റി ഉദ്യോഗസ്ഥന്മാർ നടത്തുന്ന എഴുത്തുപരീക്ഷയിലും ഇന്റർവ്യൂയിലും വിജയിക്കുകയും നൂർ ഹോസ്പിറ്റലിന്റെ റിപ്പോർട്ടനുസരിച്ച് തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നവർക്കായിരിക്കും സെലക്ഷൻ ലഭിക്കുക.

(6)സെലക്ഷൻ ലഭിച്ചാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസ സൗകര്യം സ്വയം ചെയ്യേണ്ടതാണ്.

(7) ഇന്റർവ്യൂവിന് ഖാദിയാനിൽ വിളിച്ചാൽ യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

(8)ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്.

(9)അപേക്ഷാഫാറം നിളാറത്ത് ദീവാനിൽനിന്നോ അല്ലെങ്കിൽ താഴെ കാണുന്ന അഡ്രസ്സ്/ഈമെയിൽനിന്നോ കരസ്ഥമാക്കാവുന്നതാണ്.

(10)അപേക്ഷകൾ വിദ്യഭ്യാസയോഗ്യതയുടേയും പ്രവർത്തന പരിചയത്തിന്റേയും സർട്ടിഫിക്കറ്റുകളുടെ(Self Attested) കോപ്പികളോടൊപ്പം ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ നിളാറത്ത് ദീവാനിൽ ലഭിച്ചിരിക്കേണ്ടതാണ്.

(11) അലവൻസിനെ സംബന്ധിച്ചും മറ്റുമുള്ള വിവരങ്ങൾ അറിയുന്നതിന് താഴെക്കാണുന്ന ഈമെയിലോലോ ഫോൺനമ്പറിലോ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

## സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ സ്ഥാപനത്തിൽ സേവനം ചെയ്യാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കുക.

**Demonstrator/Teacher Refrigerator & A-c ദാറുസ്സ്വനാഅത്ത് ഖാദിയാൻ**

**നിബന്ധനകൾ:** (1)ഉദ്യോഗാർഥികളുടെ യോഗ്യത Air Conditioning & Refrigeration Engineering-ൽ ഡിഗ്രി/ഡിപ്ലോമ അല്ലെങ്കിൽ സർക്കാറിന്റെ ഏതെങ്കിലും അംഗീകൃത ഡിപ്പാർട്ടുമെന്റിൽനിന്നുള്ള തത്തുല്യമായ യോഗ്യതയുണ്ടായിരിക്കണം. കോഴ്സ് പൂർത്തിയാക്കിയ ശേഷം 6 മാസത്തെ പ്രവർത്തന പരിചയവുമുണ്ടായിരിക്കണം. (2) ഉദ്യോഗാർഥിക്ക് ഉർദു/ഹിന്ദി ഭാഷയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട വിദ്യാർഥികൾക്ക് ക്ലാസെടുക്കാനും നല്ല രീതിയിൽ പ്രാക്ടിക്കൽ ഡമോൺസ്ട്രേഷൻ ചെയ്യാനുള്ള കഴിവുമുണ്ടായിരിക്കണം.(3) ഈ വിളംബരത്തിന് രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളൂ.(4) ഇന്റർവ്യൂ പാസാകുന്ന ഉദ്യോഗാർഥി ഖാദിയാൻ നൂർ ആശുപത്രിയിൽനിന്ന് മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്. നൂർ ആശുപത്രിയുടെ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർഥി സേവനത്തിന് അർഹനാകുക. (5)തിരഞ്ഞെടുക്കപ്പെട്ടാൽ ഉദ്യോഗാർഥി ഖാദിയാനിൽ താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്. താമസത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടെങ്കിൽ പിന്നീട് അതിൽ ഒരു നടപടിയും സ്വീകരിക്കുന്നതല്ല. (9). യാത്രാചെലവുകൾ ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.

ഇന്റർവ്യൂവിന്റെ തിയതി ഉദ്യോഗാർഥിയെ പിന്നീട് അറിയിക്കുന്നതാണ്

കൂടുതൽ വിവരത്തിനു ബന്ധപ്പെടുക:

NAZARATH DEEVAN SADR ANJUMAN AHMADIYYA QADIAN, PIN 143 516

Mob:09682627592, 09682587713, Office:01872501130

Email:diwan@qadian.in

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 15-22 February 2024 Issue-7-8

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

## മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ മഹത്തായ പ്രവചനം

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

*ബി ഇൽഹാമില്ലാഹി തആലാ വ ഇഅ്‌ലാമിഹി അസ്സവജല്ല* റഹീമും കരീമും വലിയവനും അതിശ്രേഷ്ഠനും അവൻ എല്ലാ വസ്തുക്കളുടെമേലും സർവശക്തനാണ്(ജല്ല ശാനുഹൂ വ അസ്സ ഇസ്മുഹൂ)തന്റെ ഇൽഹാമുകൊണ്ട് എന്നെ സംബോധന ചെയ്തു പറഞ്ഞു: ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര(ലുധിയാന, ഹോശിയാർ പൂർ യാത്ര)അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാം മതത്തിന്റെ മേന്മയും ദൈവ വചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും ഞാൻ സർവശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിന് മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദു മുസ്തഫാ(സ)യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനുംവേണ്ടിയത്രെ ഇപ്രകാരം പറഞ്ഞിട്ടുള്ളത്.

അതുകൊണ്ട് നിനക്കു സുവിശേഷമായിരിക്കട്ടെ! പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും. സുന്ദരനായ പരിശുദ്ധ സുതൻ. നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് അൻമവാഇൗൽ എന്നും ബശീർ എന്നുമാണ്. അവന് പാവനമായ ആത്മാവും നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ നൂറുല്ലാഹ്(ദൈവത്തിന്റെ പ്രഭ) ആയിരിക്കും. ആകാശത്തുനിന്ന് വരുന്നവൻ അനുഗൃഹീതൻ. അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യമുള്ളവനുമായിരിക്കും. അവൻ ലോകത്തുവന്ന് തന്റെ മസീഹിഗുണവും റൂഹുൽഹഖ്വിന്റെ (സത്യത്തിന്റെ ആത്മാവ്)അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ്(അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്ത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. (ഇതിന്റെ അർഥം മനസ്സിലായിട്ടില്ല). തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച. വാത്സല്യപുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. മള്ഹറുൽ അവ്വലി വൽആഖിരി-മള്ഹറുൽ ഹഖ്വി വൽ അലാഇ-കഅന്നല്ലാഹ നസല മിനസ്സമാഇ ആദ്യന്തരഹിതനായ അല്ലാഹു പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ അല്ലാഹു തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രതാപശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ അല്ലാഹുവിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകുകയും ചെയ്യും. ഭൂമിയുടെ മുക്കിലും മൂലയിലും അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവനിൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിയ്ക്കുള്ള സ്ഥാനത്തേക്ക് കരേറ്റപ്പെടും. വകാന അംറൻമ്മഖ്ളിയ്യൻ ഇതു വിധിച്ചുപോയ കാര്യമാകുന്നു. (മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 1, പേജ് 100, ഇശ്തിഹാർ 1886 ഫെബ്രുവരി 20)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin